# അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ

# 4-ാം

## ദേശീയസമ്മേളനം അംഗീകരിച്ച രേഖകൾ

305.420954

വില 5.00 രൂപ

16295

DC Library & Research Center

# അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ

## 4-ാം ദേശീയ സമ്മേളനം അംഗീകരിച്ച രേഖകൾ

305.420954

# 1

# സ്ത്രീകളുടെ രാഷ്ട്രീയ പങ്കാളിത്തം

സ്ത്രീകളുടെ രാഷ്ട്രീയ പങ്കാളിത്തം ജനാധിപത്യത്തിൻെറ നടത്തിപ്പിനും ശക്തിപ്പെടുത്തലിനും മാത്രമല്ല അടിച്ചമർത്തലിനെതിരായ പോരാട്ടത്തിനും പ്രധാനമാണ്. സ്ത്രീകളെ താഴ്ത്തിക്കെട്ടുന്നതായ മനോഭാവത്തിനെതിരായ പോരാട്ടത്തിനും അവകാശ സമരങ്ങൾക്കും രാഷ്ട്രീയ ഇച്ഛാശക്തി വളർത്തിയെടുക്കുന്നതനുസരിച്ചായിരിയ്ക്കും അവരുടെ മോചനത്തിൻെറ അളവ്.

പരമ്പരാഗതവും ആധുനികവുമായ പിന്തിരിപ്പൻ ആശയങ്ങളെ നേരിടാൻ സാമൂഹ്യ രാഷ്ട്രീയ പ്രവർത്തനം കൂടിയേ തീരു. കോളനി ഭരണം നിലനിന്നപ്പോഴും സ്ത്രീകളുടെ വിദ്യാഭ്യാസത്തിനുവേണ്ടി, സ്വത്തവകാശത്തിനുവേണ്ടി, ദാമ്പത്യ ജീവിതത്തിൽ തുല്യാവകാശത്തിനു വേണ്ടിയുള്ള പരിഷ്കാരങ്ങൾക്ക് വേണ്ടി, രാഷ്ട്രീയമായി തന്നെയാണ് പ്രവർത്തനം സംഘടിപ്പിച്ചിരുന്നത്. ഭാഗ്യവശാൽ വനിതാ പ്രസ്ഥാനങ്ങളിൽ മിക്കവയും ഇക്കാര്യത്തിൽ സമാനാശയക്കാരാണ്. ഇതിനെതിരായ ആശയങ്ങളെ ചെറുക്കേണ്ടിയിരിയ്ക്കുന്നു.

ഇൻഡ്യൻ സ്ത്രീകൾക്ക് ദീർഘമായ രാഷ്ട്രീയ പ്രവർത്തന പാരമ്പര്യമുണ്ട്. സ്വാതന്ത്ര്യസമരത്തിൽ സ്ത്രീകളുടെ മഹത്തായ പങ്കാണ് അവരെ പാരമ്പര്യത്തിൽ നിന്നും അടിമത്വത്തിൽ നിന്നും കുറച്ചെങ്കിലും രക്ഷപ്പെടുത്തിയതും, രാഷ്ട്രീയരംഗത്ത് പ്രധാനമായ സാമൂഹ്യപരിഷ്കാരങ്ങളും സാമൂഹ്യരീതിയും ഉറപ്പാക്കിയതും. അങ്ങിനെയാണ് സ്വതന്ത്ര ഇൻഡ്യയുടെ ഭരണഘടന സ്ത്രീയ്ക്ക് രാഷ്ട്രീയമായി മാത്രമല്ല തൊഴിൽ, ലിംഗ വിവേചനമില്ലായ്മ എന്നിവ ഭരണഘടനയിൽ ഉറപ്പുവരുത്തി

യത്, സ്ത്രീയുടെ പ്രത്യേകമായ കഴിവുകേടുകൾ തിരുത്തിയത്. സ്വാഭാവികമായും തുല്യ പൗരത്വമെന്ന മൗലികാവകാശം ലഭ്യമാകുമെന്നും തുല്യത കൈവരിയ്ക്കാനാകുമെന്നുമുള്ള പ്രതീക്ഷ നടന്നില്ല. ഭൂരിഭാഗം സ്ത്രീകളും അവരുടെ ജീവിതത്തിൽ ഒരു പുരോഗതിയും അനുഭവിക്കുന്നില്ല.

സ്വാതന്ത്ര്യാനന്തര രാഷ്ട്രീയാന്തരീക്ഷം സ്ത്രീകളെ സജീവ രാഷ്ട്രീയ പ്രവർത്തനത്തിൽ നിന്ന് ഒഴിച്ചുനിർത്തി. ക്ഷേമപ്രവർത്തനങ്ങളിൽ മാത്രം അവരെ ഒതുക്കുകയും സ്ത്രീകൾക്ക് അർത്ഥമില്ലാത്ത ക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കി മുഖ്യധാരയിൽ നിന്ന് ഒഴിച്ചു നിർത്തി. സ്ത്രീകൾക്ക് ഗൃഹഭരണമാണ് കർത്തവ്യമെന്ന പഴഞ്ചൻ ധാരണ തിരിച്ചുകൊണ്ടുവന്നു - ഹിന്ദു കോഡ് ആക്ട്, സ്ത്രീധനവിരുദ്ധ നിയമ നിർമ്മാണം മുതലായ വനിതാ സംരക്ഷണത്തിനും തുല്യതയ്ക്കും വേണ്ടിയുള്ള നിയമനിർമ്മാണങ്ങൾക്ക് വലിയ എതിർപ്പു നേരിടേണ്ടിവന്നു. സ്ത്രീയുടെ പ്രതീക്ഷകൾക്കും യാഥാർത്ഥ്യങ്ങൾക്കും ഇടയ്ക്കുള്ള വിടവ് നികത്താനുള്ള ശ്രമം ഇല്ലാത്തതുകൊണ്ട് ഭരണഘടനാ ഉറപ്പുകൾ നിറവേറ്റാതെ പോയി.

ഭൂരിഭാഗം ജനങ്ങളും ഭയങ്കരമായ ദാരിദ്ര്യത്തിൽ കഴിയുന്ന ഒരു രാജ്യത്ത് സ്ത്രീകളുടെ അവകാശങ്ങൾ, ലൈംഗികചൂഷണം എന്നിവ വർഗ്ഗമേധാവിത്വവുമായി ബന്ധപ്പെട്ടതാണ്. ഗവൺമെൻറ്, പോലീസ്, ഭരണാധികാരികൾ എന്നിവരുടെ അതിക്രമങ്ങളും വർഗീയ വൈരുദ്ധ്യങ്ങളുമായി ബന്ധപ്പെട്ടതാണ്. എല്ലാ നിലവാരത്തിലും സ്ത്രീ പീഡിപ്പിക്കപ്പെടുന്നു. സ്ത്രീകളുടെ പ്രശ്നങ്ങൾ സ്ത്രീകളെ മാത്രം ബാധിക്കുന്നവയല്ല. സ്ത്രീകൾ മാത്രമായി ഒരു സാമൂഹ്യ പരിഷ്കരണം വിജയകരമായി നടത്തുമെന്നും പ്രതീക്ഷിക്കാൻ വയ്യ.

തിരഞ്ഞെടുപ്പു രംഗത്തുള്ള സ്ത്രീകളുടെ നിസ്സാര പങ്കാളിത്തം സ്ത്രീയുടെ താണ പദവിയുടെയും അധികാരമില്ലായ്മയുടേയും സൂചികയാണ്. വോട്ടർമാരെന്ന നിലയ്ക്ക് സ്ത്രീകൾ ഒപ്പത്തിനൊപ്പം നില്ക്കും. സ്ത്രീവോട്ടർമാരുടെ വോട്ട് ശതമാനം കൂടിക്കൊണ്ടിരിക്കുന്നു. പുരുഷ സ്ത്രീ അനുപാത വ്യത്യാസം കുറഞ്ഞുകൊണ്ടിരിയ്ക്കുന്നു. (10% ത്തോളം ഇപ്പോഴും വ്യത്യാസമുണ്ട്) എന്നു മാത്രമല്ല താണ വിദ്യാഭ്യാസ നിലവാരവും കഷ്ടപ്പാടുകളും ഒക്കെയുണ്ടെങ്കിലും പലപ്പോഴും അവർ രാഷ്ട്രീയ ചുറ്റുപാടുകളെ മനസ്സിലാക്കി തന്നെ വോട്ടു രേഖപ്പെടുത്തുന്നുണ്ട്. പക്ഷെ രാഷ്ട്രീയ രംഗത്ത് ഉയർന്ന സ്ഥാനങ്ങളിലെത്തുന്നില്ല. ലോകസഭയിൽ വനിതാ മെമ്പർമാരുടെ ശതമാനം 3.4% ത്തിൽ കൂടുതൽ ഒരിക്കലും ഉയർന്നിട്ടില്ല. രാജ്യസഭയിൽ കുറച്ചുകൂടി ഭേദമാണ്. 11.8% വരെയും എത്തിയിട്ടുണ്ട്. താണ ശതമാനം 6%. 1993ൽ ലോകസഭയിൽ 39 (7.07%) സ്ത്രീ എം.പി മാരും രാജ്യസഭയിൽ 17 (7.3%) എം.പി മാരും ഉണ്ടായിരുന്നു. കരുത്തുള്ള വനിതാ പ്രസ്ഥാനങ്ങളുണ്ടായിട്ടും പാർലമെൻറ് തിരഞ്ഞെടുപ്പുകളിൽ വനിതകളുടെ അതിപ്രധാനങ്ങളായ പ്രശ്നങ്ങൾ പോലും തിരഞ്ഞെടുപ്പു മുദ്രാവാക്യമായി വന്നില്ല. രാഷ്ട്രീയപാർട്ടികളിലും ട്രേഡ് യൂനിയനുകളിലും ഔദ്യോഗികസ്ഥാനങ്ങളിൽ വളരെ കുറച്ചു സ്ത്രീകളെ വരുന്നുള്ളു എന്നതും നിർഭാഗ്യകരമാണ്. രാഷ്ട്രീയ പാർട്ടികൾ സ്ത്രീകളെ സംഘടിപ്പിയ്ക്കാനും ബോധവാന്മാരാക്കാനും മിനക്കെടുന്നില്ലെന്നും അവരുടെ തിരഞ്ഞെടുക്കപ്പെടുവാനുള്ള അവകാശം അവഗണിക്കുന്നു എന്നും പരാതിയുണ്ട്.

രാഷ്ട്രീയ പാർട്ടികൾക്ക് സ്ത്രീകളുടെ വോട്ട് പ്രധാനമാണ്. അവരെ സംഘടിപ്പിയ്ക്കാൻ അവസരവാദപരമായ സമീപനമാണെടുക്കുന്നത്. ഉദാഹരണത്തിന് തമിഴ്നാട്ടിൽ, കല്യാണങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് താലിച്ചങ്ങല കിട്ടുമെന്ന് വാഗ്ദാനം കൊടുത്തു. ആന്ധ്രയിലും കർണ്ണാടകത്തിലും അങ്ങിനെതന്നെ. വർഗീയപാർട്ടികൾ വർഗീയാടിസ്ഥാനത്തിൽ സ്ത്രീകളെ സംഘടിപ്പിക്കുന്നതും ആപൽക്കരം തന്നെ.

വനിതാ പ്രസ്ഥാനങ്ങളുടെ വളരെക്കാലമായിട്ടുള്ള ഒരു മുദ്രാവാക്യം സ്വയം പര്യാപ്തതയോടു കൂടിയ പഞ്ചായത്ത് രാജ്, അവയ്ക്ക് വികസന പ്രവർത്തനങ്ങൾക്കുള്ള സ്വാതന്ത്ര്യവും വിഭവശേഷിയും അതിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുവാൻ സ്ത്രീകൾക്ക് റിസർവേഷൻ എന്നിവയാണ്. ഈ അർത്ഥം വരത്തക്ക ഒരു ശുപാർശ സ്ത്രീകളുടെ പദവിയേപറ്റി അന്വേഷിച്ച കമ്മറ്റിയും നടത്തിയിട്ടുണ്ട്. 1992ലെ 73-ാം ഭരണഘടനാഭേദഗതിയിൽ 33% റിസർവേഷൻ ഏർപ്പെടുത്തിയത് സ്വാഗതാർഹമാണ്. ഇത് സ്ത്രീകൾക്ക് (സമൂഹത്തിനും) ഉയർന്ന രാഷ്ട്രീയബോധവും അധികാരങ്ങളും കിട്ടാൻ അവസരമുണ്ടാക്കുന്നു.

പാർലമെൻറിൽ 73-ാം ഭേദഗതി പാസായതോടെ (1993 ഏപ്രിൽ 24) സംസ്ഥാനങ്ങളും ഇതിനനുസൃണമായി ഭേദഗതികൾ സ്വീകരിച്ചു. 74-ാം മത്തെ ഭേദഗതി വഴി മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഇതേ നിയമം ബാധകമാക്കി. 72 മണിക്കൂറിനകം 11 സംസ്ഥാനങ്ങൾ പാർലമെൻറ് ഭേദഗതി സംസ്ഥാനങ്ങളിലും ബാധകമാക്കി. പക്ഷെ ജമ്മു കാശ്മീർ, മിസോറാം, ഗ്രാമകമ്മിറ്റികൾ എന്നിവയ്ക്ക് ഈ നിയമം ബാധകമല്ല. നാഗാലാൻഡിനും ചില സംസ്ഥാനങ്ങളിലെ പിന്നോക്ക പ്രദേശങ്ങൾക്കും ഇതു ബാധകമല്ല. നമ്മുടെ 17 സംസ്ഥാനങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റികളില്ല. ആന്ധ്രയിലും ബീഹാറിലും തിരഞ്ഞെടുപ്പ് വൈകിയിരിയ്ക്കുന്നു. ചില സംസ്ഥാന നിയമനിർമ്മാണങ്ങൾ ജനാധിപത്യവിരുദ്ധാ സ്ത്രീവിരുദ്ധവും പാവപ്പെട്ടവർക്കെതിരായവയുമാണ്. ഹരിയാനയിൽ 2ലധികം കുട്ടികളുള്ളവർക്ക് തിരഞ്ഞെടുപ്പിനു നില്ക്കാൻ പാടില്ല. തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം മൂന്നാമതൊരു കുട്ടി പിറന്നാൽ സ്ഥാനം നഷ്ടപ്പെടുമെന്ന് ഹരിയാന പഞ്ചായത്ത് വികസനമന്ത്രി പറഞ്ഞു.

രാജസ്ഥാൻ ഗവൺമെൻറും ഇതേ നിയമനിർമ്മാണം നടത്തി. കേന്ദ്രത്തിലെ രണ്ടു നിയമസഭകളും ഇത്തരം ഒരു നിയമനിർമ്മാണം നടത്തി ഇതൊരു അഖിലേന്ത്യാ നിയമമാക്കാനുള്ള ബിൽ കൊണ്ടുവന്നിട്ടുണ്ട്. ഈ നീക്കം ഫലത്തിൽ പാവപ്പെട്ടവരെ പ്രത്യേകിച്ച് സ്ത്രീകളെ രാഷ്ട്രീയ പങ്കാളിത്തത്തിൽ നിന്ന് ഒഴിവാക്കുകയാണെന്നതിനാൽ വനിതാ പ്രസ്ഥാനങ്ങൾ ഈ ഭേദഗതി എതിർത്തിരിയ്ക്കുന്നു. കുടുംബത്തിൻെറ വലുപ്പം, ശിശുമരണങ്ങൾ, ദാരിദ്ര്യം, മോശമായ ആരോഗ്യസംരക്ഷണം എന്നിവയെ ആശ്രയിച്ചിരിയ്ക്കുന്നു. അതുകൊണ്ട് വലിയ കുടുംബം എന്തുകൊണ്ട് എന്നു കണക്കിലെടുക്കാതെ ഇത്തരം നിയമനിർമ്മാണം വിവേചനപരമാണ്. സന്താനോല്പാദനം എത്ര വേണമെന്ന് തീരുമാനിയ്ക്കുന്നത് സ്ത്രീ അല്ലാത്തതിനാലും ആൺകുട്ടികൾ വേണമെന്ന് നിർബന്ധമുള്ളതിനാലും ഇത്തരം നിയമനിർമ്മാണം സ്ത്രീയോടുള്ള വിവേചനമാണ്.

പഞ്ചാബ് പഞ്ചായത്ത് നിയമമനുസരിച്ച് 40% സീറ്റുകൾ മാത്രമാണ് നേരിട്ട് തിരഞ്ഞെടുക്കപ്പെടുന്നത്. ബാക്കി 60% നിലവിലുള്ള സർപഞ്ചുകൾ തീരുമാനിക്കുന്നവരാണ്. അപ്പോൾ 33% റിസർവേഷൻ കിട്ടുന്നത് ആദ്യത്തെ 40%ത്തിൽ മാത്രമാണ്. ഇനി ബാക്കി 60%ത്തിലേയ്ക്ക് നിർദ്ദേശിക്കപ്പെട്ടാലും ഭരണഘടന പ്രകാരമുള്ള രാഷ്ട്രീയാധികാരത്തിലും ജനാധിപത്യത്തിലും കൈകടത്തലാണ് ഈ രീതി.

പശ്ചിമബംഗാൾ, മദ്ധ്യപ്രദേശ്, പഞ്ചാബ്, ത്രിപുര എന്നീ സംസ്ഥാനങ്ങളിൽ മാത്രമാണ് തദ്ദേശസ്വയംഭരണങ്ങളിലെ 3 തലങ്ങളിലേയ്ക്കുമുള്ള തിരഞ്ഞെടുപ്പ് പൂർത്തിയായിട്ടുള്ളത്. അതിൽ എല്ലായിടത്തും സ്ത്രീകളുടെ സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും എല്ലായിടത്തും ഒരേപോലെ പ്രോത്സാഹജനകമല്ല.

പശ്ചിമബംഗാൾ ഗവൺമെൻറ് 73-ാം ഭരണഘടനാ ഭേദഗതി വരുമെന്നറിഞ്ഞപ്പോൾ തന്നെ സംസ്ഥാന നിയമത്തിൽ വേണ്ട ഭേദഗതി വരുത്തി 1993ൽ തിരഞ്ഞെടുപ്പ് നടത്തി. അതിൽ നിയമപരമായ 33% റിസർവേഷനു പകരം 39.3% പ്രാതിനിധ്യം കൊടുത്തു. പണ്ടത്, താഴെ തലത്തിൽ 10 മുതൽ 12 ശതമാനം മാത്രമായിരുന്നു. മറ്റൊരു വിശേഷത തിരഞ്ഞെടുപ്പിൽ സ്ത്രീകളുടെ, സ്ത്രീ എന്ന നിലയ്ക്കും അവശവിഭാഗമെന്ന നിലയ്ക്കും പ്രശ്നങ്ങൾക്ക് പ്രാധാന്യം നല്കി എന്നതാണ്. 28,000 ത്തോളം സ്ത്രീകളാണ് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതെന്നതുകൊണ്ട് സ്ത്രീകളുടെ പരാധീനതകൾ അജണ്ടയിലുണ്ടാവാതെ വയ്യ.

പഞ്ചാബിൽ ഭേദഗതി ചെയ്യപ്പെട്ട നിയമം വെച്ചുകൊണ്ട് 1993ൽ തിരഞ്ഞെടുപ്പു നടന്നെങ്കിലും സ്ത്രീകൾക്കുള്ള റിസർവേഷൻ കണക്കിലെടുത്തില്ല. 55,102 പഞ്ചായത്ത് മെമ്പർമാരിൽ സ്ത്രീകളുടെ സംഖ്യ 9376 (77.22%) മാത്രം. 73-ാം ഭേദഗതിയനുസരിച്ച് മൂന്നിലൊന്ന് സ്ത്രീ പ്രാതിനിധ്യം ഇല്ല എന്നതുകൊണ്ട് കൊ ഓപ്ട് ചെയ്യേണ്ടിവരും. അതിനെപ്പറ്റി വനിതാ സംഘടനകൾക്ക് ആശങ്കയുണ്ട്, വിമർശനമുണ്ട്.

തിരഞ്ഞെടുപ്പുകാലത്തെ മെച്ചപ്പെട്ട സുരക്ഷാസന്നാഹം കാരണം 82% പേർ വോട്ട് ചെയ്തെങ്കിലും രാഷ്ട്രീയ പാർട്ടികളുടെ പ്രചരണ പ്രവർത്തനങ്ങളിൽ സമരോത്സുകതയുണ്ടായിരുന്നു. സ്ത്രീകളുടെ പ്രശ്നങ്ങൾ പിന്തള്ളപ്പെട്ടു. 1994ലാണ് രണ്ടാംവട്ട പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടന്നത്. 3-ാം വട്ട തിരഞ്ഞെടുപ്പിൽ 60% സീറ്റുകൾക്കുള്ള നാമനിർദ്ദേശം ചെയ്യപ്പെടുമ്പോഴും സംവരണം പാലിക്കപ്പെടണമെന്നില്ല. ഇത് സ്ത്രീകളുടെ താല്പര്യത്തിനെതിരായിരിക്കും.

3 ഘട്ടങ്ങളായാണ് മദ്ധ്യപ്രദേശിൽ പഞ്ചായത്ത് തിരഞ്ഞെടുപ്പു നടന്നത്. മെയ് 23, 30, ജൂൺ 7 എന്നീ തീയതികളിൽ. 65% വോട്ടർമാർ വോട്ടു ചെയ്തു. ജനാധിപത്യത്തെ വെല്ലുവിളിച്ചുകൊണ്ട് പഞ്ചായത്ത്, ജില്ലാ, ജനപദ് മെമ്പർമാരിൽ 2.84 ലക്ഷം സ്ഥാനങ്ങൾ മത്സരമില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. മൊത്തം മെമ്പർമാരിൽ 4.84 ലക്ഷം. പട്ടികജാതി, പട്ടികവർഗ്ഗ, വനിത റിസർവേഷനൊന്നും പാലിച്ചില്ല. വിദ്യാഭ്യാസമില്ലാത്ത സ്ത്രീ സ്ഥാനാർത്ഥികളെ ഭീഷണിപ്പെടുത്തി വിരലടയാളം വെപ്പിച്ചും മറ്റുമാണ് ഇത് സാധിച്ചത്. ദുർലഭം സ്ഥാനങ്ങളിൽ ജയിച്ച സ്ത്രീകളെ തോറ്റ പുരുഷന്മാർ മർദ്ദിച്ച കഥകളും ധാരാളമാണ്. തിരഞ്ഞെടുപ്പിനുശേഷം ഉറച്ചുനിന്ന് സ്ഥാനമുറപ്പിച്ച സ്ത്രീകളും ഇല്ലായ്കയില്ല.

ത്രിപുരയിലെ മൂന്നു തലത്തിലേയ്ക്കുമുള്ള തിരഞ്ഞെടുപ്പ് സ്ത്രീകൾക്ക് ആവേശം തരുന്നതായിരുന്നു. താണതലം മുതലുള്ള തിരഞ്ഞെടുപ്പുകളിൽ കിട്ടിയ അവസരവും വിജയവും വനിതാസംഘടനകൾക്ക് ഈ അന്തരീക്ഷം കാത്തുസൂക്ഷിക്കാനുള്ള വെല്ലുവിളികൂടിയായിരുന്നു.

വികസനപ്രവർത്തനങ്ങളിൽ പങ്കാളികളാവാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ സ്ത്രീകൾക്കു കിട്ടിയ അവസരം സംഘടനകളുടെ നേട്ടം തന്നെ. എന്നാൽ പുരുഷമേധാവിത്വവും, ചൂഷണ സമ്പ്രദായവും അതേപോലെ തന്നെ നിലനില്ക്കുന്നതു കാരണം മുതലാളിത്തവർഗവും ഉദ്യോഗമേധാവിത്വവും നിയമനിർമ്മാണങ്ങൾ നടപ്പാക്കുന്നതിന് തടസ്സം നില്ക്കാനുള്ള സാദ്ധ്യത വനിതാ സംഘടനകൾ മനസ്സിലാക്കുന്നു. അതുകൊണ്ട് ജാഗ്രത പുലർത്തേണ്ടതും തക്ക സമയത്ത് ഇടപെടലും അത്യാവശ്യമാണ്.

സ്ത്രീ മെമ്പർമാർക്ക് വേണ്ട പിന്തുണ പുരുഷ മെമ്പർമാർക്ക് സ്ത്രീകളുടെ അവകാശങ്ങളെയും ഉത്തരവാദിത്വങ്ങളേയും പറ്റി ബോധവൽക്കരണം, സ്ത്രീകൾക്ക് ആസൂത്രണം, ആരോഗ്യസംരക്ഷണം എന്നിവയെപ്പറ്റി മാത്രമല്ല ലിംഗ, ജാതി, വർഗ വ്യത്യാസങ്ങളെ പറ്റിയും അറിവ് എന്നിവയെല്ലാം അവരെ പഠിപ്പിക്കുക അത്യാവശ്യമാണ്. വികസനപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും അവരെ സഹായിക്കണം.

പല സംസ്ഥാനങ്ങളിലും പഞ്ചായത്തു തിരഞ്ഞെടുപ്പുകൾ നടക്കാൻ പോകുന്ന ഇക്കാലത്ത് വനിതാ സംഘടനകൾ അണികൾക്ക് അവകാശബോധവും ഉത്തരവാദിത്വബോധവും ഉണ്ടാക്കിക്കൊടുക്കാൻ പരിപാടിയിടണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ളതു പോലുള്ള സംവരണം അസംബ്ളി, പാർലമെൻറ് തിരഞ്ഞെടുപ്പുകളിലും നേടിയെടുക്കേണ്ടതുണ്ട്. തിരഞ്ഞെടുപ്പു വിജയം ലക്ഷ്യമാക്കിയുള്ള രാഷ്ട്രീയ പാർട്ടികളിൽ സജീവമായി രംഗത്തുവരാനും തിരഞ്ഞെടുപ്പിനു നില്ക്കാനും സ്ത്രീകൾ മടിക്കുന്നത് അവരുടെ നിരക്ഷരത, സാമ്പത്തിക പരാധീനത, സമൂഹത്തിൻറ ഇത്തരം സ്ത്രീകളോടുള്ള കാഴ്ചപ്പാട്, ഗവൺമെൻറിൻെറ അവഗണന എന്നിവ കാരണമാണ്.

സ്ത്രീകളെ വികസനപ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനു പകരം വനിതാ ശിശുക്ഷേമ പ്രവർത്തനങ്ങൾ കുറച്ചുകൊണ്ടുവരിക, പൊതുവിതരണ ശൃംഖല ഇല്ലാതാക്കുക എന്നിവ അവരുടെ രാഷ്ട്രീയ ജീവിതത്തെ ബാധിക്കും.

സ്ത്രീകളുടെ രാഷ്ട്രീയ പങ്കാളിത്തം വിശാലമായ സാമൂഹ്യമാറ്റത്തിനാണെന്നു കാണണം. അവർ വിലക്കയറ്റത്തിനെതിരായി, കാടു വെട്ടുന്നതിനെതിരായി, വർഗസമരങ്ങളിൽ എല്ലാം തന്നെ സജീവമായി പങ്കെടുക്കുന്നുണ്ട്.

വനിതാ പ്രസ്ഥാനങ്ങൾ ശക്തിയായി രംഗത്തു വന്നതോടെ നീതിയ്ക്കു വേണ്ടിയുള്ള പോരാട്ടം രാഷ്ട്രീയ പാർട്ടികൾക്ക് അവഗണിയ്ക്കാനാവാത്തതായിട്ടുണ്ട്. പക്ഷെ തിരഞ്ഞെടുപ്പുകാലത്ത് തരുന്ന വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ മിനക്കെടാത്തതു കാരണം വാഗ്ദാനങ്ങൾ വോട്ടു നേടാനുള്ള സൂത്രമായി അവശേഷിക്കുന്നു. ഇതിന് പ്രത്യക്ഷ അപവാദമായി നാം കണ്ടത് ആന്ധ്രയിലെ മദ്യവിരുദ്ധപ്രക്ഷോഭമായിരുന്നു. സ്ത്രീകളുടെ സംയുക്ത സംഘടനകളും ഗ്രാമീണ സ്ത്രീകളും പാവപ്പെട്ട സ്ത്രീ

കളും ഇതിനു മുൻകയ്യെടുത്തു. ഇത് ഗവൺമെൻറ് നയത്തിൽ തന്നെ മാറ്റം വരുത്തി. ഈ നടപടി വലിയ ആദർശത്തിൻെറ പേരിലൊന്നുമായിരുന്നില്ല. ഇത്രയും വലിയ സാമ്പത്തിക ഞെരുക്കത്തിൽ വരുമാനം മുഴുവൻ കുടിച്ചു നശിപ്പിയ്ക്കുന്നതിനെതിരായിരുന്നു. അരിയുടെ വില 2 രൂപയിൽ നിന്ന് 3.50 രൂപയായി - അളവ് 30 കിലോയിൽനിന്ന് 16 ആയി കുറഞ്ഞു. കള്ളിൻെറ വിലയും 2 രൂപയായിരുന്നത് 8 രൂപയായി. പക്ഷെ കള്ളിൻെറ ഉപഭോഗം കുറഞ്ഞില്ല. അരിയുടെ അളവാണ് കുറഞ്ഞത്. സ്ത്രീകളെയും കുട്ടികളെയും മർദ്ദിക്കുന്നത് കൂടി. അങ്ങിനെ സാക്ഷരതാ സമിതി മുൻകൈയ്യെടുത്തപ്പോൾ നെല്ലൂർ ജില്ലയിൽ ഗ്രാമീണ സ്ത്രീകളും കർഷകത്തൊഴിലാളി സ്ത്രീകളും ശക്തിയായി മുന്നോട്ടുവന്നു. ഇതിനെ അരാഷ്ട്രീയമെന്നു പറഞ്ഞ് സർക്കാർ ഒത്തുതീർപ്പിനു ശ്രമിച്ചു. പക്ഷെ ഈ പ്രക്ഷോഭം കുടിയ്ക്കെതിരായി മാത്രമല്ല സർക്കാറിൻെറ കള്ള് ഓക്ഷനും വിതരണത്തിനുമെതിരായിരുന്നു. കള്ളു വ്യവസായവുമായി ഭരണകക്ഷിയിലെ 70 എം.എൽ.എ മാർക്കു പങ്കുണ്ടായിരുന്നു. മന്ത്രിക്ക് രാജിവെയ്ക്കേണ്ടി വന്നു. പ്രക്ഷോഭം അടിച്ചമർത്താൻ എല്ലാ ശ്രമങ്ങളും നടത്തി. പോലീസിൻെറ സഹായത്തോടുകൂടി കള്ളുമുതലാളിമാർ വനിതാ പ്രവർത്തകരെ ആക്രമിക്കുപോലും ചെയ്തു. 7000 സ്ത്രീകളെ കള്ളക്കേസിൽ കുടുക്കി. ഗാന്ധി ജയന്തി ദിവസം (ഒക്ടോബർ 2) കഴിഞ്ഞ കൊല്ലം ഹൈദരാബാദിൽ സ്ത്രീകൾക്കെതിരായി ലാത്തി ചാർജ്ജും അറസ്റ്റും നടന്നു. ഈ സാഹചര്യത്തിൽ തിരഞ്ഞെടുപ്പു നടന്നതുകൊണ്ട് മദ്യ നിരോധനം പ്രശ്നമായി. മദ്യത്തിനെതിരായും വിലക്കയറ്റത്തിനെതിരായും സ്ത്രീകൾ നടത്തിയ പ്രക്ഷോഭത്തിൻെറ ഫലമാണ് തിരഞ്ഞെടുപ്പിൽ പ്രതിഫലിച്ചത്. പുതിയ ഗവൺൻറിന് രണ്ടാവശ്യങ്ങളും അംഗീകരിക്കേണ്ടി വന്നു. ലിംഗ വിവേചനം ഒരു പരിധിവരെ പിന്നോട്ടടിച്ചു.

സ്ത്രീകളെ കമ്മിറ്റികളിൽ കൊ ഓപ്ട് ചെയ്യാനുള്ള ശ്രമം എതിർക്കേണ്ടിയിരിയ്ക്കുന്നു. അത് സ്ത്രീകൾക്ക് തിരഞ്ഞെടുക്കപ്പെടാനുള്ള അവകാശം നിഷേധിക്കലാണ്. വനിതാ സന്നദ്ധ സംഘടനകൾക്ക് ഗവൺമെൻറ് നിബന്ധനകളോടെ നല്കുന്ന ധനസഹായം (സർക്കാർ പദ്ധതികൾ നടപ്പാക്കാൻ) അവരെ രാഷ്ട്രീയത്തിൽ നിന്ന് അകറ്റാനും അവരെ സ്വാധീനിക്കാനും ഉപയോഗിക്കുന്നു. പാശ്ചാത്യ ഏജൻസികളും ഈ അടവ് പ്രയോഗിക്കുന്നു. നേരത്തെ സൂചിപ്പിച്ച നിയമഭേദഗതികളും ജനസംഖ്യാനയവും രാഷ്ട്രീയത്തിൽ സ്ത്രീകൾ വരുന്നതിനെ തടയാനാണ്. രാഷ്ട്രീയപ്രസ്ഥാനങ്ങളിൽ സ്ത്രീകളെ മർദ്ദിക്കുന്നതും അവരെ വീട്ടിലൊതുക്കാനുള്ള ശ്രമത്തിൻെറ ഭാഗമാണ്. രാഷ്ട്രീയത്തിൽ അഴിമതി, കുറ്റകൃത്യങ്ങൾ, വർഗീയത എന്നിവയും രാഷ്ട്രീയത്തിൽ സ്ത്രീ പങ്കാളിത്തത്തെ തടുക്കുന്നു.

തിരഞ്ഞെടുപ്പിലും അതിക്രമങ്ങൾ ഏറിയിട്ടുണ്ട്. കൂടുതൽ അസംതൃപ്തരുള്ള സ്ഥലങ്ങളിൽ ബൂത്ത് കയ്യേറ്റവും കള്ളവോട്ടും ഭീഷണിയും കൊണ്ട് സ്ത്രീകളെ വോട്ടു ചെയ്യിപ്പിക്കുകയും ചിലേടത്ത് വോട്ടു ചെയ്യാതിരിപ്പിക്കുകയും ചെയ്ത സ്ഥാനാർത്ഥി വിജയം നേടുന്നു. സ്ഥാനാർത്ഥികളെ ആക്രമിക്കലും വെടിവെയ്ക്കലും നടക്കുന്നു. ഇതെല്ലാം സ്ത്രീകളുടെ മേൽ കൂടുതൽ നിയന്ത്രണങ്ങൾക്ക് കാരണമാകുന്നു. വനിതാ പ്രസ്ഥാനങ്ങൾ വർദ്ധിച്ചുവരുന്ന ഈ അക്രമ പ്രവണതകളെ എടുത്തുകാട്ടുകയും ചെറുത്തുതോല്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

ഇത്തരം അതിക്രമങ്ങൾ പൊതുവെ ജനാധിപത്യത്തിനു ഭീഷണിയാണെന്നു മാത്രമല്ല സ്ത്രീകളെ സംബന്ധിച്ചിടത്തോളം ലൈംഗിക ചൂഷണത്തിനും കാരണമാകുന്നു. രാഷ്ട്രീയക്കാരും കുറ്റവാളികളും തമ്മിലുള്ള അവിഹിതബന്ധം മാത്രമല്ല ഇന്നുള്ളത്. കുറ്റവാളികൾ രാഷ്ട്രീയക്കാരായും രാഷ്ട്രീയക്കാർ കുറ്റവാളികളായും ഉണ്ടെന്നതാണ് വാസ്തവം. നിർഭാഗ്യവശാൽ ഇത് കൂടിയും വരുന്നു. ജലഗാവ് എന്ന സ്ഥലത്തെ തിരഞ്ഞെടുക്കപ്പെട്ട ഒരു കോർപ്പറേഷൻ മെമ്പർ ചെറുപ്പക്കാരികളെ ലൈംഗികമായി ചൂഷണം ചെയ്തതായും അവരുടെ അശ്ളീല ഫോട്ടോകൾ ഉപയോഗിച്ച് നിശ്ശബ്ദരാക്കിയതും ഉള്ള സംഭവത്തെ "ലൈംഗികാപവാദം" എന്നു പറഞ്ഞ് നിസ്സാരമായി തള്ളി. ചുരുങ്ങിയത് 52 സ്ത്രീകളെങ്കിലും ഇങ്ങിനെ വഞ്ചിക്കപ്പെട്ടിട്ടുണ്ട്. ചിലരെ അറസ്റ്റു ചെയ്തുവെങ്കിലും തെളിവ് ഫോട്ടോകൾ സർക്കാർ ആഫീസിൽ നിന്ന് കാണാതായത്രെ. ഇത് ഒരു ചെറിയ ഉദാഹരണം. ഇത്തരം പല സംഭവങ്ങളും നടക്കുന്നു. ഒരു യുവതിയെ കൂട്ടബലാത്സംഗം ചെയ്തതിന് നേതൃത്വം വഹിച്ച ഒരു സംസ്ഥാന എം.എൽ.എ യുടെ കേസുണ്ട്. സ്ത്രീകൾക്ക് രാഷ്ട്രീയ പങ്കാളിത്വത്തിന് ഇത്ര എതിർപ്പുള്ള ഒരു രാജ്യത്ത് ലൈംഗിക ചൂഷണം പോലുള്ള അതിക്രമങ്ങൾ സ്ത്രീകളെ പിറകോട്ടടിപ്പിയ്ക്കുന്നു.

പൊതുജീവിതത്തിലും രാഷ്ട്രീയത്തിലും വന്ന അധഃപതനം സ്ത്രീകളെയാണ് ബാധിച്ചിരിക്കുന്നത്. സ്ഥാപിത താല്പര്യക്കാർക്കും ഇതാണാവശ്യം. പക്ഷെ സമൂഹത്തിൽ സമൂല പരിവർത്തനത്തിനു ശ്രമിക്കുന്ന പാർട്ടികളുടെയും പേര് ചീത്തയാകുന്നു.

പാർലമെൻറിലേയ്ക്കും അസംബ്ളിയിലേയ്ക്കും തിരഞ്ഞെടുക്കപ്പെടുന്ന വലിയൊരു വിഭാഗം സ്ത്രീകൾ അവരുടെ രാജ്യത്തിനു നല്കിയ സേവനം നോക്കിയല്ല പ്രധാനപ്പെട്ട പുരുഷനേതാക്കളുമായുള്ള അടുപ്പം നോക്കിയാണ് തിരഞ്ഞെടുക്കപ്പെടുന്നത്. സ്വന്തം കഴിവിൽ വരുന്ന വനിതാ പ്രവർത്തകർ തുടർന്നു പ്രവർത്തിക്കാൻ വിഷമിക്കുന്നു.

സർക്കാർ തലത്തിലുള്ള അഴിമതി, പൊതു സ്ഥാപനങ്ങളിലും ക്ഷേമ പ്രവർത്തനങ്ങളിലും സ്ത്രീകളെ നിർവ്വീര്യരാക്കുന്നു. ഭൂരിഭാഗം സ്ത്രീകൾക്കും പണമില്ല. കൈക്കൂലി കൊടുക്കാൻ കഴിവില്ലാത്തപ്പോൾ ലൈംഗിക ചൂഷണത്തിനിരയാകേണ്ടി വരുന്നു.

രാഷ്ട്രീയത്തിൽ വർഗീയത പ്രധാനമാകുമ്പോൾ സ്ത്രീ പുരുഷ തുല്യതയും സാമൂഹ്യ ഭദ്രതയും സാമൂഹ്യ പരിഷ്കാരങ്ങളും പിന്തള്ളപ്പെടുന്നു. മതത്തിൻെറ പൊതു താല്പര്യവുമായി ഇഴുകിച്ചേരാൻ സ്ത്രീകൾ നിർബന്ധിതരാകുന്നു.

വർഗീയ രാഷ്ട്രീയത്തിൻെറ അവിഭാജ്യഘടകമാണ് അതിക്രമങ്ങൾ. എല്ലാതരം അതിക്രമങ്ങളിലും വെച്ച് വർഗീയ അതിക്രമങ്ങളെ നേരിടലാണ് ഏറ്റവും പ്രയാസം. സ്ത്രീകളെ നിശ്ശബ്ദരാക്കാനും പൊതുജീവിതത്തിൽ നിന്ന് അകറ്റിനിർത്താനും പേടി, വെറുപ്പ്, പ്രേരണ, ചതി മുതലായ എല്ലാ അടവുകളും പ്രയോഗിക്കപ്പെടുന്നു.

എല്ലാതരം വർഗീയതയും ഭീഷണിയാണെങ്കിലും ഭൂരിപക്ഷ വർഗീയത സ്ത്രീ

കൾക്കും, രാജ്യത്തിനും, ജനങ്ങൾക്കും കൂടുതൽ ആഘാതമേൽപിക്കുന്നതും അതിക്രമങ്ങൾക്ക് കഴിവുള്ളതുമാകുന്നു.

സംഘപരിവാർ നടപ്പിലാക്കാൻ ശ്രമിക്കുന്ന ഹിന്ദു രാഷ്ട്രം പുരുഷ മേധാവിത്വമുള്ളതും, അക്രമാസക്തവും ആണ്. അവിടെ പാരമ്പര്യത്തിന് സ്ഥാനമില്ല. സ്ത്രീകളെ രാഷ്ട്രീയത്തിൽ നിന്ന് അകറ്റുന്ന ഘടകങ്ങളിൽ പ്രധാനമായവ വർഗീയതയും മതമൗലികവാദവുമാണ്.

# 2

# സ്ത്രീകളും കുടുംബവും

1994 കുടുംബവർഷമായി ആചരിക്കാൻ ഐക്യരാഷ്ട്ര സംഘടന ആഹ്വാനം ചെയ്തിരുന്നു. ഈ മുദ്രാവാക്യത്തെ നാം ഏതുവിധത്തിൽ വീക്ഷിക്കുന്നു? ഐക്യരാഷ്ട്ര സംഘടനയുടെ ധാരണ ഏതുവിധമാണ്?

സമകാലീന കുടുംബത്തെ മനസിലാക്കാൻ ശ്രമുക്കുമ്പോൾ പ്രധാനമായി കുടുംബത്തെ വിലയിരുത്തേണ്ടത് രണ്ടു വിധത്തിലാണ്.

1. കുടുംബം അതിലെ ഓരോ കുടുംബാംഗങ്ങളേയും എങ്ങനെ സ്വാധീനിക്കുന്നു.
2. ചുറ്റുപാടുകൾ കുടുംബത്തെ എങ്ങനെ സ്വാധീനിക്കുന്നു.

ഇൻഡ്യൻ കുടുംബങ്ങൾ നേരിടുന്ന സമകാലീന വെല്ലുവിളികളെ വിശാലാടിസ്ഥാനത്തിൽ താഴെ പറയും വിധം തരം തിരിക്കാം.

1. പിതൃദായക്രമ (പുരുഷാധിപത്യ) കുടുംബങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങൾ
2. ആനുകാലിക സാമൂഹ്യ സാമ്പത്തിക മാറ്റങ്ങൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ

ഇതു രണ്ടും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. പിതൃദായത്വം സാമൂഹ്യ സാമ്പത്തിക വിഭാഗവുമായും കുടുംബം സമൂഹവുമായും ബന്ധപ്പെട്ടതാണ്.

ഇൻഡ്യയിൽ ഏക സ്വഭാവമുള്ള കുടുംബഘടന ഇല്ലെന്നുതന്നെ പറയാം. വിശാലവും സാംസ്കാരികമായി വൈവിധ്യം നിലനില്ക്കുന്നതുമായ നമ്മുടെ രാജ്യത്ത് കുടുംബങ്ങളുടെ ഘടനയിലും സ്വഭാവത്തിലും വൈവിധ്യം കാണാം. ഇത് വർഗ്ഗം, സമുദായം, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ എന്നിവയെ ആശ്രയിച്ചിരിക്കുന്നു. ഇൻഡ്യൻ ഗ്രാമങ്ങളിലെ കുടുംബങ്ങളിലെ മൂലരൂപം കൂട്ടുകുടുംബമാണ്. ഭൂസ്വത്ത് കൈവശമുണ്ടായിരുന്ന വിഭാഗക്കാരുടെ ഇടയിൽ മാത്രമാണ് ഇത് നിലനിന്നിരുന്നത്.

എന്നുവരുകിലും ബ്രിട്ടീഷുകാരുടെ ആഗമനം വരെ ഭൂരിപക്ഷം ജനങ്ങളും ഉപജീവനത്തിന് സ്വയം പര്യാപ്തമായ ഗ്രാമീണ സമ്പത്ത്ഘടനയിൽ കൃഷിയെ ആശ്രയിച്ചാണ് കഴിഞ്ഞിരുന്നത്. അന്ന് സാധാരണയായി നിലനിന്നിരുന്നത് കൂട്ടുകുടുംബമാ

യിരുന്നു. ഇത്തരം കൂട്ടുകുടുംബങ്ങൾ ഉൽപാദനവും ഉപഭോഗവും നടത്തുന്ന ഘടകങ്ങളുമായിരുന്നു. കുടുംബത്തിലെ ഓരോ അംഗവും അവരവരുടെ രീതിയിൽ കുടുംബത്തിലെ ജോലികൾ ചെയ്തിരുന്നു. ഭൂസ്വത്തിൽ നിന്ന് ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് എല്ലാ കുടുംബാംഗങ്ങളുടെയും ചെലവ് നടത്തിയിരുന്നു. ഇത്തരത്തിലുള്ള സാമ്പത്തികഘടന നിലനിന്നിടത്തോളം കാലം ഈ അടിസ്ഥാനത്തിൽ രൂപം കൊണ്ട കുടുംബബന്ധം സ്ഥിരവും അലംഘനീയവുമാണെന്ന് കരുതപ്പെട്ടിരുന്നു.

1981-ലെ സെൻസസ് പ്രകാരം കുറഞ്ഞത് രണ്ടു ദമ്പതിമാരെങ്കിലുമുള്ള കൂട്ടുകുടുംബങ്ങൾ ഏതാണ്ട് 20%ത്തോളം ഇന്ത്യയിലുണ്ട്. ഇത്തരം കുടുംബങ്ങൾ ഗ്രാമങ്ങളിൽ 21%വും പട്ടണങ്ങളിൽ 17%. അഛനും അമ്മയും അവിവാഹിതരായ മക്കളും ഉൾപ്പെടുന്ന ആൺ കുടുംബമാണ് ഏറ്റവും കൂടുതലായി കാണപ്പെട്ടത്. 39%. ഗ്രാമങ്ങളിൽ 38%, പട്ടണങ്ങളിൽ 42%. ഒരാൾ മാത്രമുള്ള വീടുകൾ 6%. കുഞ്ഞുങ്ങളില്ലാത്ത ദമ്പതിമാർ മാത്രമുള്ള കുടുംബം 5%. അഛനൊ അമ്മയൊ മാത്രമുള്ളത് 4½%.

കൂട്ടുകുടുംബത്തിൽ സ്വത്തവകാശം അച്ഛനിൽ നിന്ന് പുത്രനിലേയ്ക്ക്. പ്രധാനമായി ജാതി പരിഗണനയിൽ നഗരവല്ക്കരണം വിദ്യാഭ്യാസത്തിനുള്ള അവസരം വർദ്ധിപ്പിച്ചു. ജോലിയുമായി ബന്ധപ്പെട്ടുള്ള സ്ഥലം മാറ്റം ജീവിതനിലവാരം ഉയർത്തുന്നതിനുള്ള തൃഷ്ണ വർദ്ധിപ്പിച്ചു. മാദ്ധ്യമങ്ങളിലും പരസ്യങ്ങളിലും കൂടി പ്രോത്സാഹിപ്പിക്കപ്പെടുന്ന ഈ തൃഷ്ണയെ പെരുപ്പിക്കുന്നു. കൂട്ടുകുടുംബത്തിലെ വ്യത്യസ്ത വരുമാനമുള്ള വ്യത്യസ്ത വ്യക്തികൾ കൂടുതൽ പിരിമുറുക്കം കുടുംബത്തിൽ സൃഷ്ടിക്കുന്നു. ഇവയും മറ്റനേകം ഘടകങ്ങളും സമ്മർദ്ദങ്ങളും പിരിമുറുക്കങ്ങളും വർദ്ധിപ്പിക്കുകയും കൂട്ടുകുടുംബം വളരെ വേഗം തകർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. വലിയ കുടുംബങ്ങൾക്ക് ആവശ്യമായ താമസസൗകര്യം ലഭിക്കാത്തത് മറ്റൊരു ഘടകമാണ്. ഇന്നും ഇൻഡ്യയിലെ പട്ടണങ്ങളിൽ ഇടത്തരക്കാരുടേയും ഉയർന്ന വിഭാഗത്തിൽപ്പെട്ടവരുടേയും ഇടയിൽ നിലനിൽക്കുന്നത് ചെറിയ കൂട്ടുകുടുംബമാണ്. (മാതാപിതാക്കൾ വിവാഹിതരായ മകനോടും അവിവാഹിതരായ മക്കളോടും, അല്ലെങ്കിൽ വിവാഹിതരായ സഹോദരന്മാരോടും അവരുടെ മക്കളോടും ഒപ്പം കഴിയുന്നു.)

ഇൻഡ്യൻ ഗ്രാമങ്ങളിലെ കുടുംബാംഗങ്ങൾ ജോലി തേടി വീടുവിടാൻ നിർബന്ധിതരാകുന്നുണ്ട്. അപ്പോഴും കൃഷിഭൂമിയിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിന്റെ വിഹിതം പണമായിട്ടോ വിളവായിട്ടോ അവർ പറ്റുന്നുണ്ട്. അതുപോലെ തന്നെ അവരുടെ ജോലിയിൽ നിന്ന് ലഭിക്കുന്ന വേതനത്തിന്റെ വിഹിതം കുടുംബത്തിന് നൽകുന്നുണ്ടെങ്കിലും കുടുംബത്തിനു വേണ്ടിയുള്ള അദ്ധ്വാനത്തിൽ അവർക്ക് പങ്കാളിത്തമില്ല. ജാതി, ബന്ധുത്വം തുടങ്ങിയ ബാദ്ധ്യതകളും, മാതാപിതാക്കളുടെ അധികാരവും ക്രമേണ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു.

ഇൻഡ്യയിലെ കുടുംബങ്ങൾ ഏകീകൃതവും സുസ്ഥിരവുമായിരിക്കുന്നതുകൊണ്ട് സമൂഹത്തിലെ ഏറ്റവും ശക്തവും മാതൃകാപരവുമായ ഘടകമായി പരിഗണിക്കപ്പെടുന്നു. ഇതിനുകാരണം പിതൃദായക്രമത്തിലെ പ്രത്യേകതയാണ്. ഒരു സാമൂഹ്യസ്ഥാപനമെന്ന നിലയിൽ സമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായ രീതിയിലുള്ള നിയമങ്ങളും നിയന്ത്രണങ്ങളും കുടുംബങ്ങളിലുണ്ട്. ഭൂസ്വത്തിന്റെ

അടിസ്ഥാനത്തിൽ സാമ്പത്തികമായി ഉയർന്ന വിഭാഗങ്ങൾ പിതൃദായക്രമം പ്രോത്സാഹിപ്പിച്ചിരുന്നു.

പിതൃദായക്രമത്തിൽ ഉത്തരവാദിത്വവും, നിയന്ത്രണവും കുടുംബസ്വത്ത് കൈകാര്യം ചെയ്യുന്നതുമെല്ലാം കുടുംബത്തിലെ പ്രായമായ പുരുഷനായിരുന്നു. തന്നിമിത്തം അദ്ദേഹത്തെ ആശ്രയിച്ചുകഴിയുന്നവരെ, വിശിഷ്യ സ്ത്രീകളെയും കുട്ടികളെയും സംബന്ധിക്കുന്ന തീരുമാനങ്ങൾ എടുക്കുന്നത് അദ്ദേഹം തന്നെയായിരുന്നു.

നേരെമറിച്ച് ഗോത്രവർഗ്ഗങ്ങളുടെ ഇടയിൽ കുടുംബങ്ങളിൽ പരമ്പരാഗതമായി സ്ത്രീക്കാണ് മുൻതൂക്കം. ഉല്പാദനവും സമ്പത്തും അവളുടെ നിയന്ത്രണത്തിലാണ്. പരിഷ്കൃതവിഭാഗങ്ങളിലെ സ്ത്രീകളെ അപേക്ഷിച്ചു തീരുമാനങ്ങളെടുക്കുന്നതിൽ ഗോത്രവർഗ്ഗ സ്ത്രീക്ക് കൂടുതൽ അവകാശങ്ങളുണ്ട്. അങ്ങനെ സമ്പത്തിനെ ആശ്രയിച്ചാണ് പദവി എന്നു മനസ്സിലാക്കാം.

ആസൂത്രിത വികസനത്തിൻെറ ദശകങ്ങളിൽ ഈ അവസ്ഥയ്ക്ക് ഗണ്യമായ മാറ്റമുണ്ടായി. സാമ്പത്തികാടിസ്ഥാനത്തിൽ വിലയിരുത്തുകയാണെങ്കിൽ ഇത് പുരോഗതിയാണ്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് നിരവധി പരിപാടികൾ ഗവൺമെൻറ് ആരംഭിച്ചിട്ടുണ്ട്. അതുപോലെ തന്നെ സന്നദ്ധ ഏജൻസികളുടെ പ്രവർത്തനവും. എന്നാൽ ഇത് ഗവൺമെൻറു പരിപാടിക്ക് എതിരായി ഭവിച്ചു. എല്ലാ പദ്ധതികളുടേയും പിന്നിൽ അപൂർവ്വമായി മാത്രം നാം ദർശിക്കുന്ന ചില പ്രത്യേകതകളുണ്ട്. അവയിൽ ആദ്യത്തേത് ഗോത്രവർഗ്ഗത്തിന് അന്യാധീനപ്പെട്ട പ്രകൃതിവിഭവങ്ങളാണ്. ഇന്നും അവരുടെ സമ്പത്തിൻേറയും, സംസ്കാരത്തിൻേറയും സാമൂഹ്യ വ്യവസ്ഥയുടേയും, രാഷ്ട്രീയത്തിൻേറയും ഘടനകൾ പ്രകൃതിവിഭവങ്ങളുമായി കെട്ടുപിണഞ്ഞുകിടക്കുകയാണ്. രണ്ടാമതായി സ്ത്രീകളുടെ പദവിയും കുട്ടികളെ വളർത്തുന്നതും സമൃദ്ധമായ പ്രകൃതിവിഭവങ്ങളെ ആശ്രയിച്ചാണ്. പ്രകൃതിവിഭവങ്ങൾ അന്യാധീനപ്പെട്ടത് സാമ്പത്തികാധഃപതനത്തിനു മാത്രമല്ല ഇടവരുത്തിയത്. സാമൂഹ്യമായി പിന്നോട്ടു പോകുന്നതിനും കാരണമായി. മൂന്നാമതായി പ്രകൃതിസത്ത് സമുദായത്തിൻെറ ആസ്തിയാണ്. ഇതൊന്നും മനസ്സിലാക്കാതെയുള്ള പരിപാടികൾ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായാൽപോലും പ്രശ്നപരിഹാരത്തിന് സഹായകമല്ല. സ്ത്രീകളുടെ പദവിയും പ്രകൃതിസമ്പത്തും വീണ്ടെടുക്കുന്നതിന് സമുദായത്തിൻെറ പിന്തുണ ആവശ്യമാണ്.

പ്രധാന ചലനം അടിത്തട്ടിൽ നിന്നാകണം. ആദിവാസി പ്രവർത്തകരുടെ സഹായത്തോടുകൂടി ഇത് ചെയ്യാവുന്നതാണ്. ക്രമേണ മറ്റു വിപുലമായ പ്രവർത്തനങ്ങളുമായി കൂട്ടിച്ചേർത്ത് മുന്നോട്ടു കൊണ്ടുപോകാവുന്നതാണ്. ഇതു രണ്ടും ഇന്ന് നടക്കുന്നുണ്ട്. എന്നാൽ പലപ്പോഴും ഇവ രണ്ടും സ്വതന്ത്ര നിലപാടു സ്വീകരിക്കുകയും, ആവശ്യമുള്ള രീതിയിൽ പ്രവർത്തിക്കാൻ കഴിയാതാകുകയും ചെയ്യുന്നു. നമ്മുടെ പ്രവർത്തനത്തിൻെറ കാര്യക്ഷമത നിശ്ചയിക്കുന്നതിന് ഇടയ്ക്കിടെയുള്ള വിലയിരുത്തൽ ആവശ്യമാണ്. ആദിവാസി സ്ത്രീയും പ്രകൃതിയുമായുള്ള സംയോജനമാണ് ഈ പ്രവർത്തനത്തിലെ പ്രധാന ഒരു ആവശ്യം. ഈ പ്രക്രിയയിൽ തീരുമാനമെടുക്കേണ്ടത് ഒരു ആദിവാസി സ്ത്രീയായിരിക്കണം.

ഇന്ന് ഇൻഡ്യയിൽ കുടുംബജീവിതം പ്രതിസന്ധിയിലാണെന്നുള്ളത് ആരും നിഷേധിക്കുകയില്ല. ഗ്രാമങ്ങളിലേയും പട്ടണങ്ങളിലേയും കുടുംബങ്ങളെ സംബന്ധിച്ച് ഇത് ശരിയാണ്. അതുപോലെതന്നെ സാമ്പത്തികമായും സാമുദായികമായും വ്യത്യസ്ഥനിലയിലുള്ള കുടുംബങ്ങളെ സംബന്ധിച്ചും ഇത് ശരിയാണ്.

ഇതിന് പല കാരണങ്ങളും കാണാൻ കഴിയും. വർദ്ധിച്ചുവരുന്ന വിവാഹബന്ധങ്ങളുടെ തകർച്ച (പിരിഞ്ഞു താമസിക്കുക, വിവാഹ മോചനം) കുടുംബത്തിനുള്ളിൽ തന്നെയുള്ള അതിക്രമം, സ്ത്രീധനമരണം, സ്ത്രീക്കെതിരെയുള്ള മറ്റ് അതിക്രമങ്ങൾ, തലമുറകളുടെ വിടവ്, മാതാപിതാക്കളുടെ അനുവാദമില്ലാത്ത പ്രേമവിവാഹം തുടങ്ങിയവ.

പലരും ഈ പ്രതിസന്ധിക്കു കാരണം സ്ത്രീയാണെന്ന് കുറ്റപ്പെടുത്തുന്നു. സ്ത്രീയുടെ സ്വാതന്ത്ര്യവും സമത്വവും ഉത്ഘോഷിക്കപ്പെടുന്നതാണ് വിവാഹബന്ധങ്ങൾ തകരുന്നതിന് കാരണമായി അവർ കാണുന്നു. അതുപോലെതന്നെ ആധുനിക മരുമകളുടെ സ്വാർത്ഥതയും ധിക്കാരവും കൂട്ടുകുടുംബങ്ങളുടെ തകർച്ചയ്ക്ക് മറ്റൊരു കാരണമായി കാണുന്നു. യുവതികളായ അമ്മമാർ പുറത്തുപോയി ജോലി എടുക്കുന്നതുകാരണം പുതിയ തലമുറയുടെ മേലുള്ള നിയന്ത്രണം നഷ്ടപ്പെടുന്നു.

കാലാനുസൃതമായ മാറ്റങ്ങൾ സ്വീകരിക്കാൻ തയ്യാറാകാത്തതാണ് ഇൻഡ്യയിലെ കുടുംബങ്ങൾ നേരിടുന്ന പ്രതിസന്ധിക്ക് കാരണമെന്ന് മഹിളാ പ്രസ്ഥാനങ്ങൾ വിശ്വസിക്കുന്നു. തുല്യത കൂടുതലായതുകൊണ്ടല്ല, മറിച്ച് കുറഞ്ഞുപോയതാണു കാരണം.

സ്വതന്ത്ര ഇൻഡ്യയിലെ ഭരണഘടന സ്ത്രീയ്ക്കും പുരുഷനും തുല്യ വാഗ്ദാനം ചെയ്യുന്നത് എല്ലാ പൗരന്മാർക്കും ജാതിമതഭാഷകൾക്കതീതമായി തുല്യത വാഗ്ദാനം ചെയ്തിരിക്കുന്നതുപോലെ മാത്രമാണ്. കുടുംബജീവിതത്തെ സ്പർശിക്കുന്ന നിരവധി പ്രധാനപ്പെട്ട നിയമങ്ങൾ ഇൻഡ്യയിലെ ആദ്യത്തെ പാർലമെൻറ് തെരഞ്ഞെടുപ്പിന് (1952) ശേഷം പാസ്സാക്കുകയുണ്ടായി. വിവാഹവും, വിവാഹമോചനവും, ജീവനാംശം, ശൈശവ വിവാഹ നിരോധനം, സ്ത്രീധനനിരോധനം, മകൾക്കും മകനും പിതൃസ്വത്തിലുള്ള തുല്യാവകാശം തുടങ്ങിയവ പിതൃദായ ക്രമ കുടുംബത്തിലെ പ്രധാന ഘടകമായ കുട്ടിയുടെ രക്ഷകർത്താവ് അച്ഛനാണെന്ന അംഗീകാരം, ഭാര്യക്കും ഭർത്താവിനും സ്വത്തിന് മേലുള്ള കൂട്ടായ അവകാശം എന്നിവ പ്രായോഗികമായില്ല.

പാർലമെൻറിൽ നിയമം പാസ്സാക്കാം. എന്നാൽ സമൂഹത്തെകൊണ്ട് അംഗീകരിപ്പിക്കുന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. സ്ത്രീകൾ സ്വതന്ത്രമായി ചിന്തിക്കുന്നതിനും പ്രവർത്തിക്കുന്നതിനും കഴിവുള്ളവരല്ലെന്ന ധാരണ സമൂഹത്തിൽ രൂഢമൂലമാണ്. അതുകൊണ്ട് അവർ ബാല്യത്തിൽ അച്ഛൻെറ സംരക്ഷണയിലും യൗവ്വനത്തിൽ ഭർത്താവിൻെറ സംരക്ഷണത്തിലും വാർദ്ധക്യത്തിൽ പുത്രൻെറ സംരക്ഷണത്തിലും കഴിയേണ്ടവരാണെന്ന് വിധിക്കപ്പെട്ടിരിക്കുന്നു. കുട്ടിക്കാലം മുതൽ തന്നെ ഈ ആശയം ഉൾക്കൊണ്ടാണ് അവൾ വളരുന്നത്. നേഴ്സറിഗാനങ്ങളിലൂടെ, യക്ഷി

ക്ഥകളിലൂടെ, എന്തിനധികം മാതാപിതാക്കളുടെ പക്ഷപാതപരമായ പെരുമാറ്റത്തിലൂടെ, നിർഭാഗ്യമെന്നു പറയട്ടെ സ്കൂൾ പാഠപുസ്തകങ്ങളിലൂടെ ഈ ആശയം രൂഢമൂലമാക്കപ്പെടുന്നു. അങ്ങനെ പിതൃദായക്രമ ഫ്യൂഡൽ കുടുംബത്തിന്റെ അടിസ്ഥാനഘടന (നമ്മുടെ രാജ്യത്തിലെ കുടുംബത്തിന്റെ അടിസ്ഥാന മാതൃക അതാണല്ലോ) കാലങ്ങളിലൂടെ നിലനിൽക്കത്തക്കവിധം തുടരുന്നു.

ഇത്തരം കുടുംബങ്ങളിലെ നിയമം സ്ത്രീ പുരുഷനേയും പ്രായം കുറഞ്ഞവർ പ്രായം കൂടിയവരേയും അനുസരിക്കണമെന്നതാണ്. കുടുംബജീവിതത്തിന്റെ അടിസ്ഥാനം രൂപീകരിക്കപ്പെടുന്നത് പ്രതിഫലം ഇല്ലാത്ത സ്ത്രീയുടെ അദ്ധ്വാനം ചൂഷണം ചെയ്യപ്പെടുന്നതിലൂടെയാണ്.

നമ്മുടെ റ്റി.വി.യും പത്രമാധ്യമങ്ങളും ഫാഷൻ പരേഡിലും മറ്റും ഏറ്റവും വിലപിടിപ്പുള്ള വസ്ത്രങ്ങളാണണിയുന്നതെങ്കിലും അല്പമാത്ര വസ്ത്രധാരികളായ സ്ത്രീകളെ പ്രദർശിപ്പിക്കുമ്പോൾ, നമ്മുടെ ഗ്രാമീണസ്ത്രീകൾ പ്രായമായവരുടെ മുന്നിൽ ബഹുമാനസൂചകമായി മുഖവും തലയും മറച്ച് പ്രത്യക്ഷപ്പെടുന്നു.

സ്വാതന്ത്ര്യം ലഭിച്ച് അരനൂറ്റാണ്ടുകഴിഞ്ഞെങ്കിലും ഇവരിൽ ബഹുഭൂരിപക്ഷവും ഇന്നും നിരക്ഷരരാണ്. വളരെ ചെറുപ്പത്തിൽ വധുവായി ചെന്നു കയറിയ വീട്ടിൽ അവർക്ക് അവകാശമില്ല. അവരുടെ മക്കളുടെ വിദ്യാഭ്യാസം, വിവാഹം തുടങ്ങിയ കാര്യങ്ങളിൽപോലും തീരുമാനമെടുക്കാൻ അവർക്കവകാശമില്ല. അവരുടെ ശരീരത്തിന്റെ ഉപയോഗത്തിലൊ ദുരുപയോഗത്തിലൊ അവർക്ക് അധികാരമില്ല. എത്ര കുഞ്ഞുങ്ങൾ വേണമെന്ന് തീരുമാനമെടുക്കാനുള്ള അവകാശം പോലും അവർക്കില്ല.

നിസ്വാർത്ഥത, ലിംഗവിവേചനം, കുടുംബത്തിൽ സ്ത്രീക്കെതിരെയുള്ള മനുഷ്യാവകാശ ധ്വംസനം, ലിംഗാടിസ്ഥാനത്തിലുള്ള തൊഴിൽ വിഭജനം ഇവയുടെ ഫലമായി കുടുംബത്തിൽ വ്യക്തികളുടെ സംഭാവനയ്ക്ക് നല്കുന്ന അതുല്യമായ മൂല്യം സ്ത്രീകൾ സാമ്പത്തികമായി മറ്റുള്ളവരെ ആശ്രയിക്കുന്നവരായി മാറ്റുന്നു. സ്വത്തിന്മേലുള്ള അമിതമായ നിയന്ത്രണവും, അതുകൊണ്ടുള്ള ഗുണവും, അധികാരത്തിലുള്ള തുല്യത ഇല്ലായ്മയും, മാറ്റമില്ലാത്ത കുടുംബഘടനയും, സ്ത്രീക്ക് അവളുടെ ലൈംഗികത, ഗർഭധാരണം എന്നിവയിലുള്ള നിയന്ത്രണം നിഷേധിക്കപ്പെടുന്നു.

ഈ സംവിധാനത്തിനു വെളിയിലുള്ള സ്ത്രീകളെ മാറ്റിനിർത്തുകയും ഗവൺമെന്റുനയങ്ങളും ഗവൺമെന്റേതര സംഘടനകളുടെ തന്ത്രങ്ങളും അവയ്ക്കെതിരാകുകയും ചെയ്യുന്നു. അവരെ അപഥസഞ്ചാരികളായി കരുതുന്നു. വിവാഹമെന്ന സ്ഥാപനത്തിനും സ്ഥാപനവല്ക്കരിക്കപ്പെട്ട കുടുംബത്തിനും അവർ ഭീഷണിയാണെന്ന് കരുതപ്പെടുന്നു. ഇത്തരക്കാർക്ക് കുടുംബവിഹിതവും നിയമപരമായ സംരക്ഷണവും നിഷേധിക്കപ്പെടുകയും ചെയ്യുന്നു.

ഇന്നും ബഹുഭൂരിപക്ഷം ഇൻഡ്യൻ കുടുംബങ്ങളിലും പെൺകുട്ടികളുടെ ജനനം നിർഭാഗ്യമായും ആൺകുട്ടികളുടെ ജനനം ഭാഗ്യമായും കരുതപ്പെടുന്നു. പെണ്ണിനെ പ്രസവിച്ച അമ്മ അവഹേളനത്തിലും ശകാരത്തിനും പാത്രീഭവിക്കുന്നു. അവളുടെ തെറ്റുകൊണ്ടാണിത് സംഭവിച്ചതെന്ന മട്ടിൽ പെൺകുഞ്ഞുങ്ങളെ കൊല്ലുന്ന പതിവ് ഇന്നും നമ്മുടെ രാജ്യത്ത് പല പ്രദേശങ്ങളിലും നിലവിലുണ്ട്. ശാസ്ത്രീയമാർഗ്ഗത്തി

ലൂടെ ലിംഗനിർണ്ണയം നടത്തി പെൺകുഞ്ഞാണെങ്കിൽ അലസിപ്പിക്കുന്ന രീതി വലിയ പട്ടണങ്ങളിൽ നിന്ന് ചെറിയ പട്ടണങ്ങളിലേക്കു, വ്യാപിച്ചുകൊണ്ടിരിക്കുന്നു.

പെൺകുട്ടികളോട് മാതാപിതാക്കൾക്കുള്ള ഒരേ ഒരു ഉത്തരവാദിത്വം, കഴിയുന്നതും വേഗം ഒരു വരനെ കണ്ടുപിടിച്ച് വിവാഹം കഴിപ്പിക്കുക എന്ന പൊതുവായ ധാരണയാണ് ഇതിനു പിന്നിലുള്ളത്. ഇതിനർത്ഥം വലിയൊരു തുക സ്ത്രീധനമായി കൊടുക്കുകയെന്നാണ്. വരന് ഉയർന്ന ഉദ്യോഗവും, വിദ്യാഭ്യാസവും, വരുമാനവുമുണ്ടെങ്കിൽ ആവശ്യപ്പെടുന്ന സ്ത്രീധനത്തിൻെറ തുകയും ഉയർന്നതായിരിക്കും. അതുകൊണ്ട് പെൺകുട്ടി ജനനം മുതൽ ഒരു ഭാരമായി കരുതപ്പെടുന്നു. ഇന്ന് കൂട്ടുകുടുംബം അതിവേഗം തകർന്നുകൊണ്ടിരിക്കുകയും, വിവാഹിതരായ ആൺമക്കൾ പ്രത്യേകം താമസിക്കുന്നത് താരതമ്യേന ഇഷ്ടപ്പെടുകയും ചെയ്യുന്നതിനാൽ, വാർദ്ധക്യകാലത്ത് മാതാപിതാക്കളെ പുത്രന്മാർ സംരക്ഷിക്കുമെന്ന ധാരണയും തകർന്നുകൊണ്ടിരിക്കുന്നു. വധുവിനു നല്കുന്ന ഒരു ലക്ഷം രൂപവരെയുള്ള സമ്മാനത്തുക നികുതിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ടുള്ള ധനമന്ത്രിയുടെ ബജറ്റിലെ നിർദ്ദേശം ഫലത്തിൽ സ്ത്രീധന തുക ഉയർത്തലാണ്.

നിർദ്ധനകുടുംബത്തിൽ വിദ്യാഭ്യാസത്തിന് ആൺകുട്ടിക്ക് ലഭിക്കുന്ന അവസരം പെൺകുട്ടിക്ക് ലഭിക്കുന്നില്ല. വളരെ ചെറുപ്പം മുതൽ തന്നെ വീട്ടുജോലികളിൽ അമ്മയെ സഹായിക്കേണ്ട ചുമതല ഏറ്റെടുക്കുന്നു. കുഞ്ഞനുജത്തിമാരെയും അനുജന്മാരെയും പരിചരിക്കേണ്ട ജോലിയും അവളുടേതാണ്. അതുപോലെ തന്നെ പോഷകാഹാരങ്ങളിലും ആരോഗ്യസംരക്ഷണത്തിലും തുല്യവിഹിതം അവൾക്കു ലഭിക്കുന്നില്ല. മൊത്തത്തിൽ ആത്മവിശ്വാസമുള്ള യുവതിയായി വളർന്നുവരാനുള്ള എല്ലാ സാഹചര്യവും തടയുന്ന വിധത്തിലാണ് അവൾ വളർത്തപ്പെടുന്നത്. തന്നിമിത്തം അവൾക്ക് സ്ത്രീധനം നല്കാൻ അവളുടെ അച്ഛന് കഴിയാതെവന്നാലും സ്വന്തം ഭാവി കണ്ടുപിടിക്കുന്നതിന് അവൾക്ക് കഴിയുന്നില്ല. പെൺകുട്ടിക്ക് വിദ്യാഭ്യാസം നിഷേധിക്കുന്നത് രാഷ്ട്രത്തിൻെറ വിലപിടിപ്പുള്ള സമ്പത്ത് നഷ്ടപ്പെടുത്തലാണ്.

1979-ലെ യു.എൻ. കൺവെൻഷനിൽ സ്ത്രീക്കെതിരായുള്ള എല്ലാ തരത്തിലുമുള്ള വിവേചനം അവസാനിപ്പിക്കണമെന്നാവശ്യപ്പെടുക മാത്രമല്ല, സ്ത്രീക്കെതിരെയുള്ള വിവേചനം സമൂഹത്തിൻേറയും, കുടുംബത്തിൻേറയും ഐശ്വര്യപൂർണ്ണമായ വളർച്ചയ്ക്ക് തടസ്സം നില്ക്കുന്നുവെന്ന് ആവർത്തിച്ച് പ്രഖ്യാപിക്കുകയും ചെയ്തു. കുടുംബക്ഷേമത്തിനുവേണ്ടി സ്ത്രീ നല്കുന്ന മഹത്തായ സംഭാവന ഐക്യരാഷ്ട്ര സംഘടന വിലയിരുത്തുകയും, കുഞ്ഞുങ്ങളെ വളർത്തുന്ന ചുമതലയിൽ സ്ത്രീയും പുരുഷനും തമ്മിലും സമൂഹം മൊത്തത്തിലും പങ്കുവഹിക്കണമെന്നും ആവശ്യപ്പെടുന്നു. സ്ത്രീക്ക് സമൂഹത്തിലും കുടുംബത്തിലുമുള്ള പരമ്പരാഗതമായ ചുമതലയിലുള്ള മാറ്റം സ്ത്രീ പുരുഷതുല്യതയ്ക്ക് ആവശ്യമാണ്. പിന്നീട് യു.എൻ. 1994 കുടുംബവർഷമായി പ്രഖ്യാപിച്ചു. ലോകമൊട്ടാകെയുള്ള മഹിളാപ്രസ്ഥാനങ്ങളുടെ വിമർശനത്തിന് പാത്രമായി. യു.എൻ. പ്രമാണത്തിലെ കുടുംബത്തെപ്പറ്റിയുള്ള പ്രതിഛായയെ - പരിശീലനത്തിനും ഹിതകരമായ സാമൂഹ്യവല്ക്കരണത്തിനുമുള്ള ഉറവിടമാണ് - അവർ വെല്ലുവിളിക്കുന്നു. ഈ സാമൂഹ്യഘടനയിലെ ശാക്തികബന്ധത്തെ അവർ തുറന്നുകാണിക്കുകയും ഈ “സമാധാനത്തിൻെറ ആലയം”

യഥാർത്ഥത്തിൽ മത്സരം, ആക്രമണം സ്ത്രീക്കും കുട്ടികൾക്കും എതിരായ വഞ്ചനാപരമായ നിന്ദ എന്നിവയുടെ ആസ്ഥാനമാണന്നു മനസ്സിലാക്കണം. അവസാനം ആഗോളസമൂഹം സ്ത്രീകാംക്കെതിരായുള്ള അക്രമത്തിൻെറ വ്യാപ്തി അംഗീകരിക്കാൻ തുടങ്ങി. ഇത്തരത്തിലുള്ള അതിക്രമം മനുഷ്യാവകാശ നിഷേധമാണെന്ന് ഇന്ന് കരുതപ്പെടുന്നു. ഇതിനെതിരെയുള്ള സമ്മതം മനുഷ്യാവകാശപരിപാടിയുടെ ഭാഗമായിട്ടുണ്ട്.

കുടുംബവർഷ പ്രഖ്യാപനത്തിൻെറ പശ്ചാത്തലമാണ് നമ്മുടെ ഉൽകണ്ഠക്ക് കാരണം. ഒരു സ്ഥാപനമെന്ന നിലയിൽ കുടുംബത്തിൻെറ ശിഥിലീകരണത്തിനു കാരണം സമൂഹത്തിന് മൊത്തത്തിലുണ്ടായ ശിഥിലീകരണമാണെന്ന അമേരിക്കൻ യാഥാസ്ഥിക ചിന്താഗതി ഐക്യരാഷ്ട്ര സംഘടനയുടെ പ്രസിദ്ധീകരണങ്ങളിലൂടെ പ്രചരിക്കപ്പെട്ടു. അതുപോലെ തന്നെ പ്രസംഗങ്ങളിലൂടെയും പ്രചാരം ലഭിച്ചുകൊണ്ടിരുന്നു. വളരെ വേഗം മാറിക്കൊണ്ടിരിക്കുന്ന ഒരു സമൂഹത്തിൽ കുടുംബങ്ങാം അവരുടെ കർത്തവ്യങ്ങാം നിരവഹിക്കുന്നതിൽ പരാജയപ്പെടുന്നതും തെറ്റായി കാണുന്നു.

ഇൻഡ്യയിൽ മതാധിഷ്ഠിത സമൂഹത്തിലെ പ്രതിലയ ശക്തികൾ സമാന ആശയങ്ങൾ മതമൗലികതയുടേയും വർഗ്ഗീയതയുടേയും അന്തരീക്ഷത്തിൽ പ്രചരിപ്പിക്കുന്നു. അവ<sup></sup> സ്ത്രീകളുടെ സ്വാതന്ത്ര്യത്തിൽ, വീടിനു പുറത്തുള്ള അവരുടെ ജീവിതത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നു. സ്ത്രീകൾക്കു സ്വാതന്ത്ര്യം നല്കിയാൽ അത് സമൂഹത്തിൻേറയും കുടുംബത്തിൻേറയും ശിഥിലീകരണത്തിന് കാരണമാകുമെന്ന് അവർ മുന്നറിയിപ്പ് നല്കുന്നു. പിതാവിന് ആധിപത്യമുള്ള കുടുംബവും, ലിംഗാടിസ്ഥാനത്തിലുള്ള തൊഴിൽ വിഭജനവും പുനഃസ്ഥാപിക്കാൻ ഇവർ ആഗ്രഹിക്കുന്നു.

ആരോഗ്യസംരക്ഷണം, ശിശുസംരക്ഷണം, കുടുംബക്ഷേമം തുടങ്ങിയ സേവനങ്ങളുടെ ഉത്തരവാദിത്തം കുടുംബങ്ങൾക്കാണെന്ന് യു.എൻ. പ്രമാണത്തിൽ പറയുന്നത് എതിർക്കപ്പെടേണ്ടതാണ്. കുടുംബങ്ങളുടെ സഹജമായ ശക്തിയും, കഴിവും സ്വാശ്രയത്തിലേയ്ക്ക്" എന്ന ആശയം പ്രചരിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ സംരംഭം എന്ന് വിശദീകരിക്കുന്നു. എന്നാൽ ഫലത്തിൽ ഈ ഉദ്യമം ഗവൺമെൻറിൻെറ അതിൻെറ ഉത്തരവാദിത്വത്തിൽ നിന്നും ക്ഷേമപ്രവർത്തനത്തിൽ നിന്നും ഒഴിവാക്കുകയും ചുമതലകൾ കുടുംബത്തിനും വിശാലമായ അർത്ഥത്തിൽ സമൂഹത്തിനും വന്നുചേരുകയും ചെയ്യുന്നു.

വനിതാപ്രസ്ഥാനങ്ങളുടെ സമരഫലമായി ക്രഷുകൾ സ്ഥാപിക്കുക തുടങ്ങിയ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്ക് ഗവൺമെൻറ് തയ്യാറായി. മാനുഷികമൂല്യങ്ങൾക്ക് കൂടുതൽ സ്ഥാനം നല്കുന്ന രീതി ഇന്നത്തെ കുടുംബഘടനയിലുണ്ടാകണമെന്ന് ഈ പ്രസ്ഥാനം അഭ്യർത്ഥിച്ചു. ഇതിൻെറ അടിസ്ഥാനം കുടുംബത്തിലെ പരസ്പരവിശ്വാസത്തിലും സഹൃദയത്വത്തിലുമാണ്. ലിംഗാടിസ്ഥാനത്തിലുള്ള തൊഴിൽവിഭജനവും പുരുഷാധിപത്യവും നിലനില്ക്കുന്ന ഇന്നത്തെ കുടുംബഘടനയിൽ മാറ്റം വരുത്തണം.

അച്ഛനൊ, അല്ലെങ്കിൽ അമ്മയൊ മാത്രമുള്ള കുടുംബങ്ങളും വീട്ടമ്മ നയിക്കുന്ന കുടുംബങ്ങളും പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. "സിംഗിൾ പേരൻറ്" കുടുംബം സാധാരണ സ്ത്രീകളായിരിക്കും നയിക്കുന്നത്. വിധവ, ബന്ധം പിരിഞ്ഞവർ, പിരിഞ്ഞു താമസിക്കുന്നവർ, അവിവാഹിതയായ അമ്മ തുടങ്ങിയവർ. ഈ സ്ത്രീകളുടെ പ്രധാന സമ്പാദ്യം ആധുനിക സാമ്പത്തിക സംവിധാനത്തിൽ ചെയ്യുന്ന ജോലിയിൽ നിന്നു ലഭിക്കുന്ന വരുമാനമാണ്. സംരക്ഷിക്കാൻ കൊച്ചുകുഞ്ഞുങ്ങളുള്ളവരാണെങ്കിൽ അസംഘടിതമേഖലയിൽ അവർ കൂടുതൽ ചൂഷണത്തിനിരയാകുന്നു.

ഏതു സമൂഹത്തിലും സാമൂഹ്യവും കുടുംബപരവുമായ പെരുമാറ്റചട്ടങ്ങൾ നിലവിലുള്ള സാമൂഹ്യസംവിധാനം യഥാർത്ഥമായി നിലനിർത്തത്തക്കവിധത്തിലുള്ളവയായിരിക്കും. ഈ സംവിധാനത്തിൽ ദൂരവ്യാപകമായ മാറ്റം വരണമെങ്കിൽ നവീനാശയങ്ങളും പഴയ ആശയങ്ങളും തമ്മിൽ ഒരു സംഘട്ടനത്തിന് വഴിതെളിക്കത്തക്കവിധത്തിൽ ഒരു സാമൂഹ്യ വിപ്ളവം ആവശ്യമാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ റാം മോഹൻ റോയ്, ഈശ്വർ ചന്ദ്ര വിദ്യാസാഗർ തുടങ്ങിയ ബംഗാളിലെ മഹാന്മാരും മഹാരാഷ്ട്രയിലെ ജ്യോതിഥാ ഫുലേയും ഈ കാലഘട്ടത്തിൽ സാമൂഹ്യ പരിവർത്തനത്തിനുവേണ്ടി പരിശ്രമിച്ച രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള മറ്റു പലരും സ്ത്രീ വിദ്യാഭ്യാസത്തിനും, സതി അവസാനിപ്പിക്കുന്നതിനും, വിധവാവിവാഹം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി പോരാട്ടം നടത്തിയവരാണ്.

നമ്മുടെ സ്വാതന്ത്ര്യസമരത്തിനോടൊപ്പം തന്നെ മഹാത്മാഗാന്ധിയും, അംബേദ്കറും ഓരോരുത്തരുടേയും രീതിയിൽ തൊട്ടുകൂടായ്മയ്ക്കും ജാതിവ്യവസ്ഥയ്ക്കും എതിരെ സമരം ചെയ്തു.

എന്നാൽ ഒരു രാഷ്ട്രീയപാർട്ടിയൊ, സാമൂഹ്യസംഘടനകളൊ, ഇടതുപക്ഷ പാർട്ടികൾ പോലുമൊ സാമൂഹ്യവും സാംസ്കാരികവുമായി ജനങ്ങളെ ബോധവല്ക്കരിച്ച് കുടുംബത്തേയും, കുടുംബത്തിൽ സ്ത്രീകളുടെ സ്ഥാനത്തേയും സംബന്ധിച്ച് മുൻവിധിയോടുകൂടിയ ധാരണ മാറ്റിയെടുക്കാൻ മഹിളാ പ്രസ്ഥാനങ്ങളോടൊത്ത് ഒരു ബഹുജനപ്രചാരണം നടത്തുന്നില്ല. ഐകകണ്ഠേന പാർലമെൻറ് പാസാക്കിയ നിയമങ്ങൾ നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെൻറാ സംസ്ഥാന ഗവൺമെൻറുകളോ രാഷ്ട്രീയ ഇച്ഛാശക്തി പ്രകടിപ്പിക്കുന്നില്ല.

ഈ നിയമങ്ങൾക്ക് സമൂഹത്തിൻെറ അംഗീകാരം ലഭിച്ചില്ലെന്നുള്ളത് ഒരു വസ്തുതയാണ്. ഇത് നട്പിലാക്കേണ്ട പോലീസും നീതിന്യായവകുപ്പും നിലവിലുള്ള സാമൂഹ്യ സംവിധാനത്തിൻെറ സൃഷ്ടികളാണ്. അതിനാൽ പീഡിപ്പിക്കപ്പെടുന്ന സ്ത്രീകൾക്ക് ഈ നിയമങ്ങളുടെ ആനുകൂല്യം ലഭ്യമാകുന്നതിൽ പൂർണ്ണമായി അവർ പരാജയപ്പെട്ടു.

ഓരോ പീഡനകേസിനും എതിരെ ഒരു സന്ദർഭങ്ങളിൽ മാത്രം പൊരുതാതെ കൂടുതൽ വിശാലമായ രീതിയിൽ പോരാട്ടം സംഘടിപ്പിക്കണം. മഹിളാ സംഘടനകൾക്കു മാത്രമായി ഈ സമരത്തിൻെറ ചുമതല വിട്ടുകൊടുക്കുന്നത് ശരിയല്ല.

ദൂരവ്യാപകമായ മാറ്റം സമൂഹത്തിൽ ഉണ്ടാകത്തക്കവിധത്തിൽ സാംസ്കാരികവും സാമൂഹ്യവുമായ ബോധവല്ക്കരണം ജനങ്ങളിൽ ഉണ്ടാക്കേണ്ടിയിരിക്കുന്നു.

അങ്ങനെ കുടുംബത്തിൽ നിലനില്ക്കുന്ന അസമത്വം പിഴുതെറിഞ്ഞ ഇന്നത്തെ ആവശ്യങ്ങൾക്കനുസൃതമായ കുടുംബബന്ധം സ്ഥാപിക്കാൻ കഴിയുന്ന ജനാധിപത്യ കുടുംബങ്ങൾ ഉയർന്നുവരണം. അതിന് എല്ലാ ജനാധിപത്യ പുരോഗമനശക്തികളും സംഘടിപ്പിച്ച് തുടർച്ചയായി സമരം ചെയ്യണം.

### നിർദ്ദേശങ്ങൾ

1. ആരോഗ്യം, തൊഴിൽ, വിദ്യാഭ്യാസം, നിയമം എന്നീ മേഖലകളിൽ സ്ത്രീകളെ സംബന്ധിക്കുന്ന ഗവൺമെൻറുനയം സ്ത്രീകളെ അമ്മമാരും, പുത്രിമാരും, ഭാര്യമാരും ആയി മാത്രം കാണുന്ന രീതിയാണ്. ഈ രീതിയിൽ മാറ്റം വരുത്തണം. അവരുടെ വ്യക്തിപരമായ പ്രത്യേക ആവശ്യങ്ങൾക്ക് പ്രാധാന്യം നല്കണം.
2. കുടുംബനിയമങ്ങളിൽ സ്ത്രീക്കും പുരുഷനും ഒരുപോലെ നീതി ലഭിക്കണം.
3. ഗൃഹനായികമാർ നയിക്കുന്ന കുടുംബങ്ങളിലെ സാമ്പത്തികഭദ്രത ഉറപ്പുവരുത്തുന്നത് ഗവൺമെൻറു പോളിസിയായി അംഗീകരിക്കണം.
4. ഗവൺമെൻേറതര സംഘടനകൾ, വനിതാ ഗ്രൂപ്പുകൾ, സാമൂഹ്യ ഗ്രൂപ്പുകൾ എന്നിവ വ്യത്യസ്ഥമായ ഒരു കുടുംബഘടനയ്ക്ക് വേണ്ടി പ്രവർത്തിക്കണം.
5. പ്രതിഫലം ഇല്ലാത്ത സ്ത്രീയുടെ അദ്ധ്വാനത്തിന് ഇന്ന് സാമൂഹ്യ അംഗീകാരം ഇല്ല. അവർ ചെയ്യുന്ന ജോലിയുടെ അളവ് എന്തുമാത്രമാണെന്ന് വിലയിരുത്തണം.

# 3

# സ്ത്രീകളും നിയമവും

ഇൻഡ്യ സ്വതന്ത്രയാകുന്നതിനു മുൻപുതന്നെ സാമൂഹ്യപരിഷ്കർത്താക്കളും ഭരണാധികാരികളും സാമൂഹ്യപരിഷ്കാരങ്ങൾക്കുവേണ്ടി നിയമനിർമ്മാണത്തെയാണ് കൂടുതലായി ആശ്രയിച്ചിരുന്നത്. ആ കാലത്ത് ശൈശവ വിവാഹം, പെൺ ശിശുഹത്യ, സതി തുടങ്ങിയ സാമൂഹ്യ തിന്മകൾ നിർമ്മാർജ്ജനം ചെയ്യുന്നതിനു വേണ്ടി നിയമനിർമ്മാണം നടത്തിയിരുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷവും, ഭരണഘടന വാഗ്ദാനം ചെയ്തിട്ടുള്ള സാമൂഹ്യ, സാമ്പത്തിക രാഷ്ട്രീയ നീതി എല്ലാവർക്കും ലഭിക്കുന്നതിനും, ലിംഗാടിസ്ഥാനത്തിലുള്ള വിവേചനം നിരോധിക്കുന്നതിനും നിയമനിർമ്മാണത്തെ തന്നെ ആശ്രയിക്കേണ്ടിവന്നു.

നിയമനിർമ്മാണത്തിൻെറ പ്രാധാന്യം അംഗീകരിക്കുന്നതിനോടൊപ്പം സമൂഹത്തിലെ രൂഢമൂലമായ പ്രശ്നങ്ങൾ പരിഹരിക്കാൻ നിയമനിർമ്മാണം കൊണ്ടു മാ

ത്രം കഴിയുകയില്ലെന്ന ശക്തമായ നിലപാടാണ് ഇൻഡ്യയിലെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന നെഹ്രുവിനുണ്ടായിരുന്നത്. പ്രശ്നങ്ങളെ മറ്റു പല രീതിയിലും സമീപിക്കണം. അതിനോടൊപ്പം നിയമപരമായ അംഗീകാരത്തിന് നിയമനിർമ്മാണവും ആവശ്യമാണ്. ഹിന്ദു കുടുംബങ്ങളേയും സ്ത്രീ തൊഴിലാളികളെയും അടിസ്ഥാനമാക്കി നിരവധി നിയമങ്ങൾ പാസ്സാക്കപ്പെട്ടു. പ്രസവാനുകൂല്യ നിയമങ്ങൾ സ്ത്രീ തൊഴിലാളികളെ സംബന്ധിക്കുന്നവയാണ്. ഇത് നിർദ്ദേശതത്വമായി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ കറാച്ചി കോൺഗ്രസിൽ ഇതു മൗലികനിയമമായി കരുതപ്പെട്ടു. 1961-ൽ ഈ നിയമം പാസാക്കപ്പെട്ടു. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഫാക്ടറീസ് ആക്ട്, മൈൻസ് ആക്ട്, പ്ലാൻേറഷൻ ലേബർ ആക്ട് തുടങ്ങിയവ പാസ്സാക്കപ്പെട്ടു. ഈ നിയമങ്ങളിലെല്ലാംതന്നെ സ്ത്രീതൊഴിലാളികൾക്കുവേണ്ടി പ്രത്യേക വകുപ്പുകൾ നിർമ്മിച്ചിരുന്നു. രാത്രിയിലുള്ള ജോലിയും ചില പ്രത്യേക അപകടമേഖലകളിലെ ജോലിയും സ്ത്രീകൾക്ക് നിയമം മൂലം നിരോധിച്ചിട്ടുണ്ട്. 50-ൽ കൂടുതൽ സ്ത്രീ തൊഴിലാളികളുള്ളിടത്ത് ക്രഷ് സൗകര്യങ്ങൾ നല്കണം.

കുടുംബനിയമത്തിൻെറ എല്ലാ വശങ്ങളും ഉൾക്കൊള്ളുന്ന ഒരു നിയമം പാസ്സായതിനാൽ ഹിന്ദു കോഡ് ബില്ല് പാസ്സാക്കപ്പെട്ടില്ല. ഈ നിയമത്തിൽ മാറ്റം വരുത്തണമെന്ന ആവശ്യം ശക്തിയായി ഉയർന്നതിനാൽ നിർഭാഗ്യകരമായ ചില വിട്ടുവീഴ്ചകൾക്ക് വഴങ്ങേണ്ടിവന്നു. അതിൻെറ ഫലമായി പിതൃമേധാവിത്വം തുടരുകയും ഭരണഘടന വാഗ്ദാനം ചെയ്യുന്ന തുല്യത ലഭിക്കാതെ വരുകയും ചെയ്തു. രക്ഷകർതൃനിയമത്തിൽ രക്ഷകർത്താവിൻെറ സ്ഥാനം അച്ഛനിൽ നിക്ഷിപ്തമായിരിക്കുന്നു. അതുപോലെ തന്നെ ദത്തെടുക്കൽ നിയമം ദത്തെടുക്കപ്പെടാത്ത പുത്രിയുടെ അവകാശം അംഗീകരിക്കുന്നു. അവിവാഹിതയായ സ്ത്രീക്ക് ദത്തെടുക്കാനുള്ള അവകാശമുണ്ട്. ഭാര്യക്കും ഭർത്താവിനുള്ള അവകാശം തുല്യമാകുന്നില്ല. ദത്തെടുക്കാനുള്ള അവകാശം ഭർത്താവിന് നല്കുന്നുണ്ടെങ്കിലും ഭാര്യയ്ക്ക് തുല്യാവകാശം നല്കുന്നില്ല.

ജവഹർലാൽ നെഹ്രു ആദ്യകാലങ്ങളിൽ കൂട്ടുകുടുംബം ഒരു ഫ്യൂഡൽ സ്ഥാപനമാണെന്നും അതവസാനിപ്പിക്കേണ്ടതാവശ്യമാണെന്നും പറഞ്ഞിരുന്നു. എന്നാൽ അദ്ദേഹം പാർലമെൻറിൽ യാഥാസ്ഥിതികരുമായി ഒത്തുതീർപ്പിലെത്തുകയും പിൻതുടർച്ചാവകാശ നിയമത്തിൽ കൂട്ടുകുടുംബനിയമം നിലനിർത്തുകയും ചെയ്തു. തൻനിമിത്തം പുത്രനുള്ള തുല്യാവകാശവും പുത്രിക്ക് ലഭിക്കാതെ പോയി. പുത്രനായി ജനിച്ചതുകൊണ്ടു മാത്രം കൂട്ടുകുടുംബത്തിലെ സ്വത്തിനവകാശം അവന് ലഭിച്ചു. ഇതുപോലെ വികലമായ ഒരു നിയമമാണ് താമസിക്കുന്ന വീട്ടിൽ മക്കൾക്കവകാശമില്ലാത്തത്. നിയമപരമായി ബന്ധം വേർപെടുത്തിയവർ, വിധവ, അവിവാഹിത തുടങ്ങിയവർക്ക് വീട്ടിൽ താമസിക്കാനുള്ള അവകാശമുണ്ട്. വിവാഹിതയായ മകൾക്ക് ആ അവകാശംപോലുമില്ല.

ഹൈന്ദവ കുടുംബങ്ങളിലുള്ള സ്ത്രീപുരുഷ സമത്വം മറ്റു സമൂഹങ്ങളിൽ കാണുന്നില്ല. അടുത്തകാലത്ത് പാഴ്സി നിയമത്തിൽ ഭേദഗതി വരുത്തി സ്ത്രീ പുരുഷ സമത്വം നടപ്പിലാക്കി. മറ്റു സമുദായങ്ങളിൽ ഇപ്പോഴും നിലവിലുള്ള നിയമം ഭരണഘടന ഉറപ്പുനല്കുന്ന മൗലീകാവകാശങ്ങൾക്ക് വിരുദ്ധമാണ്. ഇഷ്ടമുള്ള

മതത്തിൽ വിശ്വസിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള അവകാശം (ആർട്ടിക്കിൾ 25) എ. മൗലീകാവകാശം മറ്റ് മൗലീകാവകാശങ്ങളെ പിന്നിലാക്കിയിരിക്കുന്നതായി കരുതേണ്ടിയിരിക്കുന്നു. ഇതിൻെറ ഫലമായി മതാചാരത്തിൻെറ പേരിൽ തക്കതായ കാരണം കൂടാതെ ഏകപക്ഷീയമായി മൊഴി ചൊല്ലാനും ജീവനാംശം നല്കാതിരിക്കാനും കഴിയുന്നു. ഒരു നിശ്ചിത കാലാവധി കഴിയുമ്പോൾ അവളെ സപത്നിയാക്കാനും കഴിയുന്നു. ക്രിസ്ത്യൻ സ്ത്രീകൾക്ക് വിവാഹമോചനം അനുവദിച്ചിട്ടില്ല. ഇത് മൗലീകാവകാശത്തിൻെറ ലംഘനമാണെന്ന് ലോ കമ്മീഷൻ വ്യക്തമാക്കിയിട്ടും ഗവൺമെൻറ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പിതൃമേധാവിത്വത്തിന് സമൂഹത്തിൽ വളരെ സുരക്ഷിതമായ സ്ഥാനം ലഭിച്ചിട്ടുള്ളതിനാൽ മഹിളാ സംഘടനകൾ ഈ വിവേചനം ആവർത്തിച്ച് ഗവൺമെൻറിൻെറ ശ്രദ്ധയിൽപെടുത്തിയിട്ടും ഹൈന്ദവേതര സമുദായങ്ങളുടെ കുടുംബനിയമങ്ങൾ പരിഷ്ക്കരിക്കേണ്ടി വരുമ്പോൾ ഗവൺമെൻറ് ഭയപ്പെടുന്നു.

എൺപതുകളുടെ ആരംഭത്തിൽ വീണ്ടും നിയമനിർമ്മാണത്തെ കൂടുതലായി ആശ്രയിക്കുകയുണ്ടായി. മുൻകാലങ്ങളെ അപേക്ഷിച്ചു മഹിളാ ഗ്രൂപ്പുകളുടെ വിമർശനങ്ങളും മാറ്റത്തിനു വേണ്ടിയുള്ള ആവശ്യങ്ങളും നേരിടത്തക്കവിധം വളരെ വേഗം നിയമങ്ങൾ പാസ്സാക്കി.

## സ്ത്രീകൾക്കെതിരായ ആക്രമണം വനിതാ പ്രസ്ഥാനവും ക്രിമിനൽ നിയമത്തിൽ വരുത്തിയ മാറ്റവും

മഹിളാ പ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായി നിലവിൽ വന്ന നിയമങ്ങളിൽ പ്രാധാന്യം അർഹിക്കുന്നത് ക്രിമിനൽ നിയമങ്ങളാണ്. സ്ത്രീകൾക്കെതിരെ കുടുംബത്തിൽ തന്നെ വളർന്നുവരുന്ന ക്രൂരത ശാരീരിക പീഢനം കൊണ്ടവസാനിക്കുന്നില്ല. പലപ്പോഴും മരണത്തിൽ കലാശിക്കുന്നു. എല്ലാ ദിവസവും ഇത്തരം വാർത്തകൾ നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു. പട്ടണങ്ങളിലെ വിദ്യാസമ്പന്നരായ ഇടത്തരം കുടുംബങ്ങളിൽ പോലും സ്ത്രീകൾക്കെതിരെയുള്ള ക്രൂരത വർദ്ധിച്ചുവരുന്നു. മഹിളാ സംഘടനകൾ പല വഴികളിലൂടെ സ്ത്രീകളുടെ അവകാശങ്ങൾ ഫലപ്രദമായി വിനിയോഗിക്കണമെന്നാവശ്യപ്പെട്ടു.

## മഹിളാ പ്രസ്ഥാനങ്ങളുടെയും പ്രക്ഷോഭങ്ങളുടേയും ആവശ്യങ്ങളുടേയും ഫലമായി നിലവിൽവന്ന നിയമങ്ങൾ

മഹിളാ സംഘടനകൾ വളരെ അധികം പ്രക്ഷോഭങ്ങൾ നടത്തി ദേശീയ ശ്രദ്ധ പിടിച്ചുപറ്റിയ കേസാണ് തുക്കാറാം മഹാരാഷ്ട്ര സംസ്ഥാനം. ഇത് മധുര കേസ് എന്ന് സാധാരണ അറിയപ്പെടുന്നു. 14-നും 15-നും ഇടയ്ക്ക് പ്രായമുള്ള (മെഡിക്കൽ അഭിപ്രായ പ്രകാരം) മധുര എന്ന പെൺകുട്ടിയെ പോലീസ് സ്റ്റേഷനിൽ വിളിച്ചു വരുത്തി തടങ്കലിൽ വച്ചു. ഇവൾ ഒരു ആദിവാസി പെൺകുട്ടിയായിരുന്നു. ഈ പ്രവർത്തി ക്രിമിനൽ പ്രൊസീഡിയറിൻെറ ലംഘനമായിരുന്നു. അവളെ ഹെഡ്കോൺസ്റ്റബിൾ ബലാത്സംഗം ചെയ്തു. കോൺസ്റ്റബിൾ പീഡിപ്പിച്ചു. സെഷൻസ് ജഡ്ജ്

മെഡിക്കൽ റിപ്പോർട്ട് അവിശ്വസിച്ചു. 16 വയസ്സിന് താഴെയാണെന്നതിന് തൃപ്തികരമായ തെളിവില്ലെന്ന് അദ്ദേഹം വാദിച്ചു. നിയമപരമായി ലൈംഗികബന്ധത്തിനുള്ള ഏജ് ഓഫ് കൺസൻറ് 16 വയസ്സാണ്. അവൾ ബലാത്സംഗം ചെയ്യപ്പെട്ടിട്ടില്ലെന്നും അവൾ കളവുപറയുകയാണെന്നും അദ്ദേഹം പ്രഖ്യാപിച്ചു. അവളുടെ സമ്മതം കൂടാതെ ലൈംഗികബന്ധം നടക്കുകയില്ലെന്നും പറഞ്ഞു. നിരപരാധികളാണെന്ന് സെഷൻസ് കോടതി വിട്ടയച്ച പോലീസുകാർ കുറ്റവാളികളാണെന്ന് അപ്പീലിന്മേൽ ഹൈക്കോടതി വിധിച്ചു. സുപ്രീംകോടതിയിൽ അപ്പീലിനുപോയ പോലീസുകാരെ സുപ്രീംകോടതിയും വെറുതെ വിട്ടു. മുറിവുകളൊന്നും കാണാത്തതിനാൽ ലൈംഗികബന്ധം സമാധാനപരമായിരുന്നുവെന്നും സുപ്രീംകോടതി ജഡ്ജി വ്യക്തമാക്കി.

ചെറിയ പെൺകുട്ടികളെ മുൻപും ബലാത്സംഗം ചെയ്തിട്ടുണ്ട്. നീതീകരിക്കാനാകാത്ത വിധം കുറ്റവാളികൾ രക്ഷപ്പെട്ടിട്ടുള്ളതും അസാധാരണമല്ല. മധുര എന്ന ആദിവാസി പെൺകുട്ടിയെ സന്ധ്യയ്ക്ക് പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തുകയും നിയമസംരക്ഷകരെന്ന് കരുതപ്പെടുന്നവർ അവളെ ബലാത്സംഗം ചെയ്യുകയുമുണ്ടായി. അതുകൊണ്ടുതന്നെ പുനർവിചാരണ വേണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടു. കേസിൻെറ വിധിക്കെതിരെയുള്ള പ്രക്ഷോഭവും കേസിൻെറ പുനർവിചാരണ ആവശ്യപ്പെട്ട് സുപ്രീം കോടതിയുടെ മുന്നിലുള്ള പ്രക്ഷോഭവും 19-ാം നൂറ്റാണ്ടിലെ ബലാത്സംഗ നിയമത്തിൽ മാറ്റം വരുത്താൻ ഗവൺമെൻറിനെ പ്രേരിപ്പിച്ചു. പൊതുജനാഭിപ്രായം കണക്കിലെടുത്ത് നിലവിലുള്ള ബലാത്സംഗ നിയമവും റൂൾസ് ഓഫ് എവിഡൻസും ക്രിമിനൽ വിചാരണയിലെ പ്രോസീഡിയറും പഠനവിധേയമാക്കാൻ ലോ കമ്മീഷനോട് ഗവൺമെൻറ് ആവശ്യപ്പെട്ടു.

ഡൽഹി കേന്ദ്രമായി പ്രവർത്തിക്കുന്ന നിരവധി മഹിളാ ഗ്രൂപ്പുകളുമായി ലോ കമ്മീഷൻ ചർച്ച നടത്തി. അവരുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ അന്വേഷണ സമയത്തും വിചാരണയുടെ സമയത്തും ബലാത്സംഗത്തിനിരയായവരെ പീഡിപ്പിക്കരുതെന്ന് ബോധ്യമായി. വിചാരണ കഴിയുന്നതുംവേഗം തീർക്കണമെന്നും പോലീസ് അവരുടെ ചുമതല കൃത്യമായും കാര്യക്ഷമമായും നിർവ്വഹിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടു.

അങ്ങനെ നിയമത്തിൽ കാതലായ മാറ്റം വരുത്തി. പോലീസ് കസ്റ്റഡിയിൽ ബലാത്സംഗം ചെയ്യപ്പെടുന്നത് സാധാരണ ബലാത്സംഗത്തെക്കാൾ നീചമാണെന്നംഗീകരിക്കപ്പെട്ടു. പോലീസ് അധീനതയിൽ വച്ചുള്ള ബലാത്സംഗം, ഗർഭിണിയെ ബലാത്സംഗം ചെയ്യൽ, കൂട്ടബലാത്സംഗം തുടങ്ങിയ എല്ലാ കേസുകളിലും ആക്രമണത്തിനിരയായവരുടെ സമ്മതമില്ലായ്മയെപ്പറ്റി നിയമപരമായി ഒരു പുതിയ അനുമാനം ഉണ്ടായതാണ് ഏറ്റവും പ്രധാന നേട്ടം. ആക്രമണത്തിനിരയായവരുടെ തെളിവിന് പ്രാധാന്യം ഏറി. പോലീസ് കസ്റ്റഡിയിലുള്ള ബലാത്സംഗം നീചമാണെന്ന് ഉൾപ്പെടുത്തിയതുകൊണ്ട് തെളിവു സംബന്ധിച്ച സാധാരണ നിയമം ഇത്തരം കേസുകളിൽ മാറ്റപ്പെട്ടു. എന്നാൽ പോലീസുകാരെ സംബന്ധിച്ച് നിയമത്തിൽ കാര്യമായ വ്യത്യാസം വരുത്തിയില്ല. അടുത്തകാലത്ത് പി.യു.ഡി. ക്കാർ വെളിപ്പെടുത്തിയ റിപ്പോർട്ടിൽ 90-നും 94-നും ഇടയ്ക്ക് ഡൽഹിയിൽ പോലീസ് കസ്റ്റഡിയിൽ 12 ബലാത്സംഗങ്ങളും 88നും 90നും ഇടയ്ക്ക് 14ഉം നടന്നതായി കാണപ്പെടുന്നു. പുരുഷ

മേധാവിത്വം രൂഢമൂലമായ സമൂഹത്തിൽ ഭർത്താവ് ബലാത്സംഗം ചെയ്യുന്നത് കുറ്റകരമല്ല. "ചൈൽഡ് മേര്യേജ് റെസ്ട്രെയിൻറ് ആക്ടി"ൽ മാറ്റം വരുത്തിക്കൊണ്ട് പെൺകുട്ടികളുടെ വിവാഹപ്രായം 18 വയസായി ഉയർത്തി. പഴയ നിയമപ്രകാരം ലൈംഗികവേഴ്ചയ്ക്ക് സമ്മതം നൽകുന്ന പ്രായം 16 എന്നുള്ളത് സ്ഥിരീകരിക്കപ്പെട്ടു. ഭാര്യയെ സംബന്ധിച്ച് 15ഉം. ഭാര്യയ്ക്ക് 15-ൽ കൂടുതൽ വയസ്സുണ്ടെങ്കിൽ ഭർത്താവ് ഭാര്യയെ ബലാത്സംഗം ചെയ്യുന്നത് കുറ്റകരമല്ലെന്ന് തീരുമാനിക്കപ്പെട്ടു. ഈ വകുപ്പിൽ മാറ്റം വരുത്തണമെന്നാണ് മഹിളാ പ്രവർത്തകരുടെ ഇപ്പോഴത്തെ ആവശ്യം. ഭാര്യയ്ക്ക് 18 വയസ്സിൽ കുറവായാലും കൂടുതലായാലും അവളുടെ സമ്മതമില്ലാതെ ഭർത്താവു നടത്തുന്ന ലൈംഗിക വേഴ്ച ബലാത്സംഗം തന്നെയാണ്.

ലോ കമ്മീഷൻെറ പല നല്ല നിർദ്ദേശങ്ങളും ഗവൺമെൻറ് അംഗീകരിചില്ല. അതുപോലെ തന്നെ മഹിളാ സംഘടനകളുടെ അഭിപ്രായങ്ങളും തള്ളിക്കളഞ്ഞു. ലോകസഭയിൽ റിപ്പോർട്ടുചെയ്ത കണക്കനുസരിച്ച് 1986-ൽ 7321 ഉം 1987-ൽ 7755ഉം 1988-ൽ 8342 ഉം ബലാത്സംഗങ്ങൾ രാജ്യത്ത് നടന്നതായി കാണപ്പെടുന്നു. നിയമത്തിൽ മാറ്റം വരുത്തി 10 കൊല്ലം കഴിഞ്ഞിട്ടും കാര്യമായ മാറ്റമുണ്ടായിട്ടില്ല. അതിനു കാരണം പലതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ടു സാധാരണ പോലീസുകാർക്ക് ബോധവൽക്കരണം നൽകുന്നതിൽ പരാജയപ്പെട്ടു. ബലാത്സംഗത്തിനു ഇരയായ സ്ത്രീ തന്നെ പോലീസ് സ്റ്റേഷനിൽ പോകേണ്ടിയിരിക്കുന്നു. കേസുമായി ബന്ധപ്പെട്ടും.

അടുത്തകാലത്ത് ഡൽഹി പോലീസിനെപ്പറ്റി സെഷൻസ് ജഡ്ജി നടത്തിയ ഗൗരവമായ വിമർശനം ശ്രദ്ധേയമാണ്. വിവാഹിതയായ 18 വയസ്സുള്ള ഒരു യുവതി ബലാത്സംഗം ചെയ്യപ്പെട്ട കേസിലാണ് ഈ പരാമർശമുണ്ടായത്. "പോലീസിൻെറ ഉദാസീനതയും താല്പര്യമില്ലായ്മയും നിമിത്തം ഏറ്റവും നീചകൃത്യമായ കൂട്ടബലാത്സംഗം നടത്തിയ കുറ്റവാളികൾ രക്ഷപ്പെട്ടത് നിർഭാഗ്യകരമാണ്. കോടതിയിൽ സാക്ഷികളെ ഹാജരാക്കുന്ന ഉത്തരവാദിത്തം അന്വേഷണ ഉദ്യോഗസ്ഥന്മാർക്കില്ലാത്തിടത്തോളം കാലം ഈ ദുസ്ഥിതി തുടരുക തന്നെ ചെയ്യും. ഈ പരിതസ്ഥിതി കണക്കിലെടുത്ത് ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്മാർ വേണ്ടതുചെയ്യുമെന്ന് അദ്ദേഹം പ്രത്യാശപ്രകടിപ്പിച്ചു.

ഇത്തരത്തിലുള്ള മറ്റൊരു കേസ് തടങ്കലിൽ വച്ച് ഒരു യുവതിയെ 4 പോലീസുകാർ കൂട്ട ബലാത്സംഗം നടത്തിയതാണ്. ഈ കേസിലും കുറ്റവാളികൾ രക്ഷപ്പെടുകയാണ് ഉണ്ടായത്. കേസിൻെറ ആദ്യപടിയായ റിപ്പോർട്ടിംഗും, രജിസ്ട്രേഷനും നടത്താൻ കഴിഞ്ഞില്ലെങ്കിൽ കേസ് മുന്നോട്ടുകൊണ്ടുപോകാൻ ബുദ്ധിമുട്ടാണ്.

"ബോഗിൻ ബായ് ഹിരജിബായ് വി ഗുജറാത്ത് സംസ്ഥാനം" കേസിൽ, ബലാത്സംഗത്തിനിരയായ സ്ത്രീയുടെ തെളിവിൻെറ അടിസ്ഥാനത്തിൽ പ്രവർത്തിക്കാതെ കൂടുതൽ സ്ഥിരീകരണം ആവശ്യപ്പെടുന്നത് അവരെ അപമാനിക്കലാണ്.

എന്തുകൊണ്ട് ബലാത്സംഗം ചെയ്യപ്പെട്ടു എന്നു പരാതിപ്പെടുന്ന സ്ത്രീ നൽകുന്ന തെളിവുകൾ സംശയദൃഷ്ടിയോടെ വീക്ഷിക്കപ്പെടുന്നു. പുരുഷമേധാവിത്വം നിലനിൽക്കുന്ന സമൂഹത്തിൽ പുരുഷനെ ന്യായീകരിക്കലാണിത്.

ബലാത്സംഗകേസിൽ വിധി പ്രസ്താവിക്കുമ്പോൾ ജഡ്ജിൻെറ മനോഭാവം എന്ത്? ജോലി നഷ്ടപ്പെട്ട കുറ്റവാളിയോട് കോടതിയ്ക്ക് സഹതാപം. ഏഴുവർഷം മുൻപ് നടന്ന സംഭവമാണ് "സമൂഹത്തിൽ അവൻ അപമാനിതനാകും". മകളുടെ രണ്ട് കൂട്ടുകാരികളെ ലൈംഗീകമായി പീഡിപ്പിച്ച കേസിലെ പ്രതിയുടെ കഷ്ടസ്ഥിതിയിൽ കോടതിയ്ക്ക് അലിവുതോന്നി. ഏറ്റവും നീചമായ കൃത്യം ചെയ്ത പ്രതിക്ക് വെറും 15 മാസത്തെ തടവ് വിധിച്ചു.

രണ്ടാമത്തേത് ഒരു യാഥാസ്ഥിതിക മുസ്ലിം കുടുംബത്തിലെ പെൺകുട്ടിയെ പോലീസ് ഓഫീസർ ബലാത്സംഗം ചെയ്ത കേസാണ്. വീട്ടുകാരുടെ സമ്മതം കൂടാതെ കാമുകനോടൊത്ത് ഒളിച്ചുപോയ പെൺകുട്ടിയെ വീട്ടുകാർ ഉപേക്ഷിച്ചു. കള്ളക്കേസ് ചാർജ്ജുചെയ്ത് അവളുടെ ഭർത്താവിനെ പോലീസ് സ്റ്റേഷനിൽ വരുത്തി. ഭർത്താവിനെ കാത്ത് ഹോട്ടലിൽ താമസിച്ചിരുന്ന പെൺകുട്ടിയെ പോലീസ് ഓഫീസർ അവിടെ ചെന്ന് ബലാത്സംഗം ചെയ്തു. അവളുടെ ഭർത്താവ് മടങ്ങിവന്ന് വിവരം അറിഞ്ഞ് കേസ് ഫയൽ ചെയ്തു. 'മധുര' കേസിലെ അനുഭവമാണ് ഈ കേസിലും ഉണ്ടായത്. ട്രയൽ കോടതിയിൽ അയാൾ കുറ്റവാളിയാണെന്ന് വിധിച്ചെങ്കിലും ഹൈക്കോടതി അയാളെ വെറുതെ വിട്ടു. അവൾ കളവും അതിശയോക്തിയും പറയുകയാണെന്നും, അവളുടെ താൽപര്യസംരക്ഷണത്തിന് പുതിയ കഥകൾ പറയുകയാണെന്നും ഹൈക്കോടതി പ്രസ്താവിച്ചു.

നാഗ്പൂരിലെ ഒരു മഹിളാ സംഘടനയായ "ആര്യാചാർ വിരോധ് പരിഷത്ത്" ഈ കേസിൻമേൽ സുപ്രീം കോടതിയിൽ അപ്പീൽ കൊടുത്തു. ജഡ്ജ്മാരായ അഹമ്മദിയും ഫാത്തിമാബീവിയും ഈ കേസ് ന്യായപൂർവ്വം കൈകാര്യം ചെയ്തു. അധികാരത്തിൻെറ ചിഹ്നമായ പോലീസ് യൂണിഫോം അണിഞ്ഞിരുന്ന പ്രതിക്ക് നിസ്സഹായയായ പെൺകുട്ടിയെ കീഴടക്കാൻ പ്രയാസമുണ്ടായില്ല. യൂണിഫോം അണിഞ്ഞ പോലീസുകാരൻ ഒരു പെൺകുട്ടിയെ ബലാത്സംഗം ചെയ്തത് അക്ഷന്തവ്യമായ തെറ്റാണെന്നും ദയ അർഹിക്കുന്നില്ലെന്നും കോടതി പ്രഖ്യാപിച്ചു. 5 കൊല്ലത്തെ കഠിന തടവിനു വിധിച്ചു.

ഈ രണ്ടു കേസുകളും ചില വസ്തുതകളിലേയ്ക്കു വിരൽ ചൂണ്ടുന്നു. ബലാത്സംഗത്തിനിരയാകുന്ന സ്ത്രീ എതിർക്കാൻ ശ്രമിക്കുമ്പോൾ ശരീരത്തിലുണ്ടാകുന്ന മുറിവുകൾ ബലാത്സംഗം നടന്നതിന് തെളിവായി സ്വീകരിക്കുന്ന കീഴ്‌വഴക്കമുണ്ടായിരുന്നു. ബലാത്സംഗത്തിനിരയാകുന്നത് ഒരു പെൺകുട്ടിയും പുരുഷൻ ആരോഗ്യമുള്ളവളെക്കാൾ പ്രായം കൂടിയവനുമാണെങ്കിൽ അവളെ വേഗം കീഴടക്കാൻ കഴിയും. അവളുടെ ശരീരത്തിൽ പരുക്കുകൾ ഉണ്ടാകണമെന്നില്ല. ഈ യാഥാർത്ഥ്യം അംഗീകരിക്കാൻ കോടതി നിർബന്ധിതമായി. രണ്ടാമതായി ബലാത്സംഗത്തിനിരയായ പെൺകുട്ടിയുടെ സ്റ്റേറ്റ്മെൻറ് സ്വീകരിച്ചാൽ മതിയാകും. കൂടുതൽ സ്ഥിരീകരണം ആവശ്യമില്ല.

5 മഹിളാസംഘടനകളുടെ സംയുക്ത സംഘടനയായ "മഹിളാ സംയുക്ത മോർച്ച" 1988 ഫെ. 24-ന് ചീഫ് ജസ്റ്റീസിന് നല്കിയ പബ്ളിക് സ്റ്റേറ്റ്മെൻറിൽ നിന്ന്.

"1983ലെ ക്രിമിനൽ നിയമഭേദഗതി" സദാചാരജീവിതം നയിക്കുന്ന സ്ത്രീകൾക്ക് സംരക്ഷണം നല്കുന്നതിനുവേണ്ടി അല്ലായിരുന്നു. പോലീസ് കസ്റ്റഡിയിൽ കഴിയുന്ന സ്ത്രീകളെ പോലീസുകാർ ബലാത്സംഗം ചെയ്യുന്നത് തടയുകയെന്ന ഉദ്ദേശമായിരുന്നു. അധികാരം കയ്യാളുന്ന പോലീസുകാരൻെറ കയ്യിൽ അകപ്പെട്ടിരിക്കുന്ന നിസ്സഹായയായ സ്ത്രീയെ അധികാരം ഉപയോഗിച്ച് ആക്രമിക്കുന്നതിന് പരിഹാരമുണ്ടാക്കുക എന്നതായിരുന്നു നിയമത്തിൻെറ പിന്നിലെ ലക്ഷ്യം. ശിക്ഷയിൽ ഇളവു വരുത്തുന്ന സുപ്രീം കോടതിയുടെ നയം പുരുഷാധിപത്യത്തോടുള്ള ചായ്‌വ് മാത്രമല്ല. സ്ത്രീയുടെ ചാരിത്ര്യത്തിനെതിരെയുള്ള ആക്രമണമായി മാത്രം ബലാത്സംഗത്തെ കാണുന്ന യാഥാസ്ഥിതിക ചിന്താഗതിയിലേയ്ക്കുള്ള തിരിച്ചുപോക്കും കൂടെയാണ്. മനുഷ്യാവകാശങ്ങളുടേയും മാന്യതയുടേയും നേർക്കുള്ള ആക്രമണമായി ഇതിനെ കാണുന്നില്ല.

1995 ജനുവരിയിൽ ക്രിമിനൽ പ്രൊസീഡിയർ കോഡിലെ, സെക്ഷൻ 376-ൽ ബലാത്സംഗത്തെപ്പറ്റിയുള്ള ഭാഗത്തിൽ ഒരു ഭേദഗതി ഇൻഡ്യാ ഗവൺമെൻറ് അംഗീകരിക്കുകയുണ്ടായി. അതനുസരിച്ച് സ്ത്രീയുടെ സ്വഭാവം, സൽപ്പേര്, പദവി എന്നിവയൊ, സംഭവം റിപ്പോർട്ടു ചെയ്യുന്നതിൽ വരുത്തിയ താമസമൊ പ്രതിയ്ക്ക് 7 വർഷത്തിനും 10 വർഷത്തിനും കുറഞ്ഞ ജയിൽ ശിക്ഷ നല്കുന്നതിന് തക്കതായ കാരണമല്ല.

കൊച്ചുകുഞ്ഞുങ്ങളെ ബലാത്സംഗം ചെയ്യുന്നത് ഇന്ന് സാധാരണ സംഭവമായി മാറിയിട്ടുണ്ട്. ബലാത്സംഗ നിയമം ഭേദഗതി ചെയ്യുമ്പോൾ ഇതിന് പരിഗണന നല്കിയില്ല. ലോ കമ്മീഷൻെറയോ മഹിളാ സംഘടനകളുടെയോ ശ്രദ്ധയിൽപെട്ടില്ല.

അടുത്തകാലത്ത് ഫയൽ ചെയ്ത ഒരു കേസിൽ ബലാത്സംഗത്തിനിരയായ കുട്ടിക്ക് എട്ടുവയസുമാത്രം പ്രായം. ഈ കേസിലെ ജഡ്ജ്മെൻറിലെ പ്രസക്ത ഭാഗം.

"കൊച്ചു പെൺകുട്ടികളുടെ നേരെയുള്ള ലൈംഗികാക്രമണങ്ങളെല്ലാം റിപ്പോർട്ടു ചെയ്യപ്പെടുകയൊ വെളിച്ചം കാണുകയൊ ചെയ്തിട്ടില്ല. പെൺകുഞ്ഞുങ്ങളുടെ നേരെയുള്ള ആക്രമണം ഞെട്ടലുളവാക്കത്തക്ക വിധം വർദ്ധിച്ചുവരുന്നു. ബലാത്സംഗത്തെപ്പറ്റി കുഞ്ഞുങ്ങൾ അജ്ഞരാണ്. അതുകൊണ്ടുതന്നെ കാമാന്ധന്മാരായ ദുഷ്ടന്മാർക്ക് വളരെ വേഗം അവൾ ഇരയാകുന്നു. ഇത്തരം കുറ്റവാളികൾ പരിഷ്കൃത സമൂഹത്തിന് ഭീഷണിയാണ്. അവർക്ക് ഏറ്റവും കടുത്ത ശിക്ഷ നിർദാക്ഷിണ്യം നല്കണം."

കുഞ്ഞുങ്ങളെ ബലാത്സംഗം ചെയ്യുന്നവർക്കെതിരെ നടപടിയെടുക്കാൻ പ്രത്യേക നിയമനിർമ്മാണം വേണമെന്ന് തലസ്ഥാനത്തെ നാഷണൽ വിമെൻസ് ഓർഗനൈസേഷൻ ആവശ്യപ്പെട്ടു. ചില നിർദ്ദേശങ്ങളും ഇതിനുവേണ്ടി അവർ വയ്ക്കുകയുണ്ടായി. അവയിൽ പ്രധാനപ്പെട്ടത് വിചാരണയുടെ കാലതാമസം ഒഴിവാക്കി മാനസികാഘാതം കുട്ടിയെ വീണ്ടും അനുഭവിപ്പിക്കാതിരിക്കുക. മുൻ പ്രസ്താവിച്ച കേസിന് വിധി പ്രസ്താവിക്കാൻ സുപ്രീംകോടതിയ്ക്ക് 11 വർഷം വേണ്ടിവന്നു.

## സ്ത്രീധനവും സ്ത്രീധന പീഡനവും

സ്ത്രീധനം ആവശ്യപ്പെടുകയും നല്കുകയും മാത്രമല്ല, സ്ത്രീധന പീഡനവും വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടമാണ്. പിതൃസ്വത്തിൽ പെൺകുട്ടികൾക്കവകാശം നല്കാത്ത സമുദായങ്ങളിൽ സ്ത്രീധനം ന്യായീകരിക്കാവുന്നതാണ്. എന്നാൽ സ്ത്രീധനസമ്പ്രദായം നിലവില്ലാതിരുന്ന സമുദായങ്ങളിൽപോലും ഇന്ന് സ്ത്രീധനസമ്പ്രദായം ശക്തി പ്രാപിച്ചുവരുന്നു. പാർലമെൻറംഗങ്ങളുടെ, പ്രത്യേകിച്ച് സ്ത്രീ സാമാജികരുടെ ആവർത്തിച്ചുള്ള ആവശ്യപ്രകാരം 1961-ൽ സ്ത്രീധന നിരോധന ബിൽ പാസ്സായി.

സ്ത്രീധനം നിർമ്മാർജ്ജനം ചെയ്യുന്നതിന് സമർപ്പണബുദ്ധിയോടുകൂടിയ പ്രവർത്തനത്തിൻെറ അഭാവം ഇതിൻെറ പരാജയത്തിന് കാരണമായി. സ്ത്രീധനം കൊടുക്കുന്ന ആൾക്കും വാങ്ങുന്ന ആൾക്കും ഒരേ ശിക്ഷ നല്കാൻ വ്യവസ്ഥ ചെയ്തത് മറ്റൊരു കാരണമാണ്. "ഇൻഡ്യയിലെ സ്ത്രീകളുടെ പദവിയെപ്പറ്റി പഠനം നടത്തുന്ന കമ്മിറ്റി", സ്ത്രീധന നിരോധന നിയമം ഫലപ്രദമാക്കുന്നതിന് ചില നിർദ്ദേശങ്ങൾ ഗവൺമെൻറിൻെറ മുൻപാകെ സമർപ്പിച്ചു. ഗവൺമെൻറ് ഉദ്യോഗസ്ഥന്മാർ സ്ത്രീധനം വാങ്ങുന്നത് ശിക്ഷാർഹമാക്കണമെന്ന് നിർദ്ദേശം മാത്രം സ്വീകരിക്കാൻ ഗവൺമെൻറ് തയ്യാറായി. ഇത് സർവ്വീസ് റൂൾസിൻെറ 30-ാം വകുപ്പിൽ ഉൾപ്പെടുത്തുകയും ചെയ്തു. മറ്റു നിർദ്ദേശങ്ങളെല്ലാം തള്ളിക്കളഞ്ഞു.

വരൻെറ വീട്ടുകാർ കല്യാണസമയത്ത് ആവശ്യപ്പെടുന്ന തുക വധുവിൻെറ വീട്ടുകാർ നല്കാമെന്ന് സമ്മതിച്ചാൽ മാത്രമേ സ്ത്രീധനമാകുന്നുള്ളൂ എന്ന് ബോംബെ ഹൈക്കോടതിയുടെ വിധിയിൽ പറയുന്നു. ഈ വിധിക്ക് ആസ്പദമായ കേസ് ഇപ്രകാരമാണ്. വിവാഹചടങ്ങ് നടന്നുകൊണ്ടിരിക്കുമ്പോൾ വരൻെറ അച്ഛൻ തൻെറ മകനും ഭാര്യയ്ക്കും വിദേശത്തുപോകാൻ 50,000 രൂപ നൽകണമെന്നും, അല്ലെങ്കിൽ വിവാഹം നടക്കുകയില്ലെന്നുമുള്ള നിലപാടു സ്വീകരിച്ചു. അവിടെ കൂടിയിരുന്നവരുടെ മദ്ധ്യസ്ഥതയിൽ വിവാഹം നടന്നു. ഹൈക്കോടതി വിധിയിൻമേൽ സുപ്രീംകോടതിയിൽ അപ്പീൽ നല്കി. ഇത് സ്ത്രീധനത്തിൻെറ പരിധിയിൽ വരുന്നതാണെന്ന് വിധി പ്രസ്താവിച്ചു. മാത്രമല്ല സുപ്രീംകോടതി വിധി ഇപ്രകാരം തുടരുന്നു. "സ്ത്രീധനം ഏതു രൂപത്തിലായാലും, വിവാഹത്തിനു മുമ്പൊ പിമ്പൊ ആയാലും. സ്ത്രീധന സമ്പ്രദായം നിർമ്മാർജ്ജനം ചെയ്യുക എന്നുള്ളതാണ് സ്ത്രീധന നിരോധന ബില്ലിൻെറ പ്രധാന ലക്ഷ്യം. ഇത് കണക്കിലെടുത്ത് ഉദാരമായ ഒരു വ്യാഖ്യാനം നല്കേണ്ടതാണ്.

മഹിളാ സംഘടനകളുടെ പ്രതിഷേധം കണക്കിലെടുത്ത്, സ്ത്രീധന നിരോധന നിയമത്തിൻെറ പ്രവർത്തനം പുനഃപരിശോധിക്കുന്നതിന് പാർലമെൻറംഗങ്ങളുടെ ഒരു സംയുക്ത കമ്മിറ്റിയെ നിയമിക്കുകയുണ്ടായി. 1981-ൽ ഈ കമ്മിറ്റി പല മൗലികമാറ്റങ്ങളും നിർദ്ദേശിച്ചു. ഒരു കൊല്ലം കഴിഞ്ഞിട്ടും ഗവൺമെൻറ് യാതൊന്നും ചെയ്തില്ല. അതിനാൽ 25 മഹിളാ സംഘടനകൾ ചേർന്ന് "ദേജവിരോധി ചെറ്റനാമഞ്ച്" എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ചു. ഈ സംഘടനയും മറ്റു മഹിളാ സംഘടനകളും ചേർന്ന് പീഡനം മൂലം യുവതികളായ വധുക്കൾ മരണമടയുന്നതിൽ

പ്രതിഷേധിച്ച് പ്രകടനങ്ങളും യോഗങ്ങളും നടത്തി. പാർലമെൻറിനകത്തും പുറത്തുമുണ്ടായ സമ്മർദ്ദത്തിനു വഴങ്ങി നിയമം ഭേദഗതി ചെയ്യാൻ ഗവൺമെൻറ് നിർബന്ധിതമായി. എന്നാൽ ഈ ഭേദഗതി പാർലമെൻറിലെ വനിതകളെയോ വനിതാസംഘടനകളെയോ തൃപ്തിപ്പെടുത്തുന്ന വിധത്തിലായിരുന്നില്ല.

സ്ത്രീധന പീഡനവും തന്മൂലമുണ്ടാകുന്ന മരണവും സംബന്ധിക്കുന്ന കേസുകൾ എന്തുമാത്രം നിരുത്തരവാദപരമായാണ് ഗവൺമെൻറ് കൈകാര്യം ചെയ്യുന്നതെന്നതിന് തെളിവാണ് താഴെ പറയുന്ന സംഭവം. (ഭഗ്‌വന്ത്‌സിംഗ് കമ്മീഷൻ ഓഫ് പോലീസ്) വിവാഹദിവസം മുതൽ തന്നെ സ്ത്രീധനത്തിനുവേണ്ടി വധുവിനെ പീഡിപ്പിക്കാൻ തുടങ്ങി. പീഡനം തുടരുകയും ഏതാനും നാളുകൾക്കുശേഷം പൊള്ളലേറ്റ് മരിച്ച നിലയിൽ കാണപ്പെടുകയും ചെയ്തു. ഈ കേസ് അന്വേഷിച്ച വിധത്തെപ്പറ്റി പോലീസിനെതിരെ സുപ്രീംകോടതിയുടെ വിമർശനമുണ്ടായി. ഈ കേസിൻെറ അന്വേഷണ ചുമതല ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് മാറ്റപ്പെട്ടുകൊണ്ടിരുന്നു. മറ്റനേകം ചുമതലകളുള്ളതിനാൽ ഈ കേസന്വേഷണത്തിന് മുഴുവൻ സമയവും മാറ്റിവയ്ക്കാൻ സാദ്ധ്യമല്ലെന്നായിരുന്നു പോലീസിൻെറ വാദം. സുപ്രീം കോടതിയുടെ പരാമർശം.

"ഈ കേസന്വേഷണത്തിനാവശ്യമായ കൃത്യനിഷ്ഠയും കാര്യക്ഷമതയും പോലീസിൻെറ പക്ഷത്തുനിന്നുണ്ടായില്ല. അക്ഷന്തവ്യമായ കാലതാമസവും അശ്രദ്ധയും ഈ കേസിനെ തളർത്തി".

സ്ത്രീധന നിരോധന നിയമം 1984-ലും, വീണ്ടും 86-ലും ഭേദഗതി ചെയ്യുകയുണ്ടായി. ഈ നിയമം പ്രായോഗികമാക്കാൻ ഉതകുന്ന പല നിർദ്ദേശങ്ങളും ഗവൺമെൻറ് തള്ളിക്കളഞ്ഞു. വിവാഹ ചിലവിന് പരിധി ഏർപ്പെടുത്തണമെന്നും ആർഭാഡപൂർണ്ണമായ വിവാഹം (ചില സംസ്ഥാനങ്ങളിൽ നിയമനിർമ്മാണം നടത്തിയിട്ടുണ്ട്) നിരോധിക്കണമെന്നും പാർലമെൻററി കമ്മിറ്റി ആവശ്യപ്പെട്ടു. അതും അംഗീകരിച്ചില്ല.

ഈ ഭേദഗതിയിൽ ഗുണകരമായ ചില വകുപ്പുകളുണ്ട്. വരനോ, വധുവിനൊ നല്കുന്ന സമ്മാനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി ഇരുകൂട്ടരും സൈൻ ചെയ്യണമെന്ന നിർദ്ദേശം ഇതുനുദാഹരണമാണ്. എന്നാൽ ഇതു നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. വധുവിനൊ, വരനൊ സമ്മാനങ്ങൾ മടക്കികിട്ടുന്നതിന് ലിസ്റ്റ് സഹായകരമാണ്. വിവാഹബന്ധം തകരുമ്പോൾ വളരെ അധികം സമ്മാനങ്ങൾ നല്കി എന്നും മടക്കി കിട്ടിയില്ലെന്നും പരാതിയുണ്ടാകുന്നു. ഇത്തരം കേസുകൾ "ഡൗറിസെൽ" കൈകാര്യം ചെയ്യുന്നുണ്ട്. മഹിളാസംഘടനകളും ഈ രംഗത്തു പ്രവർത്തിക്കുന്നുണ്ട്. പല സ്ത്രീകൾക്കും അവരുടെ സ്വത്ത് മടക്കി കിട്ടുന്നതിന് ഇവരുടെ പ്രവർത്തനം വളരെ സഹായകരമായി.

"ഡൗറി പ്രൊഹിബിഷൻ" ഓഫീസേഴ്സിനെ സംസ്ഥാനങ്ങളിലും, കേന്ദ്രഭരണ പ്രദേശങ്ങളിലും നിയമിക്കണമെന്ന നിർദ്ദേശമാണ് ഈ ഭേദഗതിയിലെ ഏറ്റവും ഗുണകരമായ വകുപ്പ്. ഇതിൻെറ പ്രവർത്തനത്തെപ്പറ്റിയുള്ള വിവരങ്ങൾ ലഭ്യമല്ല സ്ത്രീകളെ സംബന്ധിക്കുന്ന പ്രധാന നിയമനിർമ്മാണങ്ങളുടേയും അതിൻെറ

പ്രവർത്തനത്തിൻെറയും ചുമതല "ഡിപ്പാർട്ടുമെൻറ് ഓഫ് വിമെൻ ആൻറ് ചൈൽഡ് ഡെവലപ്പ്മെൻറി"നാണെന്ന ആഭ്യന്തരവകുപ്പിൻെറ നിലപാടാണിതിന് കാരണമായത്. നിയമം നടപ്പിലാക്കുക എന്ന ആഭ്യന്തരവകുപ്പിൻെറ ഭരണഘടനാപരമായ ചുമതലയിൽ നിന്ന് ഒഴിഞ്ഞുമാറുന്നതിനു തെളിവാണിതെന്ന് "നാഷണൽ വിമെൻസ് ഓർഗനൈസേഷൻ" ദേശീയ വനിതാകമ്മീഷൻെറ ശ്രദ്ധയിൽപ്പെടുത്തി. കമ്മീഷൻ ഇതിൽ ഇടപെടണമെന്നു ആവശ്യപ്പെടുകയും ചെയ്തു. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളെ പറ്റി ചർച്ചചെയ്യുന്നതിന് അടുത്തകാലത്ത് ആഭ്യന്തരവകുപ്പും എച്ച്.ആർ.ഡി.യും ചേർന്ന് ഒരു കോൺഫറൻസ് വിളിക്കുകയുണ്ടായി. ശാരീരികപീഡനം പോലെ തന്നെയാണ് മാനസികപീഡനവും എന്ന് ജസ്റ്റീസ് ദേശായ് കോൺഫറൻസിൽ ഉന്നയിച്ചു. ഇത് പീനൽകോഡിൽ ഉൾപ്പെടുത്തുന്നതിനുള്ള അടിസ്ഥാനപരമായ കാരണങ്ങളും അദ്ദേഹം വിശദീകരിച്ചു.

നിരന്തരമായ മാനസികപീഡനം മൂലം ജീവിതം നരകതുല്യമാക്കുന്നത് ശിക്ഷാർഹമല്ല. മാനസികപീഡനം നിമിത്തം ആത്മഹത്യ ചെയ്താൽ പോലും ശിക്ഷയിൽ നിന്ന് രക്ഷപ്പെടാൻ കഴിയുന്നു. സമൂഹ മനസാക്ഷി ഇതിനെതിരെ ശക്തിയായി പ്രതികരിച്ചു. ഈ വകുപ്പും, സ്ത്രീധന മരണത്തെ സംബന്ധിച്ച വകുപ്പും ഉൾപ്പെടുത്തിയത് ഈ പ്രശ്നത്തിൽ ഒരു വിള്ളൽ ഉണ്ടാക്കുന്നതിനും യുവതികളായ സ്ത്രീകളുടെ മരണം കർശനമായി കുറയ്ക്കുന്നതിനും വേണ്ടിയായിരുന്നു. എന്നാൽ വർദ്ധിച്ചുവരുന്ന മരണനിരക്ക് എല്ലാ കൊല്ലവും പാർലമെൻറിൽ റിപ്പോർട്ടു ചെയ്യപ്പെടുന്നു. വളരെ ദയനീയമായ ഒരു ചിത്രമാണ് ഇത് നല്കുന്നത്. ഈ ക്രമക്കേടിന്മേൽ സുപ്രീംകോടതിയുടെ പരാമർശം ഇപ്രകാരമാണ്.

"നിയമംകൊണ്ടു മാത്രം സ്ത്രീക്ക് സംരക്ഷണവും, സാമൂഹ്യമൂല്യങ്ങൾക്ക് നിലനിൽപ്പും ലഭിക്കുകയില്ല. സമൂഹത്തിൻെറ ആവശ്യങ്ങളും ധാരണകളും സംരക്ഷിക്കുന്നതിൽ ക്രിമിനൽ ജസ്റ്റീസ് സംവിധാനത്തിന് തുല്യ ഉത്തരവാദിത്വം ഉണ്ട്. അന്വേഷണ ഏജൻസി സജീവമാകുകയും അവരുടെ ബുദ്ധിശക്തി ശരിയായി വിനിയോഗിക്കുകയും വേണം. തെളിവുശേഖരണത്തിന് എല്ലാ ഇരുളടഞ്ഞ മൂലകളിലും കടന്നുകയറണം. കോടതിയും കുറ്റകൃത്യത്തെപറ്റി സൂക്ഷ്മഗ്രഹണം നടത്തുകയും അയവുള്ള സമീപനം ഒഴിവാക്കുകയും ചെയ്യണം.

സ്ത്രീകൾ അനുഭവിക്കുന്ന ശാരീരികപീഡനം മറ്റൊന്നിനോടും കിടപിടിക്കുന്നതല്ല. അതുപോലെതന്നെ ചില സന്ദർഭങ്ങളിൽ നീതിന്യായവകുപ്പിൻെറ സമീപനവും നമ്മുടെ ട്രയൽ കോടതിയിലെ ന്യായാധിപന്മാരിൽ ചിലർ പുരുഷമേധാവിത്വത്തിൽ വിശ്വസിക്കുന്നവരാണ്. ഭരണഘടന വാഗ്ദാനം നല്കുന്ന സ്ത്രീപുരുഷ തുല്യത അവർ വിസ്മരിക്കുന്നു. അതുപോലെതന്നെ മനുഷ്യാവകാശത്തെപ്പറ്റിയുള്ള സാർവ്വദേശീയ പ്രചരണവും അവർ കാര്യമാക്കുന്നില്ല. വധു സമ്പന്നയാണെങ്കിൽ ഭർത്താവും അമ്മായിഅമ്മയും കൂടുതൽ പണം ആവശ്യപ്പെടുന്നത് ന്യായീകരിക്കാവുന്നതാണെന്ന മനോഭാവം ഹൈക്കോടതി പോലും പ്രകടമാക്കീട്ടുണ്ട്. സ്ത്രീധന നിരോധന നിയമത്തിനും അതിൻെറ ഭേദഗതികൾക്കും കാര്യമായ സ്വാധീനം നീതിന്യായവകുപ്പിൻെറ ഈ സെക്ഷനിൽ വരുത്താൻ കഴിഞ്ഞിട്ടില്ലെന്ന് കാണാൻ കഴിയും.

പോലീസിൻെറ പക്ഷത്തുനിന്ന് അനുരഞ്ജനത്തിനുള്ള ശ്രമം പലപ്പോഴും ഉണ്ടാകാറുണ്ട്. പോലീസിൻെറ പ്രാഥമിക ഉത്തരവാദിത്വം അന്വേഷണമാണ്. അനുരഞ്ജനം അതിന് പകരമാകുകയില്ലെന്ന് ഒരു പെൻഷൻ പറ്റിയ പോലീസ് ഓഫീസർ അഭിപ്രായപ്പെട്ടു. (സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളെപ്പറ്റിയുള്ള നാഷണൽ കോൺഫറൻസ് 30-11-92)

19-ാം നൂറ്റാണ്ടിലെ പരിഷ്കർത്താക്കൾ സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പ്രാധാന്യം നല്കിയത് സാമൂഹ്യപുരോഗതിയുടെ ഭാഗമായിട്ടായിരുന്നു. സാമ്പത്തിക സമത്വമൊ, രാഷ്ട്രീയ ആവശ്യമൊ അവരുടെ ലക്ഷ്യമല്ലായിരുന്നു. ഇന്നും ഈ ആശയങ്ങളാണ് ഇടത്തരക്കാരുടെ മനസ്സിലുള്ളത്. നീതിന്യായവകുപ്പിലേയും പോലീസ് വകുപ്പിലേയും ഉദ്യോഗസ്ഥന്മാർ ഈ വിഭാഗത്തിൽ നിന്ന് വന്നിട്ടുള്ളവരാണ്. സ്ത്രീകളുമായി ബന്ധപ്പെട്ട കേസുകളെല്ലാം "സാമൂഹ്യ"മായിട്ടാണ് വീക്ഷിക്കുന്നത്. അതുപോലെതന്നെ സ്ത്രീകൾക്കുവേണ്ടിയുള്ള നിയമങ്ങളെല്ലാം "സാമൂഹ്യനിയമങ്ങ"ളായി അറിയപ്പെടുന്നു. അതുകൊണ്ട് ഈ നിയമങ്ങളെല്ലാം "സാമൂഹ്യനന്മയ്ക്ക്"വേണ്ടിയുള്ളതാണെന്ന് കരുതപ്പെടുന്നു. നിയമങ്ങളായി കാണുന്നില്ല.

ആന്ധ്രയിലെ "ശോഭനാറാണി വി മധുഖർ റെഡ്ഢി" കേസിലെ കോടതിവിധി ശ്രദ്ധേയമാണ്. വിദ്യാസമ്പന്നയും ധനികയുമായ വധുവിനെ ഭർത്താവും, അയാളുടെ വീട്ടുകാരും പണം ആവശ്യപ്പെട്ട് നിരന്തരം ശല്യം ചെയ്തുകൊണ്ടിരുന്നു. ഈ രീതിയിൽ മുന്നോട്ടുപോകുന്നത് പ്രയാസമാണെന്നുകണ്ട് പരസ്പര സമ്മതത്തോടുകൂടി ബന്ധം വിടർത്താൻ അവർ തയ്യാറാങ്കിലും ഭർത്താവ് ഒടുവിൽ പിന്മാറി. ബന്ധം വിടർത്തണമെന്നാവശ്യപ്പെട്ട് അവൾ പെറ്റീഷൻ കൊടുത്തു. അയാൾ പണം ആവശ്യപ്പെട്ട് അവൾക്കെഴുതിയ എഴുത്ത് അവളെ ശല്യപ്പെടുത്തുന്നതിന് തെളിവായി അവൾ സമർപ്പിച്ചു. അവളെ അയാൾ ശല്യം ചെയ്യുന്നതായി ട്രയൽ കോടതി സമ്മതിച്ചെങ്കിലും ഭർത്താവിന് പണം ആവശ്യമായി വരുമ്പോൾ ഭാര്യയോട് ചോദിക്കുന്നതിൽ അസാധാരണത്വം ഒന്നുമില്ലെന്ന് പ്രസ്താവിച്ചു. ഹൈക്കോടതിയും ഇതിനോട് യോജിച്ചു.

സുപ്രീംകോടതി ഇതിനോട് യോജിച്ചില്ല. സുപ്രീംകോടതി വിധി ഇപ്രകാരമായിരുന്നു. "പണം ആവശ്യപ്പെടുന്നത് സ്ത്രീധനം ആവശ്യപ്പെടുന്നതുതന്നെയാണ്. സ്ത്രീധനം നിയമം മൂലം നിരോധിച്ചിട്ടുണ്ട്. അവളെ പീഡിപ്പിച്ചതിൻെറ അടിസ്ഥാനത്തിൽ ബന്ധം വേർപെടുത്താൻ അവൾക്ക് കോടതി അനുവാദം നല്കി.

കുടുംബക്കോടതികൾ സ്ഥാപിക്കണമെന്ന മഹിളാസംഘടനകളുടെ ആവശ്യം ഭാഗികമായി അംഗീകരിക്കപ്പെട്ടു. കുടുംബപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇന്നത്തെ പ്രതികൂല സംവിധാനം ഉപേക്ഷിച്ച് കുടുംബക്കോടതികൾ സ്ഥാപിക്കണമെന്ന് "കമ്മിറ്റി ഓൺ ദി സ്റ്റാറ്റസ് ഓഫ് വിമൻ ഇൻ ഇൻഡ്യ" ശുപാർശ ചെയ്തു. ഇതിൻെറ നടപടികൾ അനൗപചാരികമായിരിക്കണമെന്നും അനുരഞ്ജനത്തിൻെറ മാർഗ്ഗത്തിലൂടെ ആയിരിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടു.

മഹിളാ പ്രവർത്തകരുടെ ആവർത്തിച്ചുള്ള സമ്മർദ്ദമുണ്ടായിട്ടും ഗവൺമെൻറ് കുടുംബകോടതി സ്ഥാപിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചില്ല. കുടും

ബകലഹം ഒത്തുതീർപ്പിലാക്കുന്നതിലുണ്ടാകുന്ന കാലതാമസം, കേസ് മാറ്റിവയ്ക്കൽ, കുട്ടിയുടെ രക്ഷകർത്താവിനെ ചൊല്ലിയുള്ള തർക്കം, കുട്ടികളെ കോടതിയിൽ ഹാജരാക്കൽ തുടങ്ങി പലതും വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നവയാണ്. മാത്രമല്ല നീതിന്യായവകുപ്പിൻെറ് സൽപേരിന് കളങ്കമുണ്ടാക്കുന്നവയുമാണ്. 1984-ൽ ബിൽ പാസായെങ്കിലും, പല ന്യൂനതകളുണ്ടായിരുന്നു. അതിനാൽ പല വകുപ്പുകളും ഭേദഗതി ചെയ്യേണ്ട ആവശ്യം ഉണ്ടായി.

മഹിളാ സംഘടനകൾ ഈ ബില്ലിനെപ്പറ്റി പഠനം നടത്തുന്നതിൽ പരാജയപ്പെട്ടു. കുടുംബകലഹങ്ങളും ഭാര്യ ഭർത്യകലഹങ്ങളും അനുരഞ്ജനത്തിലൂടെ കഴിയുന്നതും വേഗം പരിഹരിക്കണമെന്നതാണ് കുടുംബകോടതിയുടെ ലക്ഷ്യം. എന്നാൽ കുടുംബകോടതിയിൽ ന്യായാധിപനായി നിയമിക്കപ്പെടുന്ന ആൾ വിവാഹമെന്ന സ്ഥാനത്തെ സംരക്ഷിക്കാനും നിലനിർത്താനും ബാദ്ധ്യസ്ഥനായിരിക്കും. ന്യായാധിപന്മാരും തെറ്റുകൾക്കതീതരല്ല. പുരുഷമേധാവിത്വത്തോടുള്ള അവരുടെ ചായ്‌വ് പലപ്പോഴും പ്രകടമാകാറുണ്ട്. ഇപ്പോഴും കാലതാമസം തുടർന്നുകൊണ്ടിരിക്കുന്നു. നിരക്ഷരരും നിർദ്ധനരുമായ സ്ത്രീകൾ അവരുടെ ആവശ്യങ്ങൾ നേടുന്നതിൽ കോടതി പര്യാപ്തമല്ലെന്നു അനുഭവിച്ചറിയുന്നു. വിവാഹമെന്ന സ്ഥാപനം നിലനിർത്താൻ ബാദ്ധ്യസ്ഥരായ ന്യായാധിപന്മാർ വിങ്ങിപൊട്ടുകയും, വിലപിക്കുകയും ചെയ്യുന്ന ഭാര്യയോട് ഭർത്താവിനോടൊത്ത് അയാളുടെ വീട്ടിൽ പോയി താമസിക്കാൻ നിർബന്ധിക്കുന്നു. അങ്ങനെ കുടുംബകോടതിയും സ്ത്രീയുടെ ന്യായമായ അവകാശങ്ങളുടെ നേരെ പുറം തിരിയുന്നു. നിലവിലുള്ള കുടുംബകോടതികളെപ്പറ്റി നാഷണൽ കമ്മീഷൻ പഠനം നടത്തിയിരുന്നുവെങ്കിൽ ചില മാറ്റങ്ങൾ വരുത്താമായിരുന്നു.

വിവാഹസ്വത്തിൽ ഭാര്യയ്ക്കും ഭർത്താവിനും കൂട്ടവകാശം നൽകുന്നതിന് നിയമനിർമ്മാണം നടത്തണമെന്നതായിരുന്നു മഹിളാ സംഘടനകളുടെ മറ്റൊരു ആവശ്യം. 1975-ൽ ഈ ആവശ്യം സി.എസ്.ഡബ്ളിയു.ഐ. റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നതാണ്.

ഇത്തരത്തിൽ ഒരു നിയമനിർമ്മാണത്തിന് മഹിളാസംഘടനകളിൽ നിന്ന് നിർദ്ദേശങ്ങൾ ലഭിച്ചിട്ടുള്ളതായി 1990-ൽ മന്ത്രി സമ്മതിച്ചു. രാജ്യത്ത് നിലവിലുള്ള, ന്യൂനപക്ഷ സമുദായങ്ങളുടെതുൾപ്പെടെയുള്ള, വ്യക്തിഗതനിയമങ്ങളിൽ മാറ്റം വരുത്തേണ്ടിയിരിക്കുന്നതായി അദ്ദേഹം അഭിപ്രായപ്പെട്ടു. നിയമത്തിൽ മാറ്റം വരുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നല്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ "സ്ത്രീകളുടെ ദേശീയ കമ്മീഷൻ" നിയമിച്ചിട്ടുണ്ടെന്നും വിവാഹസ്വത്തിൽ ഭാര്യയ്ക്കും ഭർത്താവിനും കൂട്ടവകാശം നൽകുന്ന നിയമം എങ്ങനെ നടപ്പിലാക്കാമെന്ന് ഈ സമിതി ആവശ്യമുള്ള നിർദ്ദേശങ്ങൾ നൽകുമെന്നും 1993-ലെ ബജറ്റ് സെഷനിൽ മന്ത്രി പാർലമെൻറിനെ അറിയിച്ചു.

സമ്മർദ്ദത്തിനു വഴങ്ങി ഗവൺമെൻറ് നിയമനിർമ്മാണം നടത്തിയാലും, നിയമം നടപ്പിലാക്കേണ്ടവർ ഈ നിയമത്തിൻെറ ആവശ്യവും പ്രാധാന്യവും മനസ്സിലാക്കിയില്ലെങ്കിൽ, നിയമം ഇല്ലാത്തതിന് സമമാണ്. ഭരണഘടനാതത്വങ്ങൾ നടപ്പാക്കുന്നതി

നു വേണ്ടി പാസാക്കുന്ന നിയമങ്ങളും സ്ത്രീകളുടെ മനുഷ്യാവകാശനിയമങ്ങളും കടലാസിൽ മാത്രം അവശേഷിക്കാതിരിക്കണമെങ്കിൽ സമൂഹത്തിന് നിയമപരമായ ബോധമുണ്ടാകേണ്ടിയിരിക്കുന്നു.

# 4

# പുതിയ സാമ്പത്തിക നയവും സ്ത്രീകളും

പുതിയ സാമ്പത്തിക നയത്തിൻെറയും ഗാട്ട് കരാറിൻെറയും തിക്തഫലങ്ങൾക്കെതിരായി വനിതാ സംഘടനകൾ ഒറ്റക്കെട്ടായി പ്രതിഷേധിച്ചിട്ടുണ്ട്. സാമ്രാജ്യത്വ ശക്തികൾ ലോകബാങ്ക്, അന്താരാഷ്ട്ര നാണയനിധി, ഡബ്ളിയു.റ്റി.ഒ. പോലുള്ള സ്ഥാപനങ്ങൾ എന്നിവയെ ഉപയോഗിച്ച് നമ്മുടെ രാജ്യത്തിൻെറ പരമാധികാരത്തെ ഹനിക്കുന്നു; വികസിതരാജ്യങ്ങൾ ഇന്ത്യയെപ്പോലുള്ള മൂന്നാം ലോകരാജ്യങ്ങളിലെ വികസിച്ചുവരുന്ന മാർക്കറ്റിൽ കടന്നുകൂടുന്നു; അവരുടെ സാമ്പത്തിക പ്രതിസന്ധി നമ്മുടെ ചുമലിലേയ്ക്ക് കൈമാറാൻ നോക്കുന്നു; അമിതലാഭത്തിനു വേണ്ടി മൂന്നാം ലോകരാജ്യങ്ങളിലെ ജനങ്ങളെ ചൂഷണം ചെയ്യുന്നു, ഇങ്ങിനെ പലതരത്തിലാണ് നമ്മെ ബാധിക്കുന്നത്. ഈ നീക്കം ഇന്നുള്ള വിവേചനങ്ങൾ കൂടുതലാക്കും. മതമൗലികവാദം, ജാതീയമായ വിവേചനവും മർദ്ദനവും, ന്യൂനപക്ഷങ്ങളോടുള്ള വിവേചനം, ആദിവാസികളെ ആക്രമിക്കൽ മുതലായവകൊണ്ട് വിഷമിക്കുന്ന സമയത്താണ് ഈ പുതിയ ഭീഷണി.

പുതിയ സാമ്പത്തിക നയത്തിന് ഗവൺമെൻറിൻെറയും, പ്രബല വിഭാഗങ്ങളുടെയും, ധനികരുടെയും ഒത്താശയുണ്ടെന്നതുകൊണ്ടാണ് അത് നടപ്പിലാക്കാൻ സാധിയ്ക്കുന്നത്. ഇന്ത്യയിലാണെങ്കിൽ ഇടത്തരവിഭാഗത്തിൽപ്പെട്ട 10 കോടി ഉപഭോക്താക്കളാണുള്ളത്. ഈ 10 കോടി ഉപഭോക്താക്കൾ യൂറോപ്പിലെ ഏറ്റവുമധികം ജനസംഖ്യയുള്ള രാജ്യങ്ങളിലെ ജനസംഖ്യയോട് തുല്യമാണ്. ഇവരെ വ്യാമോഹിപ്പിച്ച് വശീകരിക്കാൻ ശ്രമം നടക്കുകയാണ്. സ്ത്രീകളെയും ഇത് സ്വാധീനിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കി വേണം സമരതന്ത്രമാവിഷ്ക്കരിയ്ക്കാൻ.

സാമ്പത്തികരംഗത്തു മാത്രമല്ല സാമൂഹ്യ രാഷ്ട്രീയരംഗത്തും എസ്.എ.പി.യുടെ ആഘാതം കാണാം. ഈ നയം സ്വതന്ത്രമാർക്കറ്റിനെ കേന്ദ്രീകരിക്കുന്നതും ഭരിക്കുന്നതുമാണ്. ജീവിതമൂല്യങ്ങൾ കഴിയുന്നവേഗം ധനസമ്പാദനം എന്നതിലൊതുക്കുന്നു. മനുഷ്യബന്ധങ്ങളുടെ തകർച്ച വ്യവസായവൽക്കരണം, പെരുകി വരുന്ന അതിക്രമങ്ങൾ എന്നിവയാണ് ഇതിൻെറ ഫലം. ഇതിൽ സ്ത്രീകളാണ് ഏറ്റവും അധികം കഷ്ടപ്പെടുന്നത്. ആഗോളവൽക്കരണ നയത്തിൻെറ ഫലമായി തീരുമാനങ്ങളെടുക്കുന്നത് പുറത്തുള്ളവരാണ്. തീരുമാനങ്ങളെടുക്കാനുള്ള സമിതികളിൽ നിന്ന് ഇപ്പോൾ തന്നെ ഒഴിച്ചുനിർത്തപ്പെട്ടിരിക്കുന്ന സ്ത്രീകൾ ഇനിയും കൂടുതൽ പുറംതള്ളപ്പെടും.

പൗരനെന്നനിലയ്ക്ക് തൊഴിലെടുക്കുന്നവൾ, ഉൽപാദനത്തിൽ പങ്കാളി, ഉപഭോക്താവ്, ഭാര്യ, അമ്മ, മനുഷ്യജീവി എന്നീ നിലകളിൽ മാന്യമായ ജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്ന സ്ത്രീക്ക് പലവിധത്തിലുള്ള തിരിച്ചടിയാണ് പുതിയ നയം എന്നുള്ളതുകൊണ്ടാണ് വനിതാ പ്രസ്ഥാനങ്ങൾ അതിനെ എതിർക്കുന്നത്.

## സാഹചര്യം

1991-ൽ വലിയൊരു കടബാദ്ധ്യത ഒഴിവാക്കാനാണ് ലോകബാങ്കിൻെറയും ഐ.എം.എഫ്.ൻെറയും സഹായത്തോടെ പുതിയ നയം കൊണ്ടുവന്നത്. പക്ഷെ ഇതിൻെറ കൂടെ വന്നത് ഗവൺമെൻറിൻെറ ക്ഷേമപ്രവർത്തനങ്ങൾ വെട്ടിച്ചുരുക്കൽ, പൊതുമേഖലാസ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം, തുറന്ന മാർക്കറ്റ്, എല്ലാ മേഖലകളിലും വിദേശ മൂലധനം, അവരുടെ ചൂഷണം, സാമ്പത്തിക പുനഃസംഘടന, തൊഴിൽ എന്നിവയുടെ തകർച്ച, വിലനിയന്ത്രണം എടുത്തുകളയൽ എന്നിവയാണ്. നേരത്തെ വാങ്ങിയ ഐ.എം.എഫ്. കടത്തിൻെറ ഭാഗമായി 80കളിൽ തന്നെ ചെറിയ തോതിൽ ഈ നടപടികൾ വന്നതാണ്. അന്നുതന്നെ ഇറക്കുമതി ഉദാരവൽക്കരണത്തിൻെറ ഭാഗമായി ഉപഭോഗവസ്തുക്കളുടെ അമിതമായ ഇറക്കുമതി വിദേശ നാണ്യ ശേഖരത്തെ ബാധിച്ചിരുന്നു. ഇന്ന് ഇന്ത്യയുടെ കടഭാരം 1991-ൽ 163, 311 കോടിയുണ്ടായിരുന്നത് 1993-ൽ 282, 904 കോടിയായി ഉയർന്നു. ഓരോ ഇന്ത്യൻ പൗരനും ജനിക്കുന്നത് 3000 രൂപയുടെ കടഭാരത്തോടുകൂടിയാണ് എന്നർത്ഥം.

ചുരുക്കിപ്പറഞ്ഞാൽ ഭൂരിപക്ഷം ജനതയും താണവരുമാനക്കാർ, നിരക്ഷരർ, ആരോഗ്യമില്ലാത്തവർ, വിശപ്പുമാറാത്തവർ, പോഷകാഹാരമില്ലാത്തവർ ആണ്. ഗവൺമെൻറടക്കമുള്ളവരുടെ ആത്മാർത്ഥമായ ശ്രമത്തിനെ ഇത് മാറ്റാനാവൂ. പക്ഷെ എസ്.എ.പി. നിർദ്ദേശം മറിച്ചാണ്. പുതിയ നയം നടപ്പാക്കിയിട്ട് 3 വർഷങ്ങളെ ആയുള്ളുവെങ്കിലും ഭൂരിപക്ഷം ജനങ്ങൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക് അതിൻെറ ദോഷം അസഹ്യമായിട്ടുണ്ട്.

## വിലക്കയറ്റം, ഭക്ഷ്യഭദ്രത, സ്ത്രീകൾ

നമ്മുടെ ഏറ്റവും വലിയ വിപത്ത് ഇന്ന് വിലക്കയറ്റമാണ്. 1987-88ൽ ഗ്രാമങ്ങളിലും പട്ടണങ്ങളിലുമായി ദാരിദ്ര്യരേഖയ്ക്കു താഴെയുണ്ടായിരുന്നവർ 361 ദശലക്ഷമാണ്. പഠനങ്ങൾ കാണിക്കുന്നത് 1991നും 94നും ഇടയ്ക്കു ഈ സ്ഥിതി വഷളായിട്ടുണ്ടെന്നാണ്. പ്രതിശീർഷം ധാന്യങ്ങളുടെ ഉപഭോഗം 14 ഗ്രാം കണ്ട് കുറഞ്ഞു. ദരിദ്രരുടെ ഏക പ്രോട്ടീൻ ആഹാരമായ പരുപ്പിൻെറ സ്ഥിതി ഇതിലും മോശമാണ്. ഭക്ഷ്യധാന്യങ്ങളുടെ വില 20% കൂടിയിട്ടുണ്ട്. പൊതുവെ ഭക്ഷണം കുറഞ്ഞു. ലിംഗവിവേചനം കാരണം, ക്ഷാമക്കാലത്ത് താരതമ്യേന സ്ത്രീകളുടെ ഭക്ഷണം കൂടുതൽ കുറയുന്നു എന്നത് ഗവൺമെൻറടക്കം കാണുന്നില്ല. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരിൽ ഭൂരിഭാഗവും സ്ത്രീകളും കുട്ടികളും, സ്ത്രീകൾ ഭരിയ്ക്കുന്ന കുടുംബങ്ങൾ, വിധവകൾ, പെൺകുട്ടികൾ എന്നിവരാണ്. വിലക്കയറ്റം സ്ത്രീകൾക്ക് വലിയൊരടിയാണെന്നു പറയാതെ വയ്യ.

വ്യവസായവൽക്കരണത്തിൻെറ പേരിൽ വ്യവസായികൾക്ക് ഉദാരവൽക്കരിച്ച നികുതിയാണെങ്കിലും അതുപോലും കൊടുത്തുതീർക്കാതെ കള്ളപ്പണം കുന്നുകൂടുന്നു. സത്യസന്ധമായി വ്യവസായികൾ നികുതിയടച്ചിരുന്നെങ്കിൽ ദേശീയവരുമാനം 11,000 കോടിയിൽ നിന്ന് 25,000 കോടിയായി ഉയരുമായിരുന്നു എന്ന് പഠനങ്ങൾ കാണിക്കുന്നു. ഇത് വസൂലാക്കുന്നതിന് പകരം പാവപ്പെട്ടവൻെറ ആവശ്യസാധനങ്ങളുടെ വിലകൂട്ടി, പൊതുവിതരണസമ്പ്രദായം തകർത്ത് ചൂഷണം ചെയ്യുന്നു. റേഷനരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ വില പൊതുമാർക്കറ്റിലെ വിലയുമായി വലിയ വ്യത്യാസമില്ലാതാക്കിയിരിക്കുന്നു. പുതിയ നയത്തിൻെറ ഭാഗമായി, സബ്സിഡികൾ എടുത്തുകളയുക മാത്രമല്ല പൊതുവിതരണസമ്പ്രദായം വെട്ടിക്കുറച്ച് ലക്ഷക്കണക്കിന് പാവപ്പെട്ടവർക്ക് റേഷൻ കാർഡ് പോലും നിഷേധിച്ചിരിക്കുന്നു. ഉള്ള റേഷൻ കടകളിൽ സാധനങ്ങളില്ല. അളവ് കുറച്ചു. ഉദാഹരണത്തിന് ആന്ധ്രയിൽ ഒരു കുടുംബത്തിൻെറ ക്വോട്ട പ്രതിമാസം 25 കിലോ ആയിരുന്നത് 16 ആക്കി കുറച്ചു. വില 2 രൂപയായിരുന്നത് $3^1/_2$യാക്കി. പിന്നെ 5.37 ആക്കി. (ഇരട്ടിയിലധികം)

ആരോഗ്യവകുപ്പിൻെറ പഠനം കാണിക്കുന്നത് ദിവസവും 370 ഗ്രാം ഭക്ഷണമെങ്കിലും ഒരു വ്യക്തിയ്ക്ക് അത്യാവശ്യമാണെന്നാണ്. അതുപ്രകാരം നോക്കിയാൽ പൊതുവിതരണരംഗത്ത് 32.4 ദശലക്ഷം ടൺ ഭക്ഷ്യധാന്യം കൂടി വിതരണം ചെയ്യണം. പക്ഷെ 1991-93-ൽ വിതരണം 20.8 ദശലക്ഷം ടണ്ണിൽ നിന്ന് 15.1 ദശലക്ഷം ടൺ ആയി കുറച്ചു. അങ്ങിനെ ഭൂരിപക്ഷം ജനതയും പൊതുവിപണിയെ ആശ്രയിക്കുന്നു. ഫലം വിശപ്പും, പോഷകാഹാരക്കുറവും. ഇക്കാലത്താണ് പട്ടിണിമരണങ്ങൾ (ആദിവാസികളിൽ പ്രത്യേകിച്ച്) പല സംസ്ഥാനങ്ങളിലും ഉണ്ടായത്.

ഗാട്ട് കരാർ ഒപ്പുവെയ്ക്കുന്നതിന്, വിദേശമൂലധനത്തിന് ഇൻഡ്യയെ വിൽക്കലാണെന്നും, വിലക്കയറ്റം രൂക്ഷമാകുമെന്നും കർഷകർക്ക് ദോഷകരമാണെന്നുമുള്ളതിനാൽ ശക്തമായ എതിർപ്പുണ്ടായി. ഗാട്ട് കരാർ ദേശീയ വ്യവസായവികസനത്തിന് ദോഷം ചെയ്യും. പേറ്റൻറ് നിയമം ഉൽപന്നത്തിനു മാത്രമല്ല ഉൽപാദനപ്രക്രിയയ്ക്കും ബാധകമാകും. ഇതിൻെറ ദോഷഫലം ഏറ്റവുമധികം കാണുക ഔഷധവ്യവസായത്തിലാണ്. ഇൻഡ്യൻ ശാസ്ത്രജ്ഞന്മാർ പഠനം നടത്തി കണ്ടുപിടിച്ച മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിന് പകരം വില കൂടിയ വിദേശ മരുന്നുകളായിരിക്കും വിപണിയിലെത്തുക. ബഹുരാഷ്ട്രകുത്തക കമ്പനികൾക്ക് ഭാരിച്ച പ്രതിഫലം കൊടുക്കുക മാത്രമല്ല ജീവൻരക്ഷാ മരുന്നുകൾ കിട്ടാതാവുകയും ചെയ്യും.

സേവനമേഖല സ്വകാര്യവൽക്കരിച്ചപ്പോഴും വില കൂടി. ഉദാഹരണത്തിന് ബസ്സുകൾ ചില സ്ഥലങ്ങളിൽ ചാർജ് ഇരട്ടിയായി. മറ്റൊന്ന് ഇലക്ട്രിസിറ്റി. വലിയൊരു അമേരിക്കൻ കമ്പനി ഇൻഡ്യാ ഗവൺമെൻറുമായി കരാർ ഒപ്പുവെച്ചിരിയ്ക്കുന്നത് കമ്പനിക്ക് 16% ലാഭം ഉറപ്പാക്കിക്കൊണ്ടാണ് മഹാരാഷ്ട്രയിൽ. ഇതിനർത്ഥം ഉപഭോക്താവ് വളരെക്കൂടുതൽ ചാർജ് കൊടുക്കേണ്ടിവരും എന്നാണ്.

## സ്ത്രീകളുടെ തൊഴിലും തൊഴിൽ സാഹചര്യവും

സ്ത്രീകൾക്ക് തൊഴിലും സാമ്പത്തിക സ്വാതന്ത്ര്യവും തുല്യതയ്ക്ക് അത്യാവശ്യമാണെന്ന് അംഗീകരിയ്ക്കപ്പെട്ടതാണ് തൊഴിലാളിവർഗ്ഗത്തിലുള്ള സ്ത്രീകൾ

ക്ക് പ്രത്യേകിച്ചും 90% അതിലധികം സ്ത്രീകളും തൊഴിലെടുക്കുന്നത്. അസംഘടിത മേഖലയിൽ അതിൽ 76% കൃഷിപ്പണിയിൽ. 1991-ലെ സെൻസസ് പ്രകാരം 28.3 ദശലക്ഷം സ്ത്രീകൾ തുച്ഛമായ കൂലിയ്ക്ക് വർഷത്തിൽ 100 ദിവസം പോലും ജോലിയില്ലാത്ത കർഷകത്തൊഴിലാളികളാണ്. 30-35% ഗ്രാമീണ കുടുംബങ്ങൾ സ്ത്രീയുടെ വരുമാനം മാത്രം ആശ്രയിച്ചുകഴിയുന്നു. 21.5 ദശലക്ഷം സ്ത്രീകൾ കുടുംബ കൃഷിസ്ഥലങ്ങളിൽ ജോലി ചെയ്യുന്നു. സ്ത്രീയ്ക്ക് സ്വത്തവകാശമില്ലാത്തതുകൊണ്ട് ഭൂമി വീട്ടിലെ പുരുഷന്മാരുടെതായിരിയ്ക്കും. ഈ ജോലിയ്ക്ക് ശമ്പളമില്ല. കുടുംബനിലനിൽപിനുള്ള ജോലിയാണെങ്കിലും ശമ്പളമില്ലാത്തതുകൊണ്ട് അംഗീകാരമില്ല. സംഘടിതമേഖലയിൽ 14% മാത്രമാണ് സ്ത്രീകൾ. തൊഴിലുടമ ഗവൺമെൻറും ഈ സ്ഥിതി സമൂലമായി മാറ്റേണ്ടിയിരിക്കുന്നു.

വിവിധ വ്യവസായങ്ങളിൽ നിന്ന് സ്വയം പിരിഞ്ഞുപോകാൻ നിർബന്ധിതരാകുന്ന പുരുഷന്മാരുടെ എണ്ണം 65,000ത്തോളം വരും. ഇതും സ്ത്രീകളെ ബാധിയ്ക്കുന്നു. തുണി വ്യവസായങ്ങളിലെ തൊഴിലാളികളുടെ ഭാര്യമാർ വീട്ടുപണിയും കോൺട്രാക്ട് ജോലികളും മറ്റും ചെയ്ത് വീടുപുലർത്താൻ നിർബന്ധിതരാകുന്നു. ഇത്തരം കോൺട്രാക്ട് ജോലികളിൽ കൂലിക്കുറവും തൊഴിൽ ഭദ്രത ഇല്ലായ്കയും മോശമായ തൊഴിൽ സൗകര്യങ്ങളുമാണ് അനുഭവം.

കയർ, കശുവണ്ടി, പുകയില, ഖാദി, കൈത്തറി, മത്സ്യം എന്നീ മേഖലകളിലാണ് സ്ത്രീകൾക്ക് തൊഴിൽ കൂടുതൽ കിട്ടുന്നത്. പുതിയ സാമ്പത്തിക നയവും ഉദാരവൽക്കരണവും മറ്റും ഈ രംഗങ്ങളിലും കുഴപ്പം സൃഷ്ടിച്ചിരിയ്ക്കുന്നു. ആന്ധ്രയിലെ നെയ്ത്തു തൊഴിലാളികളുടെ പട്ടിണിമരണം ഒരുദാഹരണമാണ്. നെയ്ത്തുകാർ 44%വും സ്ത്രീകളാണ്. 1991 ആഗസ്ത് 30നും നവംബർ 8നുമിടയ്ക്ക് 73 നെയ്ത്തു തൊഴിലാളികൾ പട്ടിണിമൂലം മരിച്ചു. 1991-ൽ കയറ്റുമതി ഉദാരവൽക്കരണത്തിൻെറ ഫലമായി പരുത്തിയും നൂലും വലിയ തോതിൽ കയറ്റുമതി ചെയ്യപ്പെട്ടു. പരുത്തിയുടെയും നൂലിൻെറയും വില കൂടി. തുണിയുടെ വില കൂടിയതുമില്ല. ഇത് തൊഴിലാളികളെ പട്ടിണിയിലാക്കി. പിന്നത്തെ കൊല്ലം പരുത്തിയുടെ വില കുത്തനെ ഇടിഞ്ഞത് പരുത്തി കൃഷിക്കാരെ, 15 പേരുടെ ആത്മഹത്യവരെ എത്തിച്ചു. കഷ്ടപ്പെട്ടു ജീവിച്ചിരുന്ന കൃഷിക്കാരെ പട്ടിണിമരണത്തിലെത്തിച്ചു. സ്ത്രീകൾ വേശ്യാവൃത്തിയിലേയ്ക്കു വലിച്ചിഴയ്ക്കപ്പെട്ടു. പെൺകുട്ടികൾ വിൽക്കപ്പെട്ടു.

പട്ടുനൂൽ വ്യവസായത്തിലും ലക്ഷക്കണക്കിന് സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട്. ഉദാരവൽക്കരണവും ഇറക്കുമതിയും കാരണം ഇവരും നിരാധാരരായി. മത്സ്യബന്ധന മേഖലയിലും ബഹുരാഷ്ട്രകുത്തകകൾ മെഷീൻ പിടിപ്പിച്ച ബോട്ടുകളുമായി ആഴക്കടൽ മത്സ്യങ്ങളെപ്പോലും തൂത്തുവാരിക്കൊണ്ടുപോകുന്നത് ലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളികളെ പട്ടിണിയിലാക്കി. കയർ മേഖലയിലും മെഷീനുകളുടെ ഭീഷണി നിലനിൽക്കുന്നു.

പുതിയ സാമ്പത്തികനയം സ്ത്രീകൾക്ക് ലഭ്യമായിരുന്ന തൊഴിലും ഇല്ലാതാക്കി, അവരെ അനൗപചാരിക അസംഘടിത മേഖലയിലേയ്ക്ക് തള്ളിവിട്ടിരിക്കുന്നു. വലിയ വ്യവസായികൾപോലും തൊഴിൽ നിയമങ്ങളെ മറികടക്കാൻ അനുബന്ധ

ജോലികൾ സ്ത്രീകളെക്കൊണ്ട് വീട്ടിൽ വെച്ച് ചെയ്യിപ്പിയ്ക്കുന്നു. പ്രത്യേകിച്ച് തയ്യൽ, തുകിൽ, ഇലക്ട്രോണിക് വ്യവസായങ്ങളിൽ. ഉദാഹരണത്തിന് ബോംബെയിൽ കയറ്റുമതിയ്ക്കുള്ള തയ്യൽ പണികളിൽ ബട്ടൺ പിടിപ്പിയ്ക്കൽ (ഓരോ ബട്ടൺ പിടിപ്പിയ്ക്കുന്നതിനും 1 മുതൽ 5 പൈസ) അതായത് 50 ബട്ടൺ 8-10 മണിക്കൂറിൽ പിടിപ്പിച്ചാൽ 12 - 50+2-50 കൂലി കിട്ടും. മിനിമം കൂലി 30 രൂപയാണെന്നോർക്കണം.

ലതർ വ്യവസായത്തിൽ സ്ത്രീകളെ ബെൽട്ട് ഉണ്ടാക്കാൻ ഉപയോഗിക്കുന്നു. ദിവസം 20-25 ബെൽട്ട് ഉണ്ടാക്കും. ഓരോ ബെൽട്ടിനും 60 പൈസ. ജലന്ദറിൽ റബർ ഷൂ ഫാക്ടറികൾ ഡസന് 55 പൈസ പ്രതിഫലം കൊടുത്ത് ചെരുപ്പിൻെറ സ്ട്രാപ്പ് ഉണ്ടാക്കിക്കുന്നു. ഗവൺമെൻറ് ഇത്തരം തൊഴിലുകൾ സ്ത്രീകൾക്ക് സഹായകരമെന്ന നിലയിൽ പ്രോത്സാഹിപ്പിക്കുന്നു. അസംഘടിതമേഖലയിലുള്ള ഇത്തരം തൊഴിലുകൾക്ക് സംരക്ഷണമോ ആനുകൂല്യമോ ഇല്ല. ബഹുരാഷ്ട്ര കുത്തകകൾ മാർക്കറ്റ് പിടിയ്ക്കാൻ തുടങ്ങിയതോടെ സ്വയംതൊഴിൽ കണ്ടെത്തലിന് പ്രസക്തിയില്ലാതായി. കഴിഞ്ഞ കുറച്ചു വർഷങ്ങളിലായി 4 ലക്ഷം ചെറുകിട വ്യവസായങ്ങളാണ് പൂട്ടിയത്. സഹകരണമേഖലയും കുത്തഴിഞ്ഞുകിടക്കുന്നു. ബാങ്കുകൾ സ്വകാര്യവൽക്കരിക്കുന്നതിൻെറ ഫലമായി കടം കിട്ടാനില്ല. സ്വയംതൊഴിൽ കണ്ടെത്താനുള്ള പൊതുമേഖലാ ബാങ്കുകളുടെ സഹായധനവും വെട്ടിക്കുറച്ചിരിയ്ക്കുന്നു.

ഇന്ത്യൻ ട്രേഡ് യൂണിയൻ പ്രസ്ഥാനം സ്ത്രീകളുടെ പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിൽ വിജയിച്ചിട്ടില്ലെങ്കിലും പ്രത്യേകിച്ച് അസംഘടിതമേഖല യിലെ സ്ത്രീകളുടെ പുത്തൻ സാമ്പത്തിക നയത്തിനെതിരായും തൊഴിൽ ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചതിനുമെതിരായി ശക്തമായ സമരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. സംഘടിത മേഖലകളിൽപോലും തൊഴിലില്ലായ്മയെ മുതലെടുത്ത് കയറ്റുമതി പ്രോത്സാഹിപ്പിക്കാനെന്ന പേരിൽ ട്രേഡ് യൂണിയൻ അവകാശങ്ങളേയും ട്രേഡ് യൂണിയനുകളേയും നിഷേധിക്കുന്നു. തൊഴിൽ നിയമങ്ങൾ ലംഘിക്കപ്പെടുന്ന ഇത്തരം വ്യവസായങ്ങളിൽ പണിയെടുക്കാൻ കുടിയേറ്റക്കാരായ വനിതകൾ സാമ്പത്തികമായും ലൈംഗികമായും ചൂഷണം ചെയ്യപ്പെടുന്നു. വികസനം പ്രതീക്ഷിക്കുന്ന മേഖലയാണിതെന്നതുകൊണ്ട് ഈ രീതി മറ്റു പ്രദേശങ്ങളിലേയ്ക്കും വ്യാപിയ്ക്കാനാണ് സാദ്ധ്യത.

വിദേശ കുത്തകകളുടെ മുതൽമുടക്ക് 2.4 ദശലക്ഷം തൊഴിൽ അവ സരങ്ങളുണ്ടാകുമെന്ന് ഗവൺമെൻറ് പറയുന്നു. പക്ഷെ വരുന്ന മുതലെല്ലാം സ്റ്റോക്ക് എക്സ്ചേഞ്ചുകളിലേക്കാണ് വരുന്നത്. എന്നു വേണമെങ്കിലും അത് പിൻവലിക്കുകയുമാവാം. ഭാവിയിൽ വ്യവസായങ്ങൾ തുടങ്ങിയാലും സ്ഥിതിഗതികൾ അനിശ്ചിതമാണ്. വാർത്താവിനിമയം, വിദ്യുച്ഛക്തി, എണ്ണ എന്നീ വ്യവസായങ്ങളിൽ തൊഴിൽ സാധ്യത കുറവാണ്. പണ്ട് ഈസ്റ്റ് ഇന്ത്യാ കമ്പനി (ബ്രിട്ടീഷുകാർ) ഇന്ത്യയിൽ മാർക്കറ്റ് പിടിച്ചടക്കിയത് ഓർമ്മിപ്പിക്കുമാറ് ബഹുരാഷ്ട്ര കുത്തകകളുടെ വരവ് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നില്ല. ടൂറിസം വ്യവസായത്തിന് സാധ്യതയുണ്ട്. അതോടെ സ്ത്രീകളെ ലൈംഗികമായി ചൂഷണം ചെയ്യലും കൂടാനാണ് സാധ്യത.

ഇടത്തരക്കാരായ സ്ത്രീകൾക്ക് തൊഴിലും സ്വാതന്ത്ര്യവും കൂടുതലുണ്ടാകുമെന്ന വ്യാമോഹം ഉണ്ട്. അഭ്യസ്തവിദ്യരായ കുറച്ചു സ്ത്രീകൾക്ക് തൊഴിൽ കിട്ടിയിട്ടുമുണ്ട്, സ്വകാര്യമേഖലയിൽ. പക്ഷെ നഷ്ടപ്പെട്ട തൊഴിൽ സാധ്യതയുമായി താരതമ്യപ്പെടുത്താൻ വയ്യാ എന്നു മാത്രമല്ല, സ്ത്രീകളിൽ വർഗവൈരുദ്ധ്യം കൂടുകയും ചെയ്തു. പക്ഷെ തൊഴിൽ സ്ഥലത്തെ ശല്യങ്ങളും ലൈംഗികചൂഷണവും സ്ത്രീകളെ യോജിപ്പിയ്ക്കാനും സംഘടിത ചെറുത്തുനിൽപിന്നും പ്രേരിപ്പിയ്ക്കും.

## സ്ത്രീകൾ കാർഷിക രംഗത്ത്

ഇന്ത്യയിൽ ഭൂരിപക്ഷം ജനതയ്ക്ക് ഉപജീവനമാർഗം കൃഷിയാണ്. ഗ്രാമീണരിൽ മാടുവളർത്തൽ, ഇഷ്ടികയുണ്ടാക്കൽ, കൈത്തൊഴിൽ മുതലായ തൊഴിലുകളിൽ ഏർപ്പെടുന്നവരും കുറവല്ല. ഇവരിൽ മിക്കവരും പട്ടികജാതിക്കാരായതുകൊണ്ട് അതിൻേറതായ വിഷമങ്ങളുമുണ്ട്. സ്ത്രീകളാണെങ്കിൽ വർഗം, ജാതി, ലിംഗ വിവേചനം അനുഭവിക്കുന്നു. കുറച്ചുകാലം മുമ്പ് ഒരു പാർലമെൻററി കമ്മറ്റി തയ്യാറാക്കിയ റിപ്പോർട്ടിൽ ഇവരുടെ ദയനീയ സ്ഥിതി എടുത്തുകാട്ടിയിട്ടുണ്ട്. മറ്റു രാജ്യങ്ങളിലേതുപോലെ ഇന്ത്യയിലും വയൽ ഉഴുതുമറിക്കുന്നതൊഴിച്ച് മറ്റെല്ലാ ജോലികളും സ്ത്രീകളാണ് ചെയ്യുന്നത്. പക്ഷെ പുരുഷമേധാവിത്വസമൂഹം സ്ത്രീകൾ ചെയ്യുന്ന ജോലി അത്യദ്ധ്വാനമുള്ളതാണെങ്കിലും അതിനെ രണ്ടാം തരം ജോലിയായും ഭാരമില്ലാത്തതായും കണക്കാക്കുന്നു. കൂലി കുറഞ്ഞതുമാണ്. കൊയ്ത്തും മെതിയും പുരുഷനോടൊപ്പം ചെയ്താലും കൂലി കുറവാണ്. കൃഷിപ്പണിക്ക് കേന്ദ്രഗവൺമെൻറ് മിനിമം വേതന നിയമ നിർമാണം നടപ്പാക്കാത്ത കാരണം കർഷകത്തൊഴിലാളിക്കും പുരുഷനും തക്കതായ കൂലി കിട്ടുന്നില്ല. സ്ത്രീക്കാണെങ്കിൽ പുരുഷൻെറ കൂലിയുടെ മൂന്നിലൊരു ഭാഗമാണ് പലേടത്തും കിട്ടുന്നത്.

ഒരു കർഷകതൊഴിലാളിക്ക് വിളവിൻെറ ഇനമനുസരിച്ച് വർഷത്തിൽ 100 മുതൽ 150 വരെ ദിവസങ്ങളിൽ തൊഴിൽ കിട്ടുന്നു. മറ്റു ദിവസങ്ങളിൽ കുടുംബം മുഴുവൻ തൊഴിൽ തേടി അലയുന്നു. കർഷകപ്രസ്ഥാനങ്ങളുടെ സമ്മർദം കാരണം ഗവൺമെൻറ് തൊഴിലെടുത്താൽ ഭക്ഷണം എന്ന പദ്ധതി നടപ്പാക്കിയത് ഒരു പരിധി വരെ ആശ്വാസമാണ്. നമ്മുടെ കാലാവസ്ഥ പലേടത്തും വിപത്താകുമ്പോൾ (വെള്ളപ്പൊക്കം, വരൾച്ച മുതലായവ) സർക്കാരിൻെറ ആശ്വാസ നടപടികൾ ജീവൻ നിലനിർത്തുന്നു. പക്ഷെ പുതിയ സാമ്പത്തികനയത്തിൻെറ ക്രൂരത ഈ പദ്ധതികളെ സാരമായി വെട്ടിക്കുറച്ചു എന്നതാണ്. ഇന്ത്യയിൽ ഇന്നുള്ള അടിമതൊഴിലാളി കുടുംബങ്ങളുടെ എണ്ണം, അടിമത്തം ജന്മിയോടാണെങ്കിലും പണക്കാരോടാണെങ്കിലും, ഈ നയം മൂലം വളരെയധികം കൂടാൻ പോകുന്നു. സാമ്പത്തികനയത്തിൻെറയും ഗാട്ട്ൻെറയും ഗ്രാമീണരുടെ മേലുള്ള വിപത്ത് താഴെ പറയുന്നവയാണ്.

ബഹുരാഷ്ട്ര കുത്തകകൾക്ക് ഇഷ്ടം പോലെ ഭൂമി വാങ്ങാൻ അനുവാദം കൊടുത്തിരിക്കുന്നു. ഭൂമി കൈവശം വെയ്ക്കാൻ സീലിംഗ് ഉള്ളത് ഇപ്പോൾ തന്നെ മഹാരാഷ്ട്ര ഗവൺമെൻറ് എടുത്തു കളഞ്ഞു. ഭൂപരിഷ്കരണം എന്നത് ചിന്തിക്കുന്നേയില്ല. ഗവൺമെൻറിൻെറ കൈവശം വിതരണത്തിനുള്ള മിച്ചഭൂമി ബഹുരാഷ്ട്ര

കുത്തകകാം കൈവശമാക്കിയതുകൊണ്ട് ഭൂപരിഷ്കരണവും, സ്ത്രീകൾക്ക് അവകാശത്തിൽ പങ്കുമെന്നുള്ള വനിതാപ്രസ്ഥാനങ്ങളുടെ ആവശ്യം ദുഷ്കരമായിരിക്കുന്നു. അതേസമയം വളം സബ്സിഡിയായും വിള സബ്സിഡിയായും കൊടുത്തിരുന്ന ആശ്വാസം കുറച്ചുകൊണ്ടുവന്നതിൻെറ ഫലമായി ചെറുകിടകൃഷിക്കാർ കഷ്ടത്തിലാവുകയും ഭൂമി വിൽക്കാൻ നിർബന്ധിതരാവുകയും ചെയ്യുന്നു. സ്ത്രീകൾക്ക് ഇപ്പോൾ തന്നെ ഭൂമിയിലവകാശമില്ല.

കയറ്റുമതി ലക്ഷ്യമാക്കിയുള്ള കൃഷി ഇപ്പോൾ തന്നെ ധാന്യങ്ങളെ തഴഞ്ഞ് പരുത്തി, സൂര്യകാന്തി, പഴങ്ങൾ, യൂകാലിപ്സ്, പൂക്കൾ എന്നിവയിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിച്ചിരിയ്ക്കുന്നു. ഈ മാറ്റം ഭക്ഷണത്തിൽ സ്വയംപര്യാപ്തത സാദ്ധ്യമല്ലാതാക്കുന്നു. മറ്റു രാജ്യങ്ങളിലെ അനുഭവം ഈ പ്രവണത രാജ്യത്തിൻെറ പരമാധികാരത്തിനു തന്നെ ഭീഷണിയാണെന്നാണ്. തൊഴിൽ സാദ്ധ്യതയേയും പ്രതികൂലമായി ബാധിയ്ക്കുന്നു. മാറിമാറിയുള്ള വിളകൾ സ്ത്രീകൾക്ക് തൊഴിൽ കൊടുത്തിരുന്നു. പക്ഷെ തൊഴിൽ സാദ്ധ്യതയില്ലാത്ത യൂക്കാലിപ്ടസ് പോലുള്ള വിളകൾ വിപത്താണ്. വലിയ ഭൂവുടമകൾക്ക് ആഗോളതലത്തിലുള്ള വിലവ്യത്യാസങ്ങളോട് മത്സരിയ്ക്കാനും ഒരുപക്ഷെ ഭക്ഷ്യധാന്യങ്ങൾ കയറ്റി അയക്കാനും സാധിക്കുമായിരിക്കും. ഇത് അവരുടെ സ്ത്രീകൾക്കും അനുകൂലം തന്നെ. പക്ഷെ ബഹുഭൂരിപക്ഷം ജനതയ്ക്കും തൊഴിലില്ലായ്മയും കുറഞ്ഞ കൂലിയും തന്നെ അനുഭവം. വലിയ വ്യവസായികളും ബഹുരാഷ്ട്രകുത്തകകളും വിശാലമായ ഭൂപ്രദേശങ്ങൾ വാങ്ങി ചെമ്മീനും മീനും ഉൽപാദിപ്പിച്ച് കയറ്റുമതി ചെയ്യുന്നു. ഒറീസ്സ, തമിഴ്നാട്, ആന്ധ്ര എന്നിവിടങ്ങളിലെ ഫലഭൂയിഷ്ടമായ തീരപ്രദേശങ്ങൾ ഇതിനുവേണ്ടി ഉപ്പുവെള്ളം കയറ്റിയിട്ടിരിയ്ക്കയാണ്. ഇതിൻെറ ഫലമായി നിലത്തിൻെറ ഗുണം പോയെന്നുമാത്രമല്ല ആയിരക്കണക്കിന് കർഷകത്തൊഴിലാളികൾക്ക് സ്ഥലം വിടേണ്ടിവന്നു. കൃഷിഭൂമി പുഷ്പത്തോട്ടങ്ങളാക്കിയതും തൊഴിലില്ലാതാക്കി. പുരുഷന്മാർ തൊഴിൽ തേടി സ്ഥലം വിടുകയും സ്ത്രീകൾക്ക് കുടുംബം ഒറ്റയ്ക്കു പോറ്റേണ്ട ഉത്തരവാദിത്വവും വന്നു.

കൃഷിയുടെ യന്ത്രവൽക്കരണവും തൊഴിലിനെ ബാധിച്ചു. മറ്റൊരു വിപത്ത് ജോലികൾ കോൺട്രാക്ട് അടിസ്ഥാനത്തിലാക്കി എന്നതാണ്. ഇതും തൊഴിൽ ദിനങ്ങൾ കുറച്ചു. കോൺട്രാക്ടർമാരുടെ ചൂഷണവും സഹിക്കേണ്ടിവരുന്നു.

കൂടുതൽ തൊഴിൽ കിട്ടാൻ ഗ്രാമങ്ങളിൽ പദ്ധതികൾ തുടങ്ങുമെന്ന വാഗ്ദാനങ്ങൾ പൊള്ളയാണ്. കാർഷികേതര തൊഴിലുകളും എം.എൻ.സി. ഇല്ലാതാക്കുന്നു. ഉദാഹരണത്തിന് ആന്ധ്രയിലെ ഡയറി വ്യവസായം. (പാൽ) ഇതിലും കാര്യമായി പണിയെടുത്തിരുന്നത് സ്ത്രീകളാണ്. പക്ഷെ കുത്തകകൾ നിവൃത്തിയില്ലാതെ വരുമ്പോൾ മാത്രം അതും നാമമാത്രമായി സ്ത്രീകളെ എടുക്കുന്നു. ഇതിനെതിരായി സ്ത്രീകൾ സംഘടിച്ചു. നെസ്‌ലെ പോലുള്ള വൻ വ്യവസായികളുടെ വരവോടെ കോഓപ്പറേറ്റീവുകളും കഷ്ടത്തിലാണ്. സംസ്ഥാന സർക്കാരിൻെറ സ്ഥാപനമായ വിജയ ഡയറിയിലാണ് കോ ഓപ്പറേറ്റീവുകൾ പാൽ കൊടുത്തിരുന്നത്. അതിനെ പോലും സർക്കാർ സഹായിക്കുന്നില്ല. വിജയ കമ്പനിയ്ക്ക് 9 പാൽ പൊടിയുണ്ടാക്കാനുള്ള യൂണിറ്റുകളും ഒരു ചീസ് യൂണിറ്റുമുണ്ട്. ഇവയ്ക്കോരോന്നിനും 300 നും 400നു

മിടയ്ക്ക് പാൽ ശേഖരിയ്ക്കാനുള്ള കേന്ദ്രങ്ങളും. ചീസ് യൂണിറ്റ് 2.5 ലക്ഷം ലിറ്റർ പാലാണ് വാങ്ങിയിരുന്നത്. ഇതിൽ 40% കുറച്ചാണ് ഇപ്പോഴെടുക്കുന്നത്. ഇതിൻെറ ഉദ്ദേശ്യം നെസ്‌ലെ പോലുള്ള ബഹുരാഷ്ട്രകുത്തകകൾക്ക് പാൽ മുഴുവൻ വാങ്ങാനും വില ഇഷ്ടംപോലെ കൂട്ടാനും അവസരം കൊടുക്കലാണ്. ഇപ്പോൾ വിജയയുടെ ഉൽപന്നങ്ങൾക്ക് മാർക്കറ്റുണ്ടെങ്കിലും കിട്ടാനില്ല. നെസ്‌ലെയാണ് പകരം. പാൽ ഉൽപാദകർക്ക് ഒരുപാട് പണം കൊടുക്കാനുള്ളതുകൊണ്ട് അവർ മാടുകളെ വിൽക്കുകയാണ്. പാൽ ഉൽപാദനം ഉപജീവനമായിരുന്ന സ്ത്രീകളെ ഈ മാറ്റം വളരെയധികം കഷ്ടത്തിലാക്കി.

ഇങ്ങനെ ദാരിദ്ര്യവും വിവേചനവും തൊഴിലില്ലായ്മയും വർദ്ധിച്ചിരിക്കുന്ന സമയത്ത് ഗവൺമെൻറിൻെറ ദാരിദ്ര്യനിർമാർജ്ജന പരിപാടികൾ കുറച്ചിരിക്കുകയാണ്. പുതിയ നയത്തിൻെറ തുടക്കത്തിൽത്തന്നെ വികസനപ്രവർത്തനങ്ങളിൽ കുറവു വരുത്തിയതിനെക്കാളും കൂടുതൽ ശതമാനം തുക ദാരിദ്ര്യനിർമ്മാണത്തിൽ കുറച്ചു. എന്നുവച്ചാൽ ഗവൺമെൻറിൻെറ ചിലവു ചുരുക്കലിൽ സ്ത്രീകൾക്കും പാവപ്പെട്ടവർക്കുമുള്ള ആശ്വാസനടപടികളിലാണ് ചിലവ് ചുരുക്കിയത്. ഉദാഹരണത്തിന് തൊഴിൽ കൊടുക്കാനുള്ള പദ്ധതി എന്നു പറഞ്ഞ റോസ്ഗാർ യോജനയും സ്വയം തൊഴിൽ കണ്ടെത്താനുള്ള സമഗ്ര ഗ്രാമവികസന പദ്ധതിയുമാണ് വെട്ടിക്കുറച്ചത്. ഇതിൽ ആദ്യത്തേത് 1989-90ൽ 864 ദശലക്ഷം തൊഴിൽ ദിവസത്തിൽ നിന്ന് 92-93 ആയപ്പോഴേക്കും 778.3 ദശലക്ഷമായി കുറഞ്ഞു. രണ്ടാമത്തെ പദ്ധതിയിൽ (ഐ.ആർ.ഡി.പി.) 1989-90 കാലത്ത് 3.35 ദശലക്ഷം തൊഴിൽ ദിനങ്ങൾ (എല്ലാവർക്കും കൂടി) ഉണ്ടായിരുന്നത് 2 ദശലക്ഷമായി കുറഞ്ഞു.

സ്ത്രീകൾക്ക് വീട്ടുജോലികൾക്ക് പുറമേ വിറകും കാലിത്തീറ്റയും സംഭരിക്കണം. വ്യവസായികൾക്ക് വിശാലമായ ഭൂപ്രദേശങ്ങൾ വാങ്ങാൻ അനുമതി കിട്ടിയതോടെ കാലികളെ മേയ്ക്കാനും വിറക് ശേഖരിക്കാനും മറ്റും ഒഴിഞ്ഞ സ്ഥലങ്ങളില്ലാതായി. അതേസമയം ഗവൺമെൻറ് കുടിവെള്ളത്തിനും പരിസരശുചീകരണത്തിനും തുക കുറച്ചു. പാർലമെൻററി പാർട്ടി കമ്മറ്റി ഈയിടെ നടത്തിയ സർവ്വേയിൽ കണ്ടത് ഗ്രാമീണ ശുചീകരണം 14.8% മാത്രമെ നടക്കുന്നുള്ളൂ എന്നു കണ്ടു. അങ്ങനെ വരുമ്പോൾ സ്ത്രീകളുടെ അദ്ധ്വാനം കൂടുന്നു. വിലക്കയറ്റം മറികടക്കാൻ കൂടുതൽ സാധനങ്ങൾ വീട്ടിൽ ഉൽപാദിപ്പിക്കുന്നു. ആദിവാസികൾക്ക് കാട് അപ്രാപ്യമായതോടെ അവരും പട്ടിണിയിലാണ്. കാടുകളും വ്യവസായവൽക്കരിച്ചതോടെ ശക്തന്മാരായ കോൺട്രാക്ടർമാർ കാട്ടിലെ ഉൽപന്നങ്ങൾ കൊള്ളയടിക്കുന്നു, വനനശീകരണം നടത്തുന്നു, സ്ത്രീകൾക്ക് അതിൽ പ്രവേശിക്കാനുള്ള അവകാശം നിഷേധിക്കുന്നു. പാരമ്പര്യമായി ആദിവാസി സ്ത്രീകൾക്ക് അറിയാവുന്ന ഔഷധചെടികളും ചികിത്സയും നഷ്ടപ്പെടുന്നു. പക്ഷെ കുത്തകകൾ ഈ മരുന്നുകളും അവരുടെ പേറ്റൻറ് ആക്കി മാറ്റി ആദിവാസികളുടെ അറിവും മിടുക്കും ലാഭമുണ്ടാക്കാൻ ഉപയോഗിക്കുന്നു.

## സാമൂഹ്യരംഗത്തെ ചിലവ് ചുരുക്കൽ

ചിലവ് ചുരുക്കൽ ആരോഗ്യം, വിദ്യാഭ്യാസം, ശിശുസംരക്ഷണം, ദാരിദ്ര്യനിർമാർജ്ജനം എന്നിവയിന്മേലാണ്. വനിതകളുടെയും കുട്ടികളുടെയും ക്ഷേമ

പ്രവർത്തനങ്ങളിലും വെട്ടിക്കുറച്ചിട്ടുണ്ട്. പ്രധാനപ്പെട്ട പദ്ധതികൾ (ഡി.ഡബ്ളിയു.സി.ആർ.എ.) ഗ്രാമീണ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ക്ഷേമപ്രവർത്തനവും, സ്ത്രീകൾക്കായുള്ള സമ്പാദ്യപദ്ധതി - അതായത് വർഷംതോറും 300 ക സമ്പാദ്യത്തിന് സർക്കാർ 75 രൂപ കൂടി കൊടുക്കുന്നതും സമഗ്ര ശിശുവികസന പദ്ധതിയും (ഐ.സി.ഡി.എസ്)ഗർഭിണികൾക്കും 6 വയസ്സിനു താഴെയുള്ള കുട്ടികൾക്കും പാലൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം എന്നിവയാണ് ആ പദ്ധതികൾ. പ്രായമായ സ്ത്രീകൾക്കും വിധവകൾക്കും ആനുകൂല്യങ്ങളും ഇതിൽ പെടും. ഇവയെല്ലാം കാര്യക്ഷമമല്ലെന്നു മാത്രമല്ല ഈ ആനുകൂല്യങ്ങൾ രാഷ്ട്രീയ ലാഭത്തിന് ഉപയോഗിക്കപ്പെടുന്നു. നമ്മുടെ സംഘടനകൾ ഈ പദ്ധതികൾ കാര്യക്ഷമമായും കാലോചിതമായും നടപ്പാക്കണമെന്ന് ആവശ്യപ്പെടുന്നു. ഈ പദ്ധതികൾക്ക് നീക്കിവെപ്പ് പലേടത്തും കുറച്ചിട്ടുണ്ടെന്നു മാത്രമല്ല കേന്ദ്ര സഹായം കിട്ടാത്തതു കാരണം പലേടത്തും പദ്ധതി തന്നെ റദ്ദാക്കിയിരിക്കുന്നു.

ഡി.ഡബ്ളിയൂ.സി.ആർ.എ. യ്ക്കും പോഷകാഹാരത്തിനും കേന്ദ്രനിക്ഷേപം

| കൊല്ലം | തുക (ദശലക്ഷം) | സൂചിക | തുക (ദശലക്ഷം) | സൂചിക |
|---|---|---|---|---|
| 1991 | 160.31 | 100 | 9.2 | 1000 |
| 1992 | 158.82 | 98.7 | 7.0 | 76.0 |
| 1993 | 126.9 | 79.1 | 81.2 | 89.1 |

## ഇന്ത്യാഗവൺമെൻറിൻെറ ചിലവ് ബഡ്ജറ്റ് പ്രകാരം

ഐ.സി.ഡി.എസ്. നുള്ള തുക വെട്ടിക്കുറച്ചതിൻെറ ഫലമായി മഹാരാഷ്ട്രയിലെ അമരാവതി ജില്ലയിലെ ആദിവാസികളുടെ ജീവിതം നരകതുല്യമായത് ഒരുദാഹരണമാണ്. അവർ ദരിദ്രരാണ്; പോഷകാഹാരമില്ലാത്തവരാണ്. മഴക്കാലത്ത് സ്ഥിതി വഷളാവുകയും രോഗങ്ങൾ വന്ന് മരണങ്ങളും സംഭവിക്കുന്നു. 1991 ജൂലൈയ്ക്കും സപ്തംബറിനും ഇടക്ക് 6 വയസ്സിന് താഴെയുള്ള 162 കുട്ടികൾ ധാർണി താലൂക്കിൽ മരണമടഞ്ഞു. 1992-ൽ 157 കുട്ടികളും 1993-ൽ 316 കുട്ടികളും മരിച്ചു. യഥാർത്ഥ മരണസംഖ്യ 500 നോടടുക്കും.

ഈ ആദിവാസി മേഖലയിൽ പോഷകാഹാരകുറവ് 3 ഘട്ടങ്ങളിലായി രൂക്ഷമായെന്നു കാണാം. ആദ്യത്തേത് 1992 ഒക്ടോബർ, നവംബറിൽ ഐ.സി.ഡി.എസ്. വഴി വിതരണം ചെയ്തിരുന്ന "സുക്കഡി", (ഒരുതരം ഗോതമ്പ് റൊട്ടി) നിർത്തലാക്കിയപ്പോൾ രണ്ടാമത് 1993 മഴക്കാലത്ത് റോഡുകളെല്ലാം വെള്ളത്തിലായപ്പോൾ പ്രാഥമികാരോഗ്യകേന്ദ്രത്തിലെത്താൻ സാധിക്കാതെവന്നപ്പോൾ, മൂന്നാമത് സർക്കാരിൻെറ തൊഴിൽ പദ്ധതി നടപ്പാക്കാതിരുന്നപ്പോൾ - സ്വകാര്യക്രഷേകളിൽ കുട്ടികളെ ചേർക്കാൻ പണം ഇല്ലാത്തവർക്ക് സർക്കാർ വക ക്രഷേകളില്ലെങ്കിൽ വിഷമമാണ്. ഉദാരവൽക്കരണത്തിൻെറ ഭാഗമായി ഇപ്പോൾ ഗവൺമെൻറിൻെറ ഗ്രാൻ്റ് വാങ്ങി

സന്നദ്ധസംഘടനകൾ 12000 ക്രഷേകൾ നടത്തുന്നുണ്ട്. ഈ സഹായം 5 കൊല്ലത്തിൽ ഗവൺമെൻറ് നർത്തലാക്കുമെന്നു പറയുന്നു. അതിനർത്ഥം ഒന്നുകിൽ പൂട്ടിയിടുക, അല്ലെങ്കിൽ ഫീസ് കൂട്ടുക. രണ്ടായാലും പാവപ്പെട്ട സ്ത്രീകളാണ് വിഷമിക്കുക.

## വിദ്യാഭ്യാസം

ഇന്ത്യ വിദ്യാഭ്യാസനിലവാരം (സാക്ഷരത) കുറഞ്ഞ സ്ഥലമാണ്. 428 ദശലക്ഷം നിരക്ഷരർ - അതിൽ 275 ദശലക്ഷം സ്ത്രീകൾ. സ്ക്കൂളിൽ ചേരുന്ന പെൺകുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു. സ്ക്കൂളിൽ ചിലവഴിക്കുന്ന ശരാശരി കൊല്ലം 3. നമ്മുടെ രാജ്യത്ത് പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമാക്കുന്ന നിയമമില്ല. നമ്മുടെ സർവ്വേ കാണിക്കുന്നത് ഒരു ഗ്രാമത്തിൽ എല്ലാവർക്കും മിഡിൽ സ്ക്കൂൾ വിദ്യാഭ്യാസം വേണമെങ്കിൽ 50000 പ്രാഥമിക വിദ്യാലയങ്ങളും 440000 മിഡിൽ സ്ക്കൂളുകളും കൂടി ഉണ്ടാവണം. പക്ഷേ പുതിയ സാമ്പത്തികനയത്തിൽ വിദ്യാഭ്യാസത്തിനുള്ള നീക്കിവപ്പു കുറച്ചിരിക്കുന്നു. അതായത് മൊത്തം തുകയുടെ 2% മാത്രം. ഗവൺമെൻറിൻെറ വിദ്യാഭ്യാസത്തിൻെറ സ്വകാര്യവൽക്കരണം പ്രോത്സാഹിപ്പിച്ച് വിദ്യാഭ്യാസം ലാഭം കൊയ്യാനുള്ള പദ്ധതി ആക്കി മാറ്റിയിരിക്കുന്നു.

## ആരോഗ്യം

പുതിയ സാമ്പത്തിക നയത്തിൻെറ ഫലമായി ആരോഗ്യസംരക്ഷണം കൂടുതൽ അവഗണിക്കപ്പെട്ടു. സ്ത്രീകളുടെ ആരോഗ്യമെന്നാൽ കുടുംബാസൂത്രണമാണെന്ന് കരുതപ്പെടുന്നു. ലോകവിഭവങ്ങളുടെ കുറവ് നികത്താൻ എന്ന പേരിൽ പാശ്ചാത്യർ 3-ാം ലോക രാജ്യങ്ങളിലെ ജനസംഖ്യാ നിയന്ത്രണത്തിൽ ഊന്നൽ കൊടുക്കുന്നു. (യഥാർത്ഥത്തിൽ കൂടുതൽ ഉപഭോഗം പാശ്ചാത്യരുടെ ധൂർത്ത് കാരണമാണ്) ഇതിനുവേണ്ടി അപകടകരങ്ങളായ ഗർഭനിയന്ത്രണ ഉപാധികൾ ഉപയോഗിച്ച് സ്ത്രീകളുടെ ആരോഗ്യം നശിപ്പിക്കുന്നു. ഇപ്പോൾ ആരോഗ്യസംരക്ഷണത്തിന് ആകെ നീക്കിവെച്ച ബഡ്ജറ്റിനെക്കാൾ കൂടുതലാണ് കുടുംബാസൂത്രണത്തിന് നീക്കിവച്ചിരിക്കുന്നത്. ഇതിൻെറ പകുതിയെങ്കിലും കുടിവെള്ളം, ശുചീകരണം, അഴുക്കുചാൽ പദ്ധതി എന്നീ വക രോഗം വരുത്തുന്നതിന് തടയാനുള്ള പരിപാടികൾക്ക് ചിലവാക്കിയിരുന്നുവെങ്കിൽ ഇന്ത്യയിലെ സ്ത്രീകളുടെ ആരോഗ്യനില ഇത്ര മോശമാകുമായിരുന്നില്ല.

കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ആരോഗ്യസംരക്ഷണത്തിന് ചിലവാക്കിയതിൽ ഏറ്റവും കൂടിയ തുക 4.8% 1983-84ലായിരുന്നു. പിന്നീട് അത് കുറഞ്ഞുവന്നു. ഏറ്റവും അധികം തുക കുറച്ചത് രോഗം വരുന്നത് തടയാനുള്ള രംഗത്താണ്. 1992-93ൽ മലയേറിയ വരാതിരിക്കാനുള്ള പ്രവർത്തനം കുറച്ചു. ഇതിൻെറ ഫലമായാണെന്ന് പറയാം രാജസ്ഥാനിൽ തലച്ചോറിനെ ബാധിക്കുന്ന മലയേറിയ കാരണം 500 പേർ മരിച്ചു. ക്ഷയവും കുഷ്ടവും വരാതിരിക്കാനുള്ള പ്രവർത്തനം കുറച്ചിരിക്കുന്നു.

ആരോഗ്യസംരക്ഷണം സ്വകാര്യവൽക്കരണത്തിൻെറ ഫലമായി എല്ലാ പരിശോധനകൾക്കും വില കൊടുക്കണം. അടുത്തകാലത്ത് ഉണ്ടായ പ്ളേഗ് നമ്മുടെ ആ

രോഗ്യസ്ഥിതിയുടെ ഉദാഹരണമായിരുന്നു. മുനിസിപ്പൽ സർവ്വീസുകൾ സ്വകാര്യ ഏജൻസികളെ ഏൽപ്പിച്ചിരിക്കുന്നു. പ്ളേഗ് ബാധിത പ്രദേശങ്ങളിലെ 80% ഡോക്ടർമാരും സ്വകാര്യപ്രാക്ടീസ് നടത്തുന്നവരായിരുന്നു. രോഗം കണ്ടപ്പോൾ എല്ലാവരും ഓടിപ്പോയി. ഇന്ത്യയുടെ ധനമന്ത്രി ആകട്ടെ ഒരു പൈസപോലും ഈ ആവശ്യത്തിന് കൂടുതൽ തരില്ലെന്നു പറഞ്ഞു.

ഇന്ദിരാ ആവാസ് യോജന എന്ന പേരിൽ പാവപ്പെട്ടവർക്ക് കുറെ വിലകുറഞ്ഞ വീട് ഉണ്ടാക്കിക്കൊടുത്തിരുന്നതും പുതിയ സാമ്പത്തിക നയത്തിൻെറ ഭാഗമായി വെട്ടിക്കുറച്ചു. പട്ടണങ്ങളിൽ ചേരികൾ വർദ്ധിച്ചുവരുന്നു. തലസ്ഥാന നഗരിയിൽ മാത്രം 700 ചേരീ പ്രദേശങ്ങൾ ഉണ്ടെന്നു കണക്കാക്കപ്പെടുന്നു. ഗ്രാമങ്ങളിൽ നിന്ന് തൊഴിൽ തേടി പട്ടണങ്ങളിലേക്ക് പ്രവാഹമാണ്. അപരിചിതസ്ഥലങ്ങളിൽ എത്തിച്ചേരുന്ന സ്ത്രീകളുടെ സ്ഥിതി പരിതാപകരമാണ്. ഇങ്ങനെ കുടിയേറിപ്പാർക്കുന്നവരെ സർക്കാരിന് തോന്നുമ്പോൾ ഒഴിപ്പിക്കാം. വീടുകൾ നശിപ്പിക്കാം. ചേരിയുടമകളുടെ ചൂഷണവും അസഹ്യമാണ്. കുട്ടികളെ ബലാത്സംഗം ചെയ്യുന്നത് കൂടിവരുന്നു.

## എസ്.എ.പി. യുടെ മറ്റു സമ്മർദ്ദങ്ങൾ

സ്ത്രീകളുടെ വ്യത്യസ്ഥ വർഗ, ജാതി, മത വിഭാഗങ്ങളുടെ അനുഭവം വച്ച് എസ്.എ.പി.ക്കെതിരായ സമരത്തിൽ കൂടുതൽ വ്യക്തതയുള്ളവരാണ് വനിതാ പ്രസ്ഥാനങ്ങൾ. വിദേശ മൂലധനം, ലോകബാങ്ക് ഐ.എം.എഫ്. എന്നിവർ കൂടി ഇന്ത്യാക്കാർക്ക് വേണ്ടി ഉണ്ടാക്കുന്ന നയങ്ങൾ സാമ്പത്തികരംഗത്തു മാത്രമല്ല കുഴപ്പമാകുന്നത്. ഉദാഹരണത്തിന് ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ സ്വകാര്യവൽക്കരിച്ചതിൻെറ ഫലമായി നമുക്ക് കിട്ടുന്ന ടി.വി. പരിപാടികൾ ലൈംഗിക വൈകൃതങ്ങളും അതിക്രമങ്ങളും പ്രോത്സാഹിപ്പിക്കുന്നവയാണ്. ഇത് ഏറ്റവും അധികം കഷ്ടത്തിലാക്കുന്നത് സ്ത്രീകളെയാണ്. പാശ്ചാത്യരുടെ ഇടയിൽ ഇത്തരം നഗ്നപ്രദർശനങ്ങളെപ്പറ്റി അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിലും ഇന്ത്യൻ വനിതകൾക്ക് ശക്തിയായ എതിർപ്പാണ് ഉള്ളത്. ഇന്ത്യൻ വനിതകളുടെ അന്തസും പദവിയും ഉയർത്തിക്കാട്ടുന്നതിലും അധികം താൽപര്യം ചിലർക്ക്, ഹിന്ദു മത മൗലിക വാദികൾക്ക് സ്ത്രീകളെ വിധേയത്വം ഉള്ളവരും, പുരുഷനെ ആശ്രയിക്കുന്നവളും, ത്യാഗസന്നദ്ധരുമായ സ്ത്രീയെ ചിത്രീകരിക്കുന്നതിലാണ്. വനിതാ പ്രസ്ഥാനങ്ങളുടെ അഭിപ്രായം അല്ല ഇത്. സ്വകാര്യവൽക്കരണത്തിൻെറ മറ്റൊരു ഫലം സാമൂഹ്യപിരിമുറുക്കങ്ങളാണ് അമേരിക്കയിൽ ഓരോ 2 മിനിട്ടിലും ഒരു കുട്ടി വെടിവച്ചു കൊല്ലപ്പെടുന്നുവത്രെ. ഇന്ത്യയിലേതായാലും ആക്രമണങ്ങൾ അത്ര വർദ്ധിച്ചിട്ടില്ല. പക്ഷെ സാവധാനം ആ കാടത്തത്തിലേക്കാണ് നീങ്ങുന്നത്. ഒരുദാഹരണം മാത്രം പറയാം. ബലാൽക്കാരങ്ങളെപ്പറ്റി നടത്തിയ ഒരു വർക്ക്ഷോപ്പിൽ ചേരികളിൽ നിന്നും വന്ന സ്ത്രീകൾ അവരുടെ അനുഭവങ്ങൾ പറഞ്ഞു. ചിലർ കൂടുതൽ സമയം ജോലി ചെയ്യേണ്ടി വരുന്നതും കഠിനാദ്ധ്വാനവും അടുത്തകാലത്ത് വന്ന മാറ്റമായി എടുത്തുപറഞ്ഞു. ജോലിയ്ക്ക് ശേഷം കൂടുതൽ ക്ഷീണിതരാകുമ്പോൾ ഭർത്താവിൻെറ പ്രതീക്ഷക്കൊത്ത് പെരുമാറാൻ പറ്റുന്നില്ല. ഫലം മർദ്ദനങ്ങളും അതിക്രമങ്ങളും. ഇത് പുതി

യ സാമ്പത്തിക നയത്തിൻെറ ഭാഗമാണെന്ന് പലരും സമ്മതിക്കില്ല. വനിതാ പ്രസ്ഥാനങ്ങൾ ഈ മാറ്റത്തെ കാണുകയും എസ്.എ.പി. സ്ത്രീകളുടെ ജീവിതഭാരം വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് ഇതിനെ എതിരായി സമരം നിലനിൽക്കുന്നതിനുള്ള സമരമാണെന്ന് മനസ്സിലാക്കുന്നു.

## നിഗമനങ്ങൾ

ഇന്ത്യയുടെ അകത്തും പുറത്തും ഉള്ള പലരും കരുതുന്നതുപോലെ ഇന്ത്യൻ സ്ത്രീകൾ ഈ മാറ്റത്തെ നിസ്സഹായരായി, അനുസരണശീലരായി മിണ്ടാതെ നോക്കി നിൽക്കില്ല. ബഹുഭൂരിപക്ഷം സ്ത്രീകളും തൻെറയും കുടുംബത്തിൻെറയും നിലനിൽപിനുവേണ്ടി പ്രതിബന്ധങ്ങളെ തട്ടിനീക്കി ചെറുത്തുനിൽക്കും. ജീവിത യാഥാർത്ഥ്യങ്ങൾ അവരെ സമരത്തിൻെറ ഭാഷ പഠിപ്പിക്കും. ലിംഗപരമായ വിവേചനം മാത്രമല്ല ജനതയാകെ അനുഭവിക്കുന്ന കഷ്ടപ്പാടുകളുടെ കാരണം അറിയണം. ഇവ രണ്ടും ബന്ധപ്പെട്ടതാണ്. ഈ ബോദ്ധ്യത്തോടുകൂടിയാണ് വിശാലമായ കാഴ്ചപ്പാടോടുകൂടി വനിതാ പ്രസ്ഥാനങ്ങൾ എസ്.എ.പി. മൂലം അനുഭവപ്പെടുന്ന അതിക്രമങ്ങൾക്കെതിരായി ഒറ്റയ്ക്കും കൂട്ടായും ദേശീയ തലത്തിലും പ്രാദേശിക തലത്തിലും സമരം ചെയ്യുന്നത്. സംഘടനകൾ തമ്മിൽ ചില്ലറ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാവാം. പക്ഷെ ഒരു കാര്യത്തിൽ അഭിപ്രായവ്യത്യാസം ഇല്ല. അതായത് എസ്.എ.പി. ഇന്ത്യയ്ക്ക് ആപത്താണ്. ജനങ്ങൾക്കാപത്താണ്. ഇതിനെതിരെ എതിർക്കണം. നേരത്തെ സൂചിപ്പിച്ചതുപോലെ പുരോഗമന പ്രസ്ഥാനങ്ങൾ പണിമുടക്ക്, പ്രക്ഷോഭങ്ങൾ, പ്രാദേശിക പ്രവർത്തനങ്ങൾഎന്നിവയിൽ കൂടി പല വിജയങ്ങളും കൈവരിച്ചിട്ടുണ്ട്. അടുത്തകാലത്ത് പ്രധാനപ്പെട്ട സംസ്ഥാന നിയമസഭകളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൻെറ ഫലം വിലക്കയറ്റത്തിനും, ക്ഷയിച്ചു കൊണ്ടിരിക്കുന്ന ജീവിതനിലവാരത്തിനുമുള്ള തിരിച്ചടിയായിരുന്നു. ജനരോഷത്തിൻെറ തെളിവായിരുന്നു. തീർച്ചയായും വനിതാ പ്രസ്ഥാനങ്ങളുടെ പരിപാടികളിൽ ഈ നയങ്ങളെ തിരുത്തലും സ്ത്രീകൾ ഇതുമൂലം അനുഭവിക്കുന്ന വിഷമങ്ങൾ പരിഹരിക്കലും പ്രധാനപ്പെട്ടവയായിരിക്കും.

# 5

# സ്ത്രീകൾ മാദ്ധ്യമങ്ങളിൽ

മാദ്ധ്യമങ്ങളുടെ പ്രചാരരീതി സ്ത്രീകളെയും മറ്റു പിന്നോക്ക വിഭാഗങ്ങളുടെയും ജീവിതത്തെ വളരെയധികം സ്വാധീനിക്കുന്നുണ്ട്. മുമ്പൊന്നുമുണ്ടായിട്ടില്ലാത്തത്ര മാദ്ധ്യമങ്ങളിൽ വന്ന ശാസ്ത്ര സാങ്കേതിക പുരോഗതി സ്ത്രീയെ ഉപഭോഗവസ്തുവായും കൗതുകവസ്തുവായും വില്പനച്ചരക്കായും സമൂഹത്തിൽ ചിത്രീകരി

ക്കുന്നതിൽ വിജയിച്ചിട്ടുണ്ട്. മാദ്ധ്യമങ്ങളുടെ ശക്തി മനസ്സിലാക്കുന്ന മാദ്ധ്യമ മുതലാളിമാർ പ്രതികരണശേഷിയും വികാരങ്ങളും ഇല്ലായ്മ ചെയ്യാനും പ്രതിഷേധം ഒഴിവാക്കാനും ശ്രമിയ്ക്കുന്നു. ഇത് സ്ത്രീയുടെ പ്രതിഛായ കൂടുതൽ താഴ്ത്തി നിസ്സഹായരാക്കുന്നു.

വളരെ സമർത്ഥമായി അവതരിപ്പിക്കുന്ന ലൈംഗിക അതിക്രമങ്ങൾ പ്രധാനപ്പെട്ട മാദ്ധ്യമങ്ങളിൽ ഏകദേശം ഒരേ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നത്, വനിതാ പ്രസ്ഥാനങ്ങളുടെ, സ്ത്രീകളെ ബോധവൽക്കരിയ്ക്കാനും മൂല്യബോധമുണ്ടാക്കാനും ഉള്ള ശ്രമങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. കാണികളെയും ഇതു സ്വാധീനിക്കുന്നു. ഇതിനെ നേരിടാൻ നമുക്ക് പറ്റിയ ഒരടവ് ഉണ്ടാക്കേണ്ടിയിരിക്കുന്നു.

ഇത് സാധിക്കണമെങ്കിൽ ആദ്യമായി മാദ്ധ്യമങ്ങളുടെ ഇന്നുള്ള സ്വാധീനം, സാമൂഹ്യ കാഴ്ചപാട് എന്നിവ (സ്ത്രീയിലും പുരുഷനിലും) പഠിക്കണം. രണ്ടാമത് സ്ത്രീകളുടെ പദവി മെച്ചപ്പെടുത്താൻ മാദ്ധ്യമങ്ങളെ എങ്ങിനെ ഉപയോഗിക്കാമെന്ന് പരിശോധിക്കണം.

ഒന്നാമതായി സ്ത്രീപുരുഷ ബന്ധത്തെ മാദ്ധ്യമങ്ങൾ എങ്ങിനെ കാണുന്നു എന്നു നോക്കണം. എന്തെന്നാൽ മാദ്ധ്യമങ്ങൾക്ക് യാഥാർത്ഥ്യങ്ങളെ വളച്ചൊടിയ്ക്കാനുള്ള കഴിവുണ്ട്. സ്ത്രീയുടെ ആകർഷണം പെരുപ്പിച്ച് കാണിച്ച് സ്ത്രീയെ തരംതാഴ്ത്തുന്നു. പിന്നെ സ്ത്രീകളും മാദ്ധ്യമങ്ങളും തമ്മിലുള്ള ബന്ധത്തെ സങ്കീർണ്ണമാക്കുന്നു. സാമൂഹ്യ സാംസ്കാരിക ശക്തികളെ പ്രതിഫലിപ്പിക്കുക മാത്രമല്ല സംസ്കാരങ്ങൾക്ക് രൂപം കൊടുക്കുകയും ചെയ്യുന്നു.

## മാദ്ധ്യമങ്ങളും സ്ത്രീകളും - സ്ത്രീകളോടുള്ള വിവേചനം

മാദ്ധ്യമങ്ങൾ സ്ത്രീകളെ ചിത്രീകരിക്കുന്ന വികൃതമായ രീതി ഇന്ത്യയുടെ മാത്രം പ്രത്യേകതയല്ല. ആഗോള പ്രതിഭാസമാണ്. ഇലക്ട്രോണിക് - അച്ചടി മാദ്ധ്യമങ്ങൾ സ്ത്രീകളെ സമൂഹത്തിലെ തുല്യപങ്കാളികളായല്ല വെറും ലൈംഗിക ഉപഭോഗവസ്തുവായി ചിത്രീകരിക്കുന്നു. തല്ക്കാല ലാഭത്തിനും പുരോഗതി വരാതിരിക്കാനും വേണ്ടി പഴകി ദ്രവിച്ച മനുഷ്യത്വഹീനമായ ആചാരങ്ങളെ അവലംബിയ്ക്കുന്നു.

## സാമ്പത്തിക ആഗോളവൽക്കരണവും വിവേചനവും

മാറിക്കൊണ്ടിരിക്കുന്ന സാമ്പത്തിക രാഷ്ട്രീയ കാലാവസ്ഥയും മാദ്ധ്യമങ്ങളുടെ പങ്കും തമ്മിൽ ഒരു കണ്ണി വിട്ടുപോയിട്ടുണ്ട് (വിടവുണ്ടായിട്ടുണ്ട്). ആഗോള സാമ്പത്തിക രാഷ്ട്രീയ മാറ്റങ്ങൾ രാജ്യത്തു പടർന്നുപിടിക്കുന്നതും സ്ത്രീയെ ചിത്രീകരിക്കുന്നതും രണ്ടായി കാണാൻ പറ്റില്ല. ഈ ശക്തികൾ മാദ്ധ്യമങ്ങളെ സ്വാധീനിക്കുന്നു - അത് സ്ത്രീകളെ ചിത്രീകരിക്കുന്നതിൽ പ്രതിഫലിക്കുന്നു. മാദ്ധ്യമങ്ങളുടെ ആഗോളവൽക്കരണവും സമ്പത്തിക ആഗോളവൽക്കരണവും തമ്മിൽ അടുത്ത ബന്ധമുണ്ട്. ലോക സമ്പത്ത്വ്യവസ്ഥയും അസന്തുലിതമായ വികസനവും ഉള്ളവനും

ഇല്ലാത്തവനും തമ്മിലുള്ള അകലം വർദ്ധിപ്പിക്കുന്നു. വിവേചനം കൂടുന്നു. പ്രത്യേകിച്ച് സ്ത്രീകളോട്.

നമ്മുടെതുപോലുള്ള ചൂഷക സമൂഹം പാവപ്പെട്ടവരുടെ മേൽ പ്രത്യേകിച്ചു സ്ത്രീകളുടെ മേൽ അധീശത്വം പ്രോത്സാഹിപ്പിക്കുന്നു. ഈ സമീപനം എല്ലാ രംഗത്തും, മാദ്ധ്യമങ്ങളിലടക്കം പ്രതിഫലിക്കുന്നു - മാദ്ധ്യമങ്ങൾ യാഥാർത്ഥ്യങ്ങൾ എടുത്തുകാട്ടുക മാത്രമല്ല സംഭവങ്ങൾക്ക് രൂപം കൊടുക്കുകയും ലിംഗപരമായ കെട്ടുകഥകൾ ഉണ്ടാക്കുകയും ചെയ്യുന്നു. സമൂഹത്തിൽ സ്ത്രീയുടെ സംഭാവനകൾ എത്ര വലുതായാലും സ്ത്രീയെ രണ്ടാം തരക്കാരിയായി ചിത്രീകരിക്കാനും പുരുഷന്റെ മേൽകോയ്മ സ്ഥാപിക്കാനും മാദ്ധ്യമങ്ങൾ ഉപയോഗിക്കപ്പെടുന്നു.

എല്ലാതരം മാദ്ധ്യമങ്ങളിലും സ്ത്രീകളെ ഇങ്ങിനെ ചിത്രീകരിയ്ക്കാനുള്ള പ്രവണത, സമൂഹത്തിൽ പൊതുവെ ഉള്ള വിശ്വാസങ്ങളിൽ നിന്ന് ഉടലെടുക്കുന്നു. അതല്ലാത്ത സമീപനം പ്രതീക്ഷിച്ചിട്ടു കാര്യമില്ല. പക്ഷെ തുടർച്ചയായ ഇത്തരം ചിത്രീകരണം അവളുടെ പുരോഗതിക്കു തടസ്സമാകുന്നു. ഉപഭോക്തൃസംസ്കാരത്തിന്റെ സമ്മർദ്ദം സ്ത്രീയെ അറിയപ്പെടുന്ന പഴയ പാരമ്പര്യവിശ്വാസങ്ങളിൽ തളച്ചിടാൻ പ്രേരിപ്പിക്കുന്നു - ടെലിവിഷൻ, റേഡിയോ, മാസികകൾ, ദിനപ്പത്രങ്ങൾ, സിനിമകൾ മുതലായ മാദ്ധ്യമങ്ങൾ കാണികൾക്ക് ഉൾക്കൊള്ളാൻ എളുപ്പമായ കാര്യങ്ങൾ പറഞ്ഞ് അവരെ സ്വാധീനിക്കുന്നു. യാഥാസ്ഥിതിക സമൂഹം പുതിയ നീക്കങ്ങൾ ഇഷ്ടപ്പെടുന്നില്ല. അങ്ങിനെ സാംസ്കാരികമായി സമൂഹത്തെ മാറ്റിയെടുക്കുന്നതിന് പകരം മാദ്ധ്യമങ്ങൾ സ്ത്രീയുടെ അംഗീകൃതപദവിയെ ഉറപ്പിക്കുകയാണ് ചെയ്യുന്നത്.

ഇലക്ട്രോണിക്ക് - അച്ചടി മാദ്ധ്യമങ്ങൾ സ്ത്രീയുടെ പ്രധാനപ്പെട്ട പ്രശ്നങ്ങൾ അവഗണിക്കുകയും വിവേചനപരമായും (സെൻസേഷനൽ) ഇക്കിളിപ്പെടുത്തുന്നതുമായ വാർത്തകൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. സ്ത്രീ പുരുഷ സമത്വത്തിനെപ്പറ്റി ധാരാളം പറയുന്നുണ്ടെങ്കിലും ഫലപ്രദമായി പറയുന്നില്ല. സ്ത്രീയെ ചലനാത്മകശക്തിയായി എടുത്തുകാട്ടാൻ ശ്രമിക്കുന്നുണ്ടെങ്കിലും, കാണികളും വായനക്കാരും സ്ത്രീ രണ്ടാംതരക്കാരിയാണെന്നും പഴയ നിയമങ്ങൾ അനുസരിയ്ക്കേണ്ടവളാണെന്നും തോന്നത്തക്കവിധത്തിലാണ് ചിത്രീകരണം. ഉയർന്ന നിലവാരത്തിലുള്ള ഒരു ബുദ്ധിജീവിയായി സ്ത്രീയെ വളരെ ചുരുക്കമെ കാണിക്കൂ. പകരം സുന്ദരിയായും, അനുസരണയുള്ളവളായും അമ്മയായും ഭാര്യയായും ചിത്രീകരിക്കപ്പെടുന്നു, ത്യാഗത്തിന്റെ മൂർത്തിമത്ഭാവമായും എടുത്തുകാട്ടുന്നു.

സർക്കാർ നിയന്ത്രിക്കുന്ന ടെലിവിഷനിൽ ഗവൺമെന്റിന്റെ വനിതാ ക്ഷേമ പ്രവർത്തനം, ശിശുപരിപാലനം, ജനസംഖ്യ, വിദ്യാഭ്യാസം എന്നിവയിൽ വനിതാലോകത്തെ ഒതുക്കുന്നു. വികസനത്തിനുവേണ്ടി സാക്ഷരത, ആരോഗ്യം, വിദ്യാഭ്യാസം എന്നിവ പ്രോത്സാഹിപ്പിക്കാൻ വാർത്തകൾ വരണം. വാർത്തകൾ പ്രവർത്തനത്തിനു മുന്നോടിയാവണം എന്നാണ് സങ്കല്പം. എന്നാൽ രണ്ട് സർക്കാർ വക കുടുംബാസൂത്രണ പ്രചരണ ചിത്രങ്ങളിൽ നാം കാണുന്നത് രണ്ടിലും ലൈംഗികതയും പുരുഷമേധാവിത്വവുമാണ്. പുരുഷ സന്താനത്തിനുള്ള പ്രാധാന്യവും സ്ത്രീ സന്തതിയെ

താഴ്ത്തിക്കെട്ടുന്നതുമായിരുന്നു. ഈ പഠനം, കുടുംബാസൂത്രണം സ്ത്രീയുടെ മാത്രം കടമയാണെന്നും ചൂണ്ടിക്കാണിക്കുന്നു. ഇന്ത്യൻ സിനിമകളെപ്പറ്റി നടത്തിയ പഠനത്തിൽ, സ്ത്രീകളെ സുന്ദരികളായ യുവതികൾ, ലൈംഗികാകർഷണമുള്ളവർ, പാരമ്പര്യമനുസരിച്ച് ജീവിക്കുന്നവർ, നിസ്സഹായതയിലും അന്ധവിശ്വാസത്തിലും ആശ്രിതരായി കഴിയുന്നവർ, ഭയന്നു കഴിയുന്നവരും തീരുമാനങ്ങളെടുക്കാൻ കഴിയാത്തവരുമായാണ് ചിത്രീകരിക്കുന്നത്. സ്ത്രീയുടെ ജീവിതത്തിൻെറ അന്തിമലക്ഷ്യം വിവാഹമാണെന്നു തോന്നും.

മാസികകളെടുത്തു നോക്കിയാൽ സ്ത്രീയുടെ കടമകൾ ഭംഗിയായ ഗൃഹഭരണം, ഭക്ഷണം, ഫാഷൻ, സൗന്ദര്യം എന്നിവയിൽ ശ്രദ്ധ എന്നിവ മാത്രമാണ്. ഇതിൻെറ പ്രധാന പ്രേരകങ്ങൾ പാശ്ചാത്യമാസികകളും പരസ്യങ്ങളും ഉപഭോക്തൃസംസ്കാരവുമാണെന്നു കാണാം. ഇന്നുള്ള പാശ്ചാത്യ മാദ്ധ്യമങ്ങൾ - സംസ്കാരം സ്ത്രീകളെ പ്രതികൂലമായി ബാധിക്കും.

## പുതിയ വാർത്താവിനിമയം സ്ത്രീകളെ എങ്ങിനെ ബാധിക്കുന്നു

വാർത്താവിനിമയ മേഖലയിൽ വന്ന പുതിയ സാങ്കേതിക വിപ്ളവം, ഉപഗ്രഹ-കേബിൾ സംവിധാനങ്ങൾ, കണക്കിലെടുക്കേണ്ടതുണ്ട്. വ്യവസായ മാദ്ധ്യമങ്ങൾ സ്ത്രീകളെ ചൂഷണം ചെയ്യുന്നതും, സെക്സും അതിക്രമങ്ങളും പരസ്യങ്ങളും കാണിച്ച് സ്ത്രീകളെ കൂടുതൽ താഴ്ത്തുന്നവയുമാണ്. അതേപോലെ ഏഷ്യയിൽ മിക്ക വീട്ടുകാരും വളരെയധികം സമയം കളയുന്ന ടെലിവിഷൻ പരിപാടികളും ചാനലുകളും വളരെ അധികം ആക്കിയപ്പോൾ പല മൂന്നാം ലോകരാജ്യങ്ങളും പരിപാടികൾ ഇറക്കുമതി ചെയ്യുന്നു. ഇവ വിദേശ സംസ്കാരവും മൂല്യങ്ങളും മാത്രമല്ല വിദേശജീവിതരീതികളും നമ്മളിൽ അടിച്ചേല്പിക്കുന്നു. അങ്ങിനെ വിവേചനവും, സ്ത്രീകളെ കച്ചവടച്ചരക്കാക്കുന്നതുമായ ശക്തിയായ അലകൾ ടെലിവിഷനിൽകൂടി അടിച്ചു കയറുന്നു.

## പരസ്യങ്ങൾ സ്ത്രീകളെ കച്ചവടച്ചരക്കാക്കുന്നു

സ്ത്രീയെ ലൈംഗിക ഉപഭോഗവസ്തുവായി ചിത്രീകരിച്ച് പരസ്യകമ്പനികൾ പണം വാരുകയാണ്. പല്ലുതേയ്ക്കുന്ന പേയ്സ്റ്റ് മുതൽ വാഹനങ്ങൾ വരെയുള്ള പരസ്യങ്ങൾക്ക് സ്ത്രീയെ ഉപഭോഗ പരസ്യവസ്തുവായി ചിത്രീകരിയ്ക്കുന്നു. പ്രധാനപ്പെട്ട മാദ്ധ്യമങ്ങൾ സ്ത്രീയുടെ യഥാർത്ഥ പ്രശ്നങ്ങളും ആദർശങ്ങളും മറച്ചുവെച്ച് വളച്ചൊടിച്ച് ചിത്രീകരിയ്ക്കുന്നു. ഇതിനു പകരം വെക്കാൻ മാദ്ധ്യമങ്ങൾ തുടങ്ങുക എന്നത് സ്വാഗതാർഹമാണ്. എണ്ണത്തിൽ കുറഞ്ഞാലും നല്ല നിലവാരമുള്ളവയും സ്ത്രീകൾക്കും ന്യൂനപക്ഷങ്ങൾക്കും അനുകൂലമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കാനും സഹായമാകും. മുഖ്യധാരയിലുള്ള മാദ്ധ്യമങ്ങളിൽ നിന്ന് വളരെ വ്യത്യസ്തമാണ് നമ്മുടെ മാദ്ധ്യമങ്ങളിലെ ലക്ഷ്യം. ഒരുപക്ഷെ സമാന ചിന്താഗതിക്കാരായ കുറച്ചുപേർക്കു മാത്രമെ അതിൻെറ ആനുകൂല്യം കിട്ടുകയുള്ളു എന്നതുകൊണ്ട്

പ്രധാന മാദ്ധ്യമങ്ങളോട് മത്സരിക്കാൻ പറ്റില്ല. സമാന്തര പ്രവർത്തനം മാത്രമെ സാധിയ്ക്കു. എന്നാലും സ്ത്രീകളുടെയും മറ്റ് അവശ വിഭാഗങ്ങളുടെയും കാര്യങ്ങൾ പറയാൻ സമാന്തര മാദ്ധ്യമങ്ങൾ വേണം. ക്രമമായി വളർന്ന് പ്രധാന മാദ്ധ്യമങ്ങൾ നിഷേധിക്കുന്ന, സ്ത്രീകളെ സംബന്ധിച്ച കാഴ്ചപ്പാടും ലക്ഷ്യങ്ങളും ജനങ്ങളിലെത്തിയ്ക്കാം. ഇന്നുള്ള മാദ്ധ്യമങ്ങൾ ധാരാളം ജനങ്ങളിലേയ്ക്കെത്തുന്നുണ്ട് എന്നതുകൊണ്ടാണ് സ്വാധീനം ചെലുത്തുന്നത്. അതുകൊണ്ട് നമ്മുടെ ആശയങ്ങളും അവയിൽക്കൂടി പറയാൻ സാധിച്ചാൽ കൂടുതൽ നന്ന്. സമാന്തര മാദ്ധ്യമങ്ങളായ മാസികകൾക്കും പത്രങ്ങൾക്കും പുറമെ ദൃശ്യ, ശ്രാവ്യ മാദ്ധ്യമങ്ങളെ കൂടി വളർത്തിയെടുത്താൽ സാധാരണക്കാരായ ഗ്രാമീണ - നഗര സ്ത്രീകൾക്ക് കൂടുതൽ എളുപ്പത്തിൽ ഉൾക്കൊള്ളാനും വളരാനും സഹായകരമാകും.

**മുൻകൈ**

കഴിഞ്ഞ കുറച്ചു വർഷങ്ങളായി വികസനത്തിൽ ലിംഗഭേദത്തിന് പ്രാധാന്യം കൊടുക്കുന്നുണ്ട്. സ്ത്രീയുടെ തുല്യതയ്ക്കുള്ള അവകാശം അംഗീകരിച്ചിട്ടുണ്ട്. വനിതാ പ്രസ്ഥാനങ്ങളുടെ തുടർച്ചയായ സമ്മർദ്ദം, പ്രക്ഷോഭങ്ങൾ ദേശീയ - പ്രാദേശിക അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ എന്നിവകൊണ്ടാണ് ഇത് സാധിച്ചത്. മാദ്ധ്യമങ്ങളിൽ സ്ത്രീയെ ചിത്രീകരിക്കുന്ന രീതിയും ചർച്ചാവിഷയമായിട്ടുണ്ട്.

1. മാദ്ധ്യമങ്ങളിൽ സ്ത്രീയെ പ്രത്യേകതരത്തിൽ ചിത്രീകരിക്കുന്നതിനെതിരായി കൂടുതൽ കൂടുതൽ സമ്മർദ്ദം വരണം. മാദ്ധ്യമങ്ങളെ നിയന്ത്രിക്കാനുള്ള കമ്മറ്റികളിൽ വനിതാ പ്രസ്ഥാനങ്ങൾക്ക് കൂടുതൽ പ്രാതിനിധ്യം വേണം.
2. സ്ത്രീപുരുഷ സമത്വത്തിനും പദവിക്കും വേണ്ടി, സാമൂഹ്യസാമ്പത്തിക മാറ്റങ്ങൾക്കു വേണ്ടി വനിതാ സംഘടനകളും മാദ്ധ്യമങ്ങൾ നിയന്ത്രിക്കുന്നവരും തമ്മിൽ ചർച്ച നടക്കണം.
3. പത്രങ്ങളും ടെലിവിഷനും റേഡിയോയും മറ്റും സ്ത്രീകളുടെ സമരങ്ങളെ കുറച്ചു കൂടി പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കണം. അങ്ങിനെ ചെയ്താൽ അത് സ്ത്രീസ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമരത്തിൽ അവരെ സഹായിക്കും. ജനസംഖ്യയിൽ 50% ത്തിലധികം വരുന്ന സ്ത്രീകളോടു കാണിക്കുന്ന വിവേചനത്തിനെതിരായി സാമൂഹ്യബോധം ഉണർത്താൻ സഹായിക്കും.

# 6

# സ്ത്രീകളും, ആരോഗ്യവും, ജനസംഖ്യാനയവും

ഭൂരിപക്ഷം സ്ത്രീകൾക്കും പൂർണ്ണ ആരോഗ്യവതികളായി ജീവിക്കാൻ പറ്റുന്നില്ല എന്നതിന് ജനസംഖ്യാനുപാതത്തിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റം തെളിവാണ്.

സ്ത്രീകളുടെ മരണസംഖ്യ കൂടിയിട്ടുണ്ട്. പുരുഷ മേധാവിത്വം അവർക്ക് ഇരട്ട അദ്ധ്വാനത്തിനും കുറവ് പോഷകാഹാരത്തിനും ഇടയാക്കുന്നു. വികസനപ്രക്രിയയിൽ പുതിയ വിവേചനങ്ങൾ, അതായത് ഭക്ഷണം, പാർപ്പിടം, വസ്ത്രം, കുടിവെള്ളം, ആരോഗ്യസംരക്ഷണം, അതിക്രമങ്ങളിൽ നിന്നും സംഘർഷങ്ങളിൽ നിന്നും സംരക്ഷണം, വിശ്രമം എന്നിവയുടെ കുറവ് - അഭാവം അവർക്ക് കൂടുതൽ ആരോഗ്യകരമായ ജീവിതം നയിക്കാൻ തടസ്സമാകുന്നു. ഗർഭധാരണവും താഴ്ന്ന പദവിയും ആരോഗ്യത്തെ ബാധിക്കുന്നു. ഇത്തരം നയങ്ങൾ പുനഃപരിശോധിക്കേണ്ടിയിരിക്കുന്നു.

ജനസംഖ്യാനയം ആദ്യം പരിശോധിക്കണം. രണ്ടിലധികം കുട്ടികളുള്ള സ്ത്രീകൾക്ക് തൊഴിൽ, പ്രസവകാലാനുകൂല്യങ്ങൾ, രാഷ്ട്രീയ പങ്കാളിത്തം എന്നിവ നിഷേധിക്കപ്പെടുന്നു. കിട്ടാവുന്ന ഗർഭനിരോധ ഉപകരണങ്ങളെല്ലാം സ്ത്രീകളുടെ മേൽ പരീക്ഷിക്കപ്പെടുന്നു. ജീവൻപോലും പ്രശ്നമല്ല. സർക്കാരിൻെറ തെറ്റായ നയമാണ് ജനസംഖ്യാവർദ്ധനവിനും സ്ത്രീ വിവേചനത്തിനും കാരണമെന്ന് വിസ്മരിക്കപ്പെടുന്നു. ജനസംഖ്യാവർദ്ധനവ് തടയാൻ ഉല്പാദനശേഷി നിയന്ത്രിക്കാൻ ശ്രമിക്കുന്നു. ബ്രിട്ടീഷുകാരുടെ ഭരണകാലം മുതൽ ജനസംഖ്യ വർദ്ധിക്കുന്നുണ്ട്. ഇന്നും വർദ്ധന തുടരുന്നു. ലക്കും ലഗാനവുമില്ലാത്ത ഇന്നത്തെ ഗർഭധാരണ നിയന്ത്രണം കുടുംബാസൂത്രണത്തിനു തന്നെ വിനയായിട്ടുണ്ടെന്നും സ്ത്രീകളുടെ ആരോഗ്യത്തെ ബാധിക്കുന്നുണ്ടെന്നും വനിതാപ്രസ്ഥാനങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

## ഭക്ഷണവും പോഷകാഹാരവും

ഗ്രാമീണർ കൂടുതൽ കൂടുതൽ പട്ടണങ്ങളിലേക്ക് കുടിയേറി പാർക്കാൻ നിർബന്ധിതരായതോടെ ഭക്ഷ്യസ്ഥിതിയും മോശമായി. വന നശീകരണം, വന വിഭവങ്ങൾ ഇല്ലാതാക്കും. ഭക്ഷ്യരീതിയിൽ മാറ്റം വന്നു. ഭക്ഷ്യ സബ്സിഡി കുറച്ചു. സ്വതവെ തന്നെ ഭൂരിപക്ഷം വരുന്ന പാവപ്പെട്ടവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്കും പെൺകുട്ടികൾക്കും വേണ്ടത്ര പോഷകാഹാരമില്ല. മോശമായിക്കൊണ്ടിരിക്കുന്ന പോഷകാഹാരത്തിൻെറ ഫലമായി പുതിയ തലമുറകൾക്ക് ഉയരം കുറഞ്ഞുവരികയാണെന്ന് ഡോ. വീണ ശത്രുഘ്നൻെറ പഠനത്തിലും ആർത്തവം ഇല്ലാതാകുന്ന പ്രായം കുറഞ്ഞിരിക്കുന്നുവെന്ന് ഡോ. മാലിനി കാൽക്കൽ ൻെറ പഠനത്തിലും തെളിഞ്ഞതാണ്. കഴിഞ്ഞ 30 വർഷങ്ങളായി നിരീക്ഷണത്തിൽ കാണുന്നത് ജനനസമയത്തെ കുട്ടികളുടെ തൂക്കം 3 കിലോയിൽ നിന്ന് $2^1/_2$ കിലോ ആയി കുറഞ്ഞിട്ടുണ്ടെന്നാണ് ഒരു ശിശുരോഗ വിദഗ്ദ്ധൻ പറയുന്നത്.

സ്ത്രീകളിൽ മൂന്നിലൊന്നു ഭാഗത്തിന് വിളർച്ച കാണുന്നു എന്നും ഹിമോഗ്ലോബിൻ അളവ് 8 ഗ്രാം ആയി കുറഞ്ഞെന്നും മെഡിക്കൽ കൗൺസിലിൻെറ പഠനം തെളിയിക്കുന്നു. കൽക്കത്തയിൽ 98% സ്ത്രീകൾക്കും വിളർച്ചയുണ്ടത്രെ. മുലപ്പാലൂട്ടൽ ചെറുപ്രായത്തിൽ നിർത്തേണ്ടിവരുന്നതുമുതൽ തുടങ്ങുന്ന ആഹാരകുറവ് - ഗർഭധാരണകാലത്തുപോലും വേണ്ടത്ര ഭക്ഷണമില്ല. വേറൊരു പഠനം കാണിക്കുന്നത് പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകൾക്ക് അവരുടെ അത്യദ്ധ്വാനം പരിഗണിച്ച് ആഹാരം വേണമെന്നാണ്.

## പാർപ്പിടവും വസ്ത്രവും

വാങ്ങാനുള്ള ശേഷിയില്ലാത്തതുകാരണം പ്രതിശീർഷ വസ്ത്ര ഉപഭോഗം കുറഞ്ഞിരിക്കുന്നു. പാർപ്പിടം എന്നാൽ നാലു ചുമരു മാത്രം പോരാ. പരിസരം ശുദ്ധമായിരിക്കണം. ജീവിയ്ക്കാൻ വേണ്ടി പട്ടണങ്ങളിൽ അടിഞ്ഞുകൂടുന്ന ജനം ജീവിതസൗകര്യങ്ങൾ - ശുദ്ധവെള്ളം, വെളിച്ചം, വിസർജ്ജന സൗകര്യങ്ങൾ - ഒന്നും ഇല്ലാതെ വൃത്തികെട്ട സാഹചര്യത്തിൽ ജീവിക്കുന്നു. ഇതുകൊണ്ടുള്ള വിഷമം കൂടുതൽ സ്ത്രീകൾക്കാണ്. ഇത്തരം കുടിലുകളിൽ താമസിക്കുന്ന സ്ത്രീകൾക്ക് മൂത്രാശയ സംബന്ധമായും ജനനേന്ദ്രിയ സംബന്ധമായും രോഗങ്ങൾ പിടിപെടുന്നു. ഗ്രാമങ്ങളിലും കാടുകളിലും ഒഴിഞ്ഞ സ്ഥലങ്ങൾ ഇല്ലാതായ സാഹചര്യത്തിൽ ഈ വിഷമങ്ങൾ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. വിസർജ്ജന സൗകര്യത്തിന് പണം കൊടുക്കേണ്ട സംഭവങ്ങൾ പോലും റിപ്പോർട്ട് ചെയ്യപ്പെടുന്നു.

## ശുദ്ധജലം

വികസനപ്രക്രിയയുടെ ഭാഗമായി ശുദ്ധജലം മലിനമായിക്കൊണ്ടിരിക്കുന്നു. ശുദ്ധജലവിതരണ പദ്ധതിക്ക് വളരെയധികം തുക ചിലവാക്കിയെങ്കിലും ശരിയായ രീതിയിൽ നടപ്പാക്കാത്തതുകാരണം പുരോഗതി ഉണ്ടാവുന്നില്ല. ശുദ്ധജലം കിട്ടാത്തത് സ്ത്രീയുടെ ആരോഗ്യത്തെ ബാധിക്കുന്നു എന്നു മാത്രമല്ല ആവശ്യമായ വെള്ളം അകലെ നിന്ന് കൊണ്ടുവരുക, അസുഖം ബാധിക്കുന്നവരെ ശുശ്രൂഷിക്കുക മുതലായ അദ്ധ്വാനഭാരവും കൂടുന്നു.

## ആരോഗ്യകരമായ തൊഴിൽ മേഖലയും വിശ്രമവും

സ്ത്രീകൾ അധികവും ഗ്രാമങ്ങളിലായാലും പട്ടണത്തിലായാലും അസംഘടിതമേഖലയിൽ താഴ്ന്നതരം ജോലി ചെയ്യുന്നു. ഉദാഹരണത്തിന് വീട്ടുവേലകൾ. കൂട്ടത്തിൽ സ്വന്തം വീട്ടിലെ ഉത്തരവാദിത്വങ്ങളും, വിറക് ഉപയോഗിച്ച് ഭക്ഷണം പാകം ചെയ്യൽ, വീട്ടിലും വയലിലും നട്ടെല്ലൊടിക്കുന്ന അദ്ധ്വാനം ഇതൊന്നും ജനം മനസ്സിലാക്കുന്നതുപോലുമില്ല.

## ആരോഗ്യസംരക്ഷണം

രോഗം വരാതിരിക്കാനുള്ള സംരക്ഷണത്തിൽ നിന്ന് പെൺകുട്ടികളെ ഒഴിവാക്കുന്നു. എന്തെന്നാൽ സ്കൂളുകളിൽ മാത്രമാണ് ഒരളവുവരെ ഇതു നടക്കുന്നത്. പെൺകുട്ടികൾ സ്കൂളുകളിൽ ചേരുന്നത് വിരളം. ആസ്പത്രികളിൽ ചികിത്സയിൽ വിവേചനം. സ്ത്രീകൾക്കായി നീക്കിവെയ്ക്കുന്ന കിടക്കകൾ കുറവായിരിക്കും. കാലത്തും വൈകിട്ടും വീട്ടുജോലികൾ ചെയ്യേണ്ടതുകൊണ്ട് ഒ.പി. സമയത്ത് ആസ്പത്രിയിലെത്താൻ സാധിക്കുന്നില്ല. ഏറ്റവും വലിയ ഭാരം ഗർഭധാരണം തന്നെ. 10% മരണവും ഗർഭധാരണ പ്രസവകാലത്താണ്. ഇതു തടയാൻ ആസ്പത്രി സൗകര്യ

ങ്ങളും പരിശീലനം കിട്ടിയ സ്ത്രീകളും ഉണ്ടെങ്കിലും ഇത്തരം അനർത്ഥങ്ങൾ തടയാനുള്ള ടെട്ടനസ് വിരുദ്ധ കുത്തിവെയ്ക്കൽ, കൂടുതൽ ഭക്ഷണം, ഗർഭനിരോധന സൗകര്യങ്ങൾ, ഫോലിക് ആസിഡും ഇരുമ്പും ഗുളികകൾ എന്നിവ കൊടുക്കുന്നതിൽ ശ്രദ്ധയില്ല. മരണനിരക്കിനെ പറ്റി കിട്ടുന്ന കണക്ക് വിശ്വാസയോഗ്യമല്ല.

വീട്ടിലെ ഉത്തരവാദിത്വങ്ങളും താണപദവിയും കാരണം ചികിത്സയിൽ കാലതാമസം വരുന്നു. ഗുരുതരമായ അസുഖങ്ങൾപോലും അവഗണിക്കപ്പെടുന്നു. പെൺകുട്ടികളുടെ കാര്യത്തിലും ഗർഭധാരണകാലം എത്തുന്നതിനു മുൻപുതന്നെ ഈ അവഗണന കാരണം മരണനിരക്ക് ആൺകുട്ടികളേക്കാൾ കൂടുതലാണ്.

ഗർഭധാരണം, പ്രസവകാലത്തെ സംരക്ഷണമൊഴിച്ച് മറ്റെല്ലാ രംഗങ്ങളിലും പുരുഷന്മാരാണ് ചികിത്സിക്കുന്നത്. അവരുടെ ദൃഷ്ടിയിൽ സ്ത്രീ സന്താനോല്പാദന ഏജൻറ് മാത്രമാണ്. പ്രസവകാല ശുശ്രൂഷക്കും ഗർഭനിരോധനത്തിനും പ്രാധാന്യം കൊടുക്കുന്ന സേവനമാണെങ്കിലും അക്കാലത്തെ പരിരക്ഷപോലും അപര്യാപ്തമാണ്. 6.11 ദശലക്ഷം എം.പി.റ്റി. (ഗർഭഛിദ്ര ഓപ്പറേഷൻ) ഓരോ വർഷവും നടക്കുന്നതിൽ പൊതുമേഖലയിൽ 10%മാത്രമാണ് ചെയ്യുന്നത്. ഇത്തരം സൗകര്യങ്ങൾ പോലും പട്ടണങ്ങളിൽ മാത്രം ലഭിക്കുന്നു. ഗർഭഛിദ്രം നടത്താൻ എത്തുന്നവരുടെ മേൽ ഗർഭനിരോധ ഉപകരണങ്ങളെ പരീക്ഷിക്കുകയും നിർബന്ധിച്ച് കുടുംബാസൂത്രണം നടത്തുകയും ചെയ്യുന്നു.

ആസ്പത്രികളിലും പരിശീലനം കിട്ടിയ നഴ്സുമാരും ഡോക്ടർമാരും കുറവാണ്. നഴ്സുമാർക്ക് നല്ല പരിശീലനമില്ല. ഗർഭധാരണകാലത്തെ അപകടങ്ങൾ പല ഹെൽത്ത് വർക്കർമാർക്കും അറിയില്ല. അവരുടെ സഞ്ചിയിൽ എന്തു മരുന്നുണ്ടെന്നു പോലും അറിയില്ല.

ക്ഷേമപ്രവർത്തനങ്ങളിൽ പല നിയന്ത്രണങ്ങളും നിർബന്ധിക്കുന്ന ലോകബാങ്ക് ആണ് സുരക്ഷിത മാതൃത്വത്തിനുള്ള പദ്ധതിയും തയ്യാറാക്കുന്നത്. ഈ പദ്ധതിയിൽ പ്രസവകാല മരണം കൂടിയിട്ടുണ്ടെന്നത് (പ്രസവസംഖ്യ കുറഞ്ഞിട്ടുണ്ടെങ്കിലും) യാഥാർത്ഥ്യമാണ്.

ഈ രംഗത്ത് ഗവൺമെൻറ് സ്ഥാപനങ്ങൾ അനാസ്ഥ കാണിക്കുന്നതുകൊണ്ട് സ്വകാര്യസ്ഥാപനങ്ങൾ വളർന്നുവരുന്നു. സ്ത്രീകളുടെ ആരോഗ്യത്തിൻെറ രംഗത്ത് സർക്കാർ മൂന്നു നയങ്ങൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

1. ജനസംഖ്യാനയം
2. ഔഷധ നിയന്ത്രണം
3. സേവനത്തിനുള്ള ചിലവും ബഡ്ജറ്റ് തുകയും

ഇവ മൂന്നും അടുത്തകാലത്ത് അധഃപതിച്ചിട്ടുണ്ട്.

1. ജനസംഖ്യാനയം

1975-77ലെ ലഗാനില്ലാത്ത വന്ധ്യംകരണ (പുരുഷന്മാരുടെ) ശ്രമത്തിൻഫലമായി കോൺഗ്രസ് ഗവൺമെൻറിനേറ്റ തിരിച്ചടി കാരണം ഇപ്പോൾ സ്ത്രീകളെ പിടിച്ചി

തിക്കയാണ്. കുടുംബാസൂത്രണത്തിൽ ലാപ്രോസ്കോപിക് ഓപ്പറേഷൻ ഉൾപ്പെടുത്തി, കാമ്പുകളിൽ നിർബന്ധിത വന്ധ്യംകരണം നടത്തുന്നതു കാരണം 90% വന്ധ്യംകരണ ശസ്ത്രക്രിയകളും സ്ത്രീകൾക്കാണ് നടക്കുന്നത്.

ദാരിദ്ര്യം കൂടിയിട്ടുണ്ട്. ജനനനിരക്ക് കുറഞ്ഞിട്ടുണ്ട്. എന്നാലും ഗവൺമെൻറും അന്താരാഷ്ട്ര ഏജൻസികളും ജനസംഖ്യാവർദ്ധനവെന്ന ഭീതി പരത്തുകയാണ്.

ലിംഗനിർണ്ണയ പരിശോധനകളും നേരിട്ടുള്ള നിർബന്ധങ്ങളും ജനനനിരക്ക് കുറച്ചിട്ടുണ്ട്.

## ലിംഗനിർണ്ണയ പരിശോധന

ലിംഗനിർണ്ണയ പരിശോധന (വൈകിയ ഗർഭഛിദ്രത്തിനും ഇത് അപകടകരമാണ്) ജനസംഖ്യയിൽ സ്ത്രീകളുടെ അനുപാതം കുറയുന്നതിനും, അടുത്ത തലമുറയിൽ സ്ത്രീകളുടെ പദവി താഴുന്നതിനും കാരണമാകും. ഈ പരിശോധന, ഗവൺമെൻറ് ആസ്പത്രികളിൽ നിരോധിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇന്നത് ആദിവാസികളിൽപോലും സാധാരണമായിട്ടുണ്ട്, വൈകി നടത്തുന്ന ഗർഭഛിദ്രങ്ങളും.

## പ്രസവകാലാനുകൂല്യങ്ങൾ

മിക്ക സ്ത്രീകൾക്കും പൂർണ്ണ ഗർഭിണികളായാലും വിശ്രമമില്ല. പുതിയ ജനസംഖ്യാനയത്തിൻെറ ഭാഗമായി, ഒരു ന്യൂനപക്ഷത്തിനെങ്കിലും ഇന്നു കിട്ടുന്ന ആനുകൂല്യങ്ങൾ ചുരുക്കിയാൽ അമ്മയുടേയും കുഞ്ഞിൻേറയും ആരോഗ്യത്തെ അത് ബാധിക്കും.

## സാങ്കേതിക തകർച്ച

ഗവർമെൻറിൻെറ 7-ാം പഞ്ചവത്സര പദ്ധതി മുതൽക്കുതന്നെ രണ്ടു കുട്ടികൾ പിറക്കുന്നതിനുമുൻപ് ഗർഭനിയന്ത്രണം കൊണ്ടുവരാൻ ശ്രമിച്ചു. ഇഞ്ചക്ഷനുകളായിട്ടും, തൊലിയ്ക്കകത്ത് മരുന്നു കടത്തിവെയ്ക്കലായിട്ടും മറ്റും മറ്റു രാജ്യങ്ങളിൽ ഹാനികരമെന്നു കണ്ട് ഉപേക്ഷിക്കപ്പെട്ട പല രീതികളും ശാസ്ത്രത്തെയും മര്യാദയേയും പോലും അവഗണിച്ച് പ്രയോഗിക്കാൻ പരിപാടിയിട്ടു. പക്ഷെ വനിതാ പ്രസ്ഥാനങ്ങളുടെയും ആരോഗ്യപ്രവർത്തകരുടേയും കടുത്ത എതിർപ്പുമൂലം പരിപാടി നടന്നില്ല.

പുതിയ നീക്കുപോക്കുകളുടെ അടിസ്ഥാനത്തിൽ സോപാധികമായ ജനസംഖ്യാനിയന്ത്രണം ഗവൺമെൻറ് സമ്മതിച്ചു. ഇഞ്ചെക്ഷൻ സ്വകാര്യമേഖലയിൽ നടപ്പാക്കിത്തുടങ്ങി. നോർപ്ളാൻറ് പ്രയോഗത്തിന് അവസരം കാത്തിരിക്കയാണ്. വേറെയും ഹാനികരമായ പ്രയോഗങ്ങൾ വരാൻ പോകുന്നു.

ആരോഗ്യസംരക്ഷണത്തിനുള്ള നീക്കിവെപ്പ് കുറഞ്ഞിട്ടുണ്ടെങ്കിലും കുടുംബാ

സൂത്രണത്തിന് തുക കൂടിയിട്ടുണ്ട്. ഒരു ഗ്രാമീണ ആരോഗ്യസംരക്ഷണ കേന്ദ്രത്തിൽ പോലും വിലപിടിച്ച നോർപ്ളാൻറ് കൊടുക്കാൻ ഗവൺമെൻറ് തയ്യാറാണ്. 5000 ജനസംഖ്യക്ക് ആകെ അനുവദിച്ച തുക 2000 രൂപയാണെങ്കിൽ പോലും.

80കളിൽ കുടുംബാസൂത്രണത്തിനും സ്ത്രീകളുടെ ആരോഗ്യത്തിനുമെന്ന മറവിൽ ഗവർമെൻറ് ഇത്രയും ചിലവഴിച്ചതിൻെറ ഉദ്ദേശ്യം ജനസംഖ്യാ നിയന്ത്രണം തന്നെയായിരുന്നു. ഈ വാസ്തവം ജനങ്ങൾ അറിയായ്കയില്ല. ആരോഗ്യ പ്രവർത്തകർ ആരോഗ്യസംരക്ഷണോപാധികൾ സ്വീകരിക്കുന്നതിനേക്കാൾ താല്പര്യം കാണിക്കുന്നത് കുടുംബാസൂത്രണത്തിനാണ്. ഗവർമെൻറും കുടുംബാസൂത്രണ പ്രവർത്തനത്തെ ആരോഗ്യപ്രവർത്തനവുമായിബന്ധപ്പെടുത്താതെ ഹോർമോൺ ഗുളികകളും മറ്റും മാർക്കറ്റിൽ ഇഷ്ടംപോലെ വാങ്ങാൻ വിട്ടുകൊടുക്കുന്ന രീതി ആശങ്കക്കിട നല്കുന്നു. വിപത്തു ക്ഷണിച്ചുവരുത്തലാണ്.

കുടുംബാസൂത്രണ പ്രവർത്തനത്തിൽ സ്വകാര്യമേഖലയെ കൂടുതൽ പങ്കാളികളാക്കാനുള്ള ശ്രമം നടക്കുന്നു. അവർക്ക് ധനസഹായം കൊടുക്കുന്നു. മാത്രമല്ല പ്രൈവറ്റ് പ്രാക്ടീസ് ചെയ്യുന്നവർക്കുപോലും 450 ഗർഭനിരോധന ഓപ്പറേഷൻ നടത്തിയാൽ 6 കിടക്കകളുള്ള സ്ഥാപനത്തിന് പണം കൊടുക്കുന്നു, കൂടാതെ ഓപ്പറേഷൻ ചിലവും ശമ്പളവും കൊടുക്കുന്നു.

ഇത്തരം ഗവൺമെൻേറതര സ്ഥാപനങ്ങൾക്ക് ഇഞ്ചക്ഷനുകൾ (ഗർഭനിരോധന) കൊടുക്കാൻ നിരോധനമില്ല. ഇന്ത്യയിലെ ഒരു വലിയ സംസ്ഥാനത്ത് (ജനസംഖ്യ കൂടുതലുള്ള) അമേരിക്കൻ സഹായത്താൽ പല ഗവൺമെൻേറതര സ്ഥാപനങ്ങൾക്കും മേൽപറഞ്ഞ എല്ലാതരം ഗർഭനിരോധനോപാധികളും പ്രയോഗിക്കാൻ അനുവാദം കൊടുത്തിരിക്കുന്നു. ആരോഗ്യസംരക്ഷണ പ്രവർത്തനം മോശമായിട്ടുണ്ടെങ്കിലും കുടുംബാസൂത്രണം അടിച്ചേല്പിക്കുന്നു. ശ്രദ്ധയോടെ പുനഃപരിശോധനകളും മരുന്നു നിയന്ത്രണങ്ങളും ആവശ്യമാണെന്ന യാഥാർത്ഥ്യം വിസ്മരിക്കപ്പെടുന്നു.

ഇന്ത്യയിലെ സ്ത്രീകൾക്ക് ഭക്ഷണം, തൊഴിൽ, ശുദ്ധജലം, പാർപ്പിടം ഒന്നും കൊടുക്കാതെ എന്തൊ ഒരു വലിയ സൗജന്യം പോലെ കുടുംബാസൂത്രണം സാദ്ധ്യമാക്കുന്നു.

ജനനേന്ദ്രിയരോഗങ്ങൾ കാരണം നമ്മുടെ സ്ത്രീകൾക്ക് ഗർഭാശയത്തിനുള്ളിൽ നിക്ഷേപിക്കുന്ന തരം ഉപകരണം ശരിയാവുന്നില്ലെന്ന് ഗവൺമെൻറ് പറയുന്നു. (ഇതുതന്നെ അനാരോഗ്യത്തിൻെറ ലക്ഷണമാണ്) അതുകൊണ്ട് ഇഞ്ചക്ഷൻ കൊടുക്കുന്നത് പ്രോത്സാഹിപ്പിക്കുന്നു. ഇഞ്ചക്ഷൻ പല വിഷമങ്ങൾക്കും കാരണമാകുമെന്നത് ഒന്ന്. പിന്നെ ജനനേന്ദ്രിയ രോഗങ്ങളെ നിസ്സാരമായി തള്ളുകയും ചെയ്യുന്നു.

ജനസംഖ്യാനിയന്ത്രണം എന്നു പറയുന്നതു തന്നെ സ്ത്രീ വിരുദ്ധ ആശയമാണ്. അവരെ സന്താനോല്പാദന യന്ത്രമായി മാത്രം കാണലാണ്. ജനസംഖ്യാനിയന്ത്രണത്തിനുവേണ്ടി അവരെ കഷ്ടപ്പെടുത്തലാണ്. സ്ത്രീകളുടെ ആരോഗ്യം, പ്രസവമരണങ്ങൾ എല്ലാറ്റിനും കുടുംബാസൂത്രണം പരിഹാരമായി കാണുന്നു. പോഷകാഹാരക്കുറവ്, ഗർഭകാലത്തെ വിളർപ്പ്, ഗർഭകാല ശുശ്രൂഷയുടേയും ഭക്ഷണത്തിൻെറയും കുറവ്, പ്രസവസ്ഥലത്തെ ശുചിത്വം ഇവയാണ് പ്രസവകാല മരണങ്ങൾ

ക്ക് കാരണമെന്നു കാണാതെ പകരം സുരക്ഷിതമല്ലാത്ത കുടുംബാസൂത്രണ മാർഗങ്ങൾ പോലും ഉപയോഗിച്ച് സ്ത്രീകളെ ജനസംഖ്യാ നിയന്ത്രണത്തിനുവേണ്ടി വഴി തെറ്റിക്കുകയാണ് ഗവൺമെൻറ് ഉപദ്രവിക്കുകയാണ്.

ചുരുക്കി പറഞ്ഞാൽ കുടുംബാസൂത്രണ പരിപാടി സ്ത്രീകളുടെ അനാരോഗ്യത്തിനാണ് കൂടുതൽ കാരണമാകുന്നത്.

ഔഷധനയം

എന്തെങ്കിലും കാരണം പറഞ്ഞ് മരുന്നുകളുടെ (അലോപതി) വില കൂട്ടിക്കൊണ്ടു വരുന്നു. പേറ്റൻറ് നിയമം വരുമ്പോൾ വില ഇനിയും കൂടും. ഒരു ഭാഗത്ത് പൊതു മേഖലാ സ്ഥാപനങ്ങളെ വില്ക്കുകയോ നശിക്കാൻ അനുവദിക്കുകയോ ചെയ്യുന്നു. മറുഭാഗത്ത് സ്വകാര്യസ്ഥാപനങ്ങൾക്ക് അനാവശ്യമരുന്നുകളും തെറ്റായ ചേരുവകളും അനുവദിച്ചുകൊണ്ട് ലൈസൻസ് കൊടുന്നു.

ഗുണനിലവാരം നോക്കാൻ സംവിധാനമില്ല. അനാവശ്യ മരുന്നുകളും തെറ്റായ പ്രയോഗങ്ങളും നിയന്ത്രിക്കാൻ ആരുമില്ല. ജനകീയാരോഗ്യം സംരക്ഷിക്കാൻ നിയമിതനായ ഡ്രഗ് കൺട്രോളർ കമ്പനിയുടെ താല്പര്യമാണ് കൂടുതൽ സംരക്ഷിക്കുന്നത്.

നാടൻ മരുന്നുകളും വികസിപ്പിക്കാനുള്ള നീക്കമില്ല. അവയും ബഹുരാഷ്ട്ര കമ്പനികൾ ഏറ്റെടുത്തിരിക്കുന്നു. 8 കൊല്ലത്തോളം വനിതാ സംഘടനകളും ആരോഗ്യപ്രവർത്തകരും സുപ്രീംകോടതി വരെ പോയിട്ടാണ് ഗർഭപരിശോധനക്കും ഗർഭഛിദ്രത്തിനും ഉപയോഗിച്ചുവന്ന ഒരു മരുന്ന് പിൻവലിച്ചത്. ഇവ ആയുർവേദം മരുന്നിൻെറ രൂപത്തിൽ മാർക്കറ്റിൽ തിരിച്ചുവന്നിരിക്കുന്നു. മരുന്നുകളുടെ ഉയർന്ന വില സ്ത്രീകളെയാണ് കൂടുതൽ കഷ്ടത്തിലാക്കുന്നത്. ചുരുക്കം പാരമ്പര്യമരുന്നുകൾ സ്വകാര്യവ്യക്തികൾ കൈകാര്യം ചെയ്യുന്നു. കാര്യമായ ശ്രമം നടത്തിയില്ലെങ്കിൽ ഈ മരുന്നുകളും പേറ്റൻറ് വകുപ്പിൽ പെടും.

സർക്കാർ സ്ഥാപനങ്ങൾ കാര്യക്ഷമമല്ലാത്തതുകൊണ്ട് ജനം സ്വകാര്യസ്ഥാപനങ്ങളെ സമീപിക്കുന്നു. രോഗം സുഖപ്പെടുമെന്ന വ്യാമോഹത്താൽ ഒന്നോ രണ്ടോ കൊല്ലത്തെ കുടുംബവരുമാനംപോലും ചിലവാക്കി മരുന്നു വാങ്ങുന്നു. ചില്ലറ അസുഖങ്ങൾ ഇങ്ങിനെ ഭേദമാകുന്നുണ്ടെങ്കിലും പലപ്പോഴും വിദഗ്ധരല്ല ചികിത്സിക്കുന്നത് എന്നതുകൊണ്ട് ആരോഗ്യസംരക്ഷണം ഉറപ്പാകുന്നില്ല.

സർക്കാർ ഭാഗത്തുനിന്ന് ആരോഗ്യസംരക്ഷണ സംവിധാനങ്ങൾ വികസിപ്പിക്കാനുള്ള നീക്കമില്ല. ഉള്ളവതന്നെ സ്വകാര്യവൽക്കരിക്കുകയാണ്.

ക്ഷയരോഗികൾ കൂടിവരുകയാണെങ്കിലും ക്ഷയ ചികിത്സയ്ക്കും നിർമ്മാർജ്ജനത്തിനുമുള്ള തുക കൂട്ടിയിട്ടില്ല. കൂട്ടിയിട്ടുള്ളത് എയ്ഡ്സിനു മാത്രം. അതും പ്രചാരണത്തിനും പരസ്യത്തിനും. പരസ്യകമ്പനികളാണ് ലാഭമെടുക്കുന്നത്. തെളിയിക്കപ്പെട്ട എയ്ഡ്സ് രോഗികളുടെ എണ്ണം 16000 മാത്രമാണ്. പക്ഷെ ഇതിൻെറ പരിശോധനയെന്നും പറഞ്ഞ് ആരോഗ്യപ്രവർത്തകരെയടക്കം അലട്ടിവരികയാണ് കമ്പനികൾ.

കുടുംബാസൂത്രണ പ്രവർത്തനങ്ങളെ വിലയിരുത്തുകയോ സേവനം മെച്ചപ്പെടുത്തുകയോ ചെയ്യാതെ ഐ.ഇ.സി. യ്ക്കു വേണ്ടി ഒരുപാട് പണം ചിലവാക്കുന്നു.

### നിർദ്ദേശങ്ങൾ

ജനകീയാരോഗ്യം മെച്ചപ്പെടണമെങ്കിൽ തൊഴിൽ, ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തണം. മറ്റു പരിപാടികൾ വെറും ഒപ്പിച്ചുവെയ്ക്കലാണ്. ഗർഭവും ഗർഭനിരോധനവും മാതൃത്വവും മാത്രമായി ബന്ധപ്പെട്ട ആരോഗ്യസംരക്ഷണ പരിപാടി ജനസംഖ്യാനിയന്ത്രണത്തിനു മാത്രമെ ഉപകരിയ്ക്കൂ.

ആരോഗ്യസംരക്ഷണത്തിൽ ഗർഭനിയന്ത്രണ ഉപാധികളെ പറ്റി തന്നെ പരിശോധിക്കേണ്ടിയിരിക്കുന്നു. അതിൻെറ ചിലവ്, ഇതുകാരണം സ്ത്രീകൾക്കുണ്ടാകുന്ന രോഗാതുരത എല്ലാം.

ഏത് സേവനമായാലും സൗജന്യമാക്കണമെങ്കിൽ ഗവൺമെൻറ് തലത്തിൽ നടപ്പാക്കണം.

കുടുംബാസൂത്രണം, ഒ.പി.ഡി. യുടെ സമയം, മറ്റു സേവനങ്ങൾ എല്ലാറ്റിലും സ്ത്രീകളോടുള്ള വിവേചനം അവസാനിപ്പിക്കണം.

ഗർഭനിരോധന ഉപകരണങ്ങൾ ഓരോരുത്തരുടേയും ഇഷ്ടാനുസരണം കൊടുക്കാൻ പറ്റുന്നില്ല.

സന്താനോല്പാദനത്തിൽ മാത്രം ഊന്നൽ കൊടുക്കുന്നത് ശരിയല്ല. എന്തെന്നാൽ പല സ്ത്രീകളും സന്താനങ്ങളില്ലാത്തതുകാരണം സമൂഹത്തിൽ ഒറ്റപ്പെടുന്നു.

ജനസംഖ്യാ നിയന്ത്രണത്തിനും സുരക്ഷിത മാതൃത്വത്തിനും വേണ്ടിയെന്നും പറഞ്ഞ് ഗവൺമെൻറ് കടമെടുക്കുന്നത് നിർത്തണം.

നമ്മുടെ പരിപാടികൾ, പദ്ധതികൾ ആസൂത്രണം ചെയ്യാൻ പുറമെയുള്ളവരെ അനുവദിക്കരുത്.

ഔഷധ നിയന്ത്രണ രീതി മെച്ചപ്പെടുത്തി ജനങ്ങളോടുള്ള ഉത്തരവാദിത്വം നിറവേറ്റണം.

## 7

# സ്ത്രീകളും വർഗീയതയും

ഇൻഡ്യയിൽ വനിതാ പ്രസ്ഥാനങ്ങൾ നേരിടുന്ന വലിയ വെല്ലുവിളി വർഗീയതയും മതമൗലികവാദവുമാണ്. ഇന്നത്തെ സാഹചര്യത്തിൽ വർഗീയത രാഷ്ട്രീ

യ മുതലെടുപ്പിനും ഒരു വിഭാഗത്തിന് മറ്റു വിഭാഗത്തിനെതിരായി വെറുപ്പു ഉണ്ടാക്കാനും വേണ്ടി ദുരുപയോഗപ്പെടുത്തുന്നു. ഇത് ഇൻഡ്യയ്ക്കു പുതുമയല്ല. പക്ഷെ ഭൂരിപക്ഷ വർഗീയതയ്ക്ക് ശക്തമായ സംഘടനയുണ്ടായതോടുകൂടി വർഗീയ ധ്രുവീകരണം വന്നു. ഇൻഡ്യൻ രാഷ്ട്രീയത്തിലെ മത നിരപേക്ഷതയ്ക്ക് വെല്ലുവിളി ഉയർന്നു. ഇത് സ്ത്രീകളെ പലതരത്തിൽ ബാധിയ്ക്കുന്നു.

ഇൻഡ്യയിൽ മതേതരത്വം ചർച്ചാവിഷയം മാത്രമല്ല, നിലനില്പിൻെറ പ്രശ്നമാണ്. ഇൻഡ്യയിൽ ഭൂരിപക്ഷം ഹിന്ദുക്കളാണെങ്കിലും 20%മെങ്കിലും മറ്റു വിശ്വാസികളാണ്. ഹിന്ദുക്കളുടെയിടയിൽതന്നെ പല വിഭാഗങ്ങളുമുണ്ട്. 1991ലെ സെൻസസ് പ്രകാരം മുസ്ലീങ്ങൾ 12%, അതായത് 100 ദശലക്ഷം പേരാണുള്ളത്. ഇത് ലോകത്തിലെ ഏറ്റവും വലിയ ശതമാനമാണ്. അതേപോലെ ഇൻഡ്യയിലെ വടക്കുകിഴക്കൻ ഭാഗങ്ങളിൽ ഭൂരിപക്ഷം കൃസ്ത്യാനികളാണ്. പഞ്ചാബിൽ ന്യൂനപക്ഷമാണെങ്കിലും സിക്കുകാർ ആധിപത്യം പുലർത്തുന്നു. തെക്ക് കേരളത്തിൽ ജനസംഖ്യയിൽ 40% ത്തോളം വിവിധ ന്യൂനപക്ഷ സമുദായങ്ങളിൽപെട്ടവരാണ്. നല്ലൊരു ഭാഗം ആദിവാസികളും അവരുടേതായ ആരാധനാരീതികളുമായി ഇവിടെയുണ്ട്. ഇത് കാണിക്കുന്നത് ഭൂരിപക്ഷ വർഗീയതയുടെ ന്യൂനപക്ഷത്തിനെതിരായ അതിക്രമങ്ങൾ മനുഷ്യാവകാശ ധ്വംസവും ജനാധിപത്യ ധ്വംസനവും മാത്രമല്ല രാജ്യത്തിൻെറ അടിസ്ഥാനനയം തന്നെ തകർക്കുന്നതാണ് - മാത്രമല്ല ഇത്തരം നീക്കങ്ങൾ ന്യൂനപക്ഷ മതമൗലികവാദികളുടെ വളർച്ചയ്ക്ക് കാരണമാകുന്നു. ഈ വിപത്തിൻെറ തിക്തഫലം അനുഭവിയ്ക്കുന്നത് സ്ത്രീകളാണ്.

മത രാഷ്ട്രീയത്തിൻെറ സംഘർഷങ്ങൾ വനിതാ സംഘടനകൾക്ക് നേരിടേണ്ടിവരുന്നു. ഉദാഹരണത്തിന് ദേശീയതയുടെ പേരിലാണ് ഹിന്ദുക്കളെ സംഘടിപ്പിയ്ക്കുന്നത് - രാജ്യസ്നേഹത്തിൻെറ പേരുപറഞ്ഞാണ് ജനങ്ങളെ ഇളക്കിവിട്ട് ബാബറി മസ്ജിദ് പൊളിച്ചത്. ന്യൂനപക്ഷാവകാശങ്ങളും ദേശീയതയും വികൃതമായി ചിത്രീകരിച്ച് മുസ്ലീങ്ങളാണ് ആക്രമകാരികളെന്നും ഹിന്ദു സ്ത്രീകൾ ആക്രമിക്കപ്പെടുന്നുവെന്നും കള്ള പ്രചാരണം നടത്തി. ദേശീയതയും ന്യൂനപക്ഷാവകാശങ്ങളും തെറ്റായി ചിത്രീകരിച്ചു. അതേപോലെ ഹിന്ദു സ്ത്രീകൾ പിൻതുടർച്ചാവകാശത്തിനും തുല്യ സ്വത്തവകാശത്തിനും, ദത്തെടുക്കാനുള്ള അവകാശത്തിനും വേണ്ടി പോരാടുന്നത് ദേശീയ വിരുദ്ധമാണെന്ന് മുദ്രകുത്തി (ഈ നിയമങ്ങൾ 50കളിൽ ഭാഗികമായി മാത്രം തിരുത്തപ്പെട്ടു). ഇത്തരം അവകാശങ്ങൾ സമുദായത്തെ വിഭജിയ്ക്കു മത്രെ. സമുദായത്തിൽ തന്നെ കീഴ്ജാതിക്കാർക്ക് അവകാശം നിഷേധിക്കുന്നതിനും ഇതേ കാരണങ്ങൾ പറയുന്നു. ന്യൂനപക്ഷ സമുദായങ്ങളിലെ സ്ത്രീകളുടെ സ്ഥിതി ഇതിലും കഷ്ടം. ഹിന്ദു വർഗീയതയ്ക്കെതിരായ അവരുടെ ചെറുത്തുനില്പ് മതമൗലികവാദികളായ നേതാക്കന്മാർനിയന്ത്രിച്ചു. ഇത്തരം സംഘർഷത്തെ മതമൗലികവാദികൾ പുരുഷമേധാവിത്വം, ജാതിമേധാവിത്വം, അധീശത്വം എന്നിവ നിലനിർത്താൻ ഉപയോഗിച്ചു. അതുകൊണ്ട് സ്ത്രീകളുടെ വർഗീയതയ്ക്കെതിരായ സമരം, ന്യൂനപക്ഷാവകാശങ്ങൾക്കും, ജാതി മേധാവിത്വത്തിനും രാഷ്ട്രീയവും മതവും കൂട്ടിക്കുഴയ്ക്കുന്നതിനുമെതിരായ വിശാലമായ സമരമാണ് ഭരണഘടനാപരമായ തുല്യതയ്ക്കും നീതിയ്ക്കും വേണ്ടിയുള്ള സമരമാണ്. മതമൗലികവാദികൾ എന്നും

സ്ത്രീകളെ സംസ്കാരത്തിൻെറ പേരിലും പവിത്രതയുടെ പേരിലും ഒതുക്കിനിർത്തി. എല്ലാ മതക്കാരും ഇതുതന്നെയാണ് ചെയ്തത്. സ്ത്രീയ്ക്കും ഒരു വ്യക്തിത്വം ഉണ്ടെന്ന് ആരും ഗൗരവമായെടുത്തില്ല. ദേശീയ വനിതാസംഘടന ചൂണ്ടിക്കാണിക്കുന്നത്, വർഷങ്ങളായി സ്ത്രീപുരുഷ തുല്യതയ്ക്കു വേണ്ടി ശബ്ദമുയർത്തുന്ന വനിതാ സംഘടനകൾ വ്യക്തികൾ എന്നിവയ്ക്ക് സാമൂഹ്യ രാഷ്ട്രീയ രംഗത്തു ക്രമേണ വളർന്നുവന്ന മതമൗലികവാദികളുമായി കൂടുതൽ കൂടുതൽ ഏറ്റുമുട്ടേണ്ടി വരുന്നു എന്നാണ്.

1986ലെ ഷാബാനു കേസ്, ഒരു കൊല്ലത്തിനു ശേഷം സതിയുടെ പേരിൽ നടന്ന രൂപ്കുവർൻെറ കൊലപാതകം എന്നിവ കാണിക്കുന്നത് മതമേതായാലും, അവ പരസ്പരം ശത്രുത പുലർത്തുന്നുവെങ്കിലും സ്ത്രീയുടെ അവകാശങ്ങൾ നിഷേധിക്കുന്നതിൽ ഒരേപോലെയാണ്. ഈ രണ്ടു കേസുകൾ ഒരു വശത്ത് രാഷ്ട്രീയവും മതമൗലികതയും തമ്മിലുള്ള ബന്ധം, മറുവശത്ത് മതമൗലികതയും സ്ത്രീയുടെ അവകാശനിഷേധവും കാണിക്കുന്നു. ഷാബാനു കേസിൽ 1986ൽ ഗവൺമെൻറ് മുസ്ലിം മതമൗലികവാദികളുടെ പിന്തുണ കിട്ടാൻ മുസ്ലിം വനിതാ നിയമം - വിവാഹബന്ധം വേർപെടുത്തൽ അവകാശം - പാസാക്കി. രൂപ്കുവർ കേസിലും ഹിന്ദു മതമൗലികവാദികളെ സതിയ്ക്കനുകൂലമായി സംഘടിയ്ക്കാനും ചെറുത്തുനില്ക്കാനും അനുവദിച്ചുകൊണ്ട് സതി നിരോധിക്കപ്പെട്ടതാണെന്ന കാര്യം അവഗണിച്ചു.

കുറച്ചു കൊല്ലങ്ങൾക്കുമുമ്പ് സിക്ക് വ്യക്തി നിയമം കൊണ്ടുവന്ന് സിക്ക് സ്ത്രീകളുടെ പല അവകാശങ്ങളും നിഷേധിക്കുന്നതിൽ നിന്ന് ഗവൺമെൻറിനെ പിന്തിരിപ്പിക്കാൻ വനിതാ സംഘടനകൾക്കു കഴിഞ്ഞു. കൃസ്ത്യൻ സ്ത്രീകളുടെ സ്വത്തവകാശത്തിനും വിവാഹമോചനത്തിനും വേണ്ടിയുള്ള സമരത്തേയും മതമൗലികവാദികൾ ശക്തിയായി എതിർത്തു. 50കളിൽ ഹിന്ദുസ്ത്രീകളുടെ വിവാഹം, പിന്തുടർച്ചാവകാശം, മക്കളുടെ അവകാശം എന്നിവയെപ്പറ്റി ഒരു ഭേദഗതി വന്നു. അന്നത്തെ ഗവൺമെൻറ് ചില വിട്ടുവീഴ്ചകൾക്ക് തയ്യാറാവുകയും പ്രധാനപ്പെട്ട മാറ്റങ്ങൾ വരുത്താനുള്ള രാഷ്ട്രീയ ഇച്ഛാശക്തി കാണിക്കുകയും ചെയ്തു. ന്യൂനപക്ഷ സമുദായത്തിലെ സ്ത്രീകൾക്കു അനുകൂലമായ മാറ്റം ആവശ്യപ്പെടുമ്പോൾ ഗവൺമെൻറിന് പറയാനുള്ള ഒഴികഴിവ് അതാത് സമുദായത്തിൽ പെട്ടവർ ആവശ്യപ്പെടട്ടെ എന്നാണ്.

ആരാണ് ഈ സമുദായത്തിൽ? ഏകദേശം 20 കൊല്ലങ്ങൾക്കു മുമ്പ് സ്ത്രീകളുടെ പദവിയെപ്പറ്റി അന്വേഷിക്കാനുള്ള ഒരു കമ്മിറ്റി ന്യൂനപക്ഷക്കാരായ വനിതകളെ കണ്ടു. അവർ പറഞ്ഞു "ആരാണ് സമുദായമെന്നു പറഞ്ഞാൽ? പാർലമെൻറിലിരിക്കുന്ന കുറച്ചു പുരുഷന്മാരോ? ഞങ്ങളും സമുദായത്തിൽപെട്ടവരല്ലേ? സർക്കാരിനോട് ചോദിയ്ക്കണം ഇത്" എന്നായിരുന്നു.

ഉത്തരം സ്പഷ്ടമാണ്. ഇൻഡ്യാഗവൺമെൻറായാലും സമുദായ നേതാക്കന്മാരായാലും, അത് ഹിന്ദു, മുസ്ലിം, സിക്ക്, കൃസ്ത്യാനി ഏതായാലും ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെ ആവശ്യങ്ങൾ ഗൗരവമാക്കുന്നില്ല.

വനിതാ സംഘടനകൾ എല്ലാവിധ മതമൗലികതയേയും എതിർത്തിട്ടുണ്ട്. ഇന്ന് ഭൂരിപക്ഷത്തിൻെറ അതിക്രമങ്ങൾ സ്ഥിതി മോശമാക്കിയിട്ടുണ്ട്.

## പുതിയ സ്ഥിതി

രാമജന്മ ഭൂമി ബാബറി മസ്ജിദ് പ്രശ്നം രാഷ്ട്രീയത്തിൽ ഇന്നൊരു ഭീകരരൂപം കൈക്കൊണ്ടിട്ടുണ്ട്. മതമൗലികവാദികൾ അധികാരം പിടിച്ചെടുക്കാൻ മതത്തിൻെറയും രാമൻെറയും പേർ ഉപയോഗിച്ചു, ഈ സംഘർഷം അക്രമാസക്തമായി. ഇതോടെ ചരിത്രത്തെ വളച്ചൊടിക്കുകയും മുസ്ലീങ്ങൾക്കെതിരായ പ്രചാരണം അഴിച്ചുവിടുകയും ചെയ്തു.

ഹിന്ദുമത പ്രചാരണത്തിൻെറ ഭാഗമായി സ്ത്രീകളെ പാരമ്പര്യത്തിലേയ്ക്ക് തള്ളിവിടുകയും, ഇവരെ ഹിന്ദുസംസ്കാരത്തിനും നിയമങ്ങൾക്കും എതിരാണെന്നു പറയപ്പെടുന്ന മറ്റു സമുദായങ്ങളിലെ സ്ത്രീകൾക്കെതിരായി അണിനിരത്താനും ശ്രമിക്കുന്നു. എല്ലാം ദേശീയതയുടെ പേരിൽ - നമ്മുടെ പാരമ്പര്യത്തെതന്നെ നശിപ്പിക്കുന്ന വിധം ഹിന്ദുത്വത്തിൻെറ പേരിൽ സംഘടിപ്പിക്കുന്ന മത ഫാസിസ്റ്റ് രൂപത്തെ നാം തിരിച്ചറിയണം, എതിർക്കണം.

മേൽ പറഞ്ഞ സമീപനം സ്ത്രീകളെ മതാടിസ്ഥാനത്തിൽ വിഭജിക്കുന്നു. നമ്മുടെ വനിതാ സംഘടനകൾ മതത്തേയും രാഷ്ട്രീയത്തെയും കൂട്ടിക്കുഴയ്ക്കുന്നതിനെതിരായി ഒറ്റയ്ക്കും കൂട്ടായും പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. 1992 നവംബർ 5ൻെറ ലഖ്നൗ റാലിയിൽ ഐക്യം, മതേതരത്വം, മതസൗഹാർദ്ദം എന്നീ മുദ്രാവാക്യങ്ങൾ എടുത്തത് ഉദാഹരണമാണ്.

ഇൻഡ്യയിലെ മഹിളാസംഘടനകൾ, അവരേതു സമുദായത്തിൽപെട്ടവരാണെങ്കിലും, മതമൗലികവാദത്തിനും മതശക്തികൾക്കുമെതിരായ നിലപാടെടുത്തത് സ്വന്തം അനുഭവത്തിൻെറ വെളിച്ചത്തിലാണ്.

മതമൗലികത വെറും ചർച്ചാവിഷയമല്ല. അത് സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടത്തിൽ മറ്റു പ്രശ്നങ്ങളോടൊപ്പം പ്രാധാന്യമർഹിക്കുന്നു. ഇത് മനസ്സിലാക്കാതിരിക്കാൻ സ്വന്തം നിലനില്പിനെ തന്നെ ഇല്ലാതാക്കലാണ്.

അതുകൊണ്ട് വനിതാ പ്രസ്ഥാനങ്ങൾ ശ്രദ്ധിയ്ക്കേണ്ട രണ്ടു പ്രധാന കാര്യങ്ങൾ (1) പഴയ മതസംസ്കാരത്തിൻെറ വളർച്ചയും വർഗീയ ലഹളയും. (2) രാഷ്ട്രീയലാഭത്തിനുവേണ്ടി നിർല്ലജ്ജമായി മതത്തെ ഉപയോഗിക്കുന്നതും അതുകാരണം വന്ന മതധ്രുവീകരണവും സ്ത്രീകളുടെ മേൽ അതിൻെറ ആഘാതവും- മതപരമായി അറിയപ്പെടുന്നത് മറ്റുവിധത്തിൽ അറിയപ്പെടുന്നതിനേക്കാൾ പ്രധാനമായിട്ടുള്ളത് ആശങ്കാജനകമായിട്ടുണ്ട്. മതമൗലികതയിലേയ്ക്കുള്ള ഈ നീക്കം വനിതാസംഘടനകളുടെ അനാസ്ഥയും പ്രവർത്തനവും പോരാഞ്ഞിട്ടാണെന്നു മനസ്സിലാക്കി ഒന്നിച്ചുനിന്ന് ഈ പ്രവണതയെ എതിർക്കേണ്ടതുണ്ട്. ഗവൺമെൻറിൻെറയും ചില രാഷ്ട്രീയ നേതാക്കന്മാരുടേയും ഈ പ്രധാനപ്പെട്ട പ്രശ്നത്തിൽ കുറ്റകരമായ അനാസ്ഥ ദേശീയോദ്ഗ്രഥനത്തെയും സ്ത്രീകളെയും വിപരീതമായി ബാധിച്ചിട്ടുണ്ട്.

## സ്ത്രീകളുടെ മേൽ സമ്മർദ്ദം

മതമൗലികവാദവും വർഗീയതയും സ്ത്രീകളെയും കുട്ടികളെയും ആണ് ഏറ്റവുമധികം കഷ്ടത്തിലാക്കുന്നതെന്ന് അംഗീകരിക്കപ്പെട്ടിട്ടുണ്ട് - ഭോപാൽ, അഹമ്മദാബാദ്, സൂരത്ത് എന്നിവിടങ്ങളിൽ ലഹളയിലും അതിക്രമങ്ങളിലും ന്യൂനപക്ഷ വിഭാഗത്തിലെ സ്ത്രീകളാണ് ബലാത്സംഗങ്ങളടക്കം അക്രമങ്ങളനുഭവിച്ചത് - കൂട്ടത്തിൽ സ്ത്രീ, പുരുഷ ബാലന്മാരടക്കം എല്ലാവരും കൊല ചെയ്യപ്പെട്ടു, കത്തിക്കപ്പെട്ടു.

കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി സമുദായ ലഹളകളിൽ സ്ത്രീകളെയും കുട്ടികളെയും പീഡിപ്പിയ്ക്കൽ പതിവായിരിക്കുന്നു. വർഗീയശക്തികൾ കുത്തിവെയ്ക്കുന്ന വെറുപ്പിൻെറ ഫലമായി ആയിരക്കണക്കിന് ജനങ്ങൾ കല്പിച്ചുകൂട്ടി ആസൂത്രിതമായി കൊല്ലപ്പെട്ടു; പലപ്പോഴും പോലീസിൻെറ ഒത്താശയോടെ. ഇതിൽ നിന്ന് രക്ഷപ്പെട്ട സ്ത്രീകളും മാനസികാഘാതമേറ്റ കുട്ടികളും സ്വന്തം ഭവനങ്ങളിലേയ്ക്ക് തിരിച്ചുപോകാനാകാതെ (വീടുകൾ നശിപ്പിക്കപ്പെട്ടതു കാരണമോ ലഹള തുടരുന്നതുകൊണ്ടോ) ഉഴലുകയാണ്. വർഗീയ വൈരുദ്ധ്യങ്ങൾ അടുത്തകാലത്ത് ഇന്ത്യയിൽ കുറഞ്ഞുവന്നിരുന്നത് ബാബറി മസ്ജിദ് പൊളിച്ചതോടെ കുടുംബങ്ങളിൽ ആശയക്കുഴപ്പമുണ്ടാക്കി, രാഷ്ട്രീയ മുതലെടുപ്പിനുള്ള രംഗവും- ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുശേഷം രാജ്യത്തിൻെറ മതേതരത്വത്തിനും ഭരണഘടനയ്ക്കും ജനാധിപത്യത്തിനും ഇത്ര വലിയ ആഘാതമേറ്റ സമയമുണ്ടായിട്ടില്ല.

വർഗീയത സമൂഹത്തിൽ പൊതുവെ സംഘർഷമുണ്ടാക്കുമെങ്കിലും മതവ്യത്യാസങ്ങൾ മറന്ന് സ്ത്രീകൾ ഒറ്റക്കെട്ടായി നില്ക്കുന്നുവെന്നാണ് വനിതാ സംഘടനകളുടെ അനുഭവം. പക്ഷെ ഇന്നത്തെ മത ധ്രുവീകരണം സ്ത്രീകളെയും സ്വാധീനിച്ചിട്ടുണ്ട്, അവരെ മതഭ്രാന്തന്മാർ സംഘടിപ്പിച്ചെടുത്തിട്ടുണ്ട്. സ്ത്രീകൾ ഫാസിസ്റ്റ് ശക്തികളുമായി ചേർന്ന് അതിക്രമങ്ങൾക്ക് മുൻകൈയ്യെടുത്ത അനുഭവങ്ങളുണ്ട്. പൊതുവേദികളിൽ സ്ത്രീകൾക്ക് പ്രവേശനത്തിന് ഇന്നും പരിമിതികളുണ്ടെങ്കിലും മതത്തിൻെറ കൊടിക്കീഴിൽ അണിനിരക്കാൻ സമൂഹത്തിൻെറ അനുവാദമുണ്ട്, കുടുംബത്തിലെ പുരുഷന്മാർക്കും വിരോധമില്ല- സാധാരണ വനിതാ പ്രസ്ഥാനങ്ങൾക്ക് കുടുംബത്തിൻെറയും സമൂഹത്തിൻെറയും എതിർപ്പു കാരണം അവരെ സംഘടിപ്പിയ്ക്കുന്നതിൽ വിഷമമുണ്ടാകാറുണ്ട്. കാരണം നാം സംഘടിപ്പിയ്ക്കുന്നത് പാരമ്പര്യത്തിനും പഴമയ്ക്കും എതിരായാണ്.

ഓരോ മതവും സമൂഹത്തെ നിയന്ത്രിച്ചിട്ടുണ്ട്, പ്രത്യേകിച്ച് സ്ത്രീകളെ. മിക്ക മതങ്ങളും സ്ത്രീയ്ക്ക് താണ പദവിയും പുരുഷന് അടിമപ്പെട്ടവളുമായാണ് കല്പിച്ചിട്ടുള്ളത്.

അനീതിയ്ക്കെതിരായും ഭരണഘടനാപരമായ അവകാശങ്ങൾക്കുവേണ്ടിയും പോരാടുന്ന സ്ത്രീ പഴയ സങ്കല്പവും ശാസനകളുമായി പൊരുത്തപ്പെടുന്നില്ല. ഉദാഹരണത്തിന് ഒറ്റയിരിപ്പിന് മൂന്നു പ്രാവശ്യം 'തലാഖ്' ചൊല്ലിയാൽ മുസ്ലീങ്ങളുടെയിടയിൽ വിവാഹബന്ധം വേർപെടുത്താമെന്ന മാമൂലിനെ മുസ്ലിം സ്ത്രീകളോടൊപ്പം മറ്റു വനിതകളും എതിർത്തു. അതേപോലെ ക്രൃസ്ത്യൻ സ്ത്രീകളുടെ

സ്വത്തവകാശകാര്യത്തിലും. ഇവ രണ്ടിലും ഇതുവരെ വ്യക്തമായ തീരുമാനം ആയി ട്ടില്ല. വർഷങ്ങളായി കൃസ്ത്യൻ വനിതകൾ അവരോടുകാണിയ്ക്കുന്ന വിവേചനത്തി നെതിരെ മത നേതാക്കന്മാരുമായും ഗവൺമെൻറുമായും ചർച്ച നടത്തിവരികയാണ്. സ്ത്രീകൾ മതാദ്ധ്യക്ഷന്മാരായി വരുന്നതിനെതിരായ ശങ്കരാചാര്യന്മാരുടെ അഭിപ്രാ യവും വനിതാ സംഘടനകൾ എതിർത്തിട്ടുണ്ട്.

ഷാബാനു കേസിൽ സ്വത്തവകാശം നിഷേധിച്ചപ്പോൾ വനിതകൾ ശക്തമാ യ എതിർപ്പു പ്രകടിപ്പിച്ചിട്ടും മുസ്ലിം വനിതാസംരക്ഷണ നിയമം എന്ന പേരിൽ നി യമം കൊണ്ടുവന്നു. രൂപ്കുവർൻെറ സതിയ്ക്കെതിരായി ഡെൽഹിയിലും ജയ്പൂരി ലും മറ്റും സ്ത്രീകൾ പ്രക്ഷോഭം സംഘടിപ്പിച്ചെങ്കിലും സതി ആചരിച്ചതിനെ പു കഴ്ത്തിക്കൊണ്ട് സമുദായ നേതാക്കളും എം.പി.മാരും മന്ത്രിമാർപോലും പ്രസ്താ വനയിറക്കി. ഹിന്ദുമതമൗലികവാദികൾ സ്ത്രീയെ വീട്ടിലിരുത്താൻ, മകളും ഭാര്യ യും സഹോദരിയും അമ്മയുമായി മാത്രം കഴിയാൻ ശ്രമിക്കുന്നതിനെയും എതിർ ക്കേണ്ടതാണ്. പെൺ ഭ്രൂണഹത്യയ്ക്കെതിരായി മതം മറന്ന് എല്ലാ വനിതാ സം ഘടനകളും പ്രതിഷേധിച്ചു. ഇപ്പോൾ നമ്മുടെ മുന്നിലുള്ള ജനസംഖ്യാനയം ഗവൺ മെൻറിൻെറ പ്രധാനപ്പെട്ട ഒരു വികസനപദ്ധതിയാണെന്നതുകൊണ്ട് വനിതാ സം ഘടനകൾ ഒന്നിച്ചുചേർന്ന് ഈ പരിപാടി ഫലപ്രദവും വിശദവുമാക്കാൻ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ന്യൂനപക്ഷ സമുദായങ്ങൾ കുടുംബാസൂത്രണം നടപ്പാക്കുന്നി ല്ലെന്നും കൂടുതൽ മക്കളുണ്ടാവുന്നു എന്നും കരുതിക്കൂട്ടിയുള്ള ഒരു പ്രചരണം സമു ദായങ്ങളെ തമ്മിലടിപ്പിയ്ക്കാൻ വേണ്ടി നടക്കുന്നുണ്ട്. ഇത് ഗവൺമെൻറ് ഗൗരവമാ യെടുത്തിട്ടില്ല. പഠനങ്ങൾ കാണിക്കുന്നത് മുസ്ലീങ്ങളിലേതിനേക്കാൾ ബഹുഭാ ര്യാത്വം ഉള്ളത് ഉയർന്ന ജാതിക്കാരായ ഹിന്ദുക്കളിലാണ്. (ബഹുഭാര്യാത്വമാണ് കൂ ടുതൽ മക്കളുണ്ടാവാൻ കാരണമെന്ന വാദം ശരിയല്ല).

ബാബറി മസ്ജിദ് പൊളിച്ചതിനു ശേഷമുണ്ടായ കലാപബാധിത പ്രദേശങ്ങൾ 4 ദേശീയ വനിതാ സംഘടനകൾ സന്ദർശിച്ചു. 500 ഓളം പീഡിപ്പിക്കപ്പെട്ട സ്ത്രീകളു മായി സംസാരിച്ചു. വനിതാ ഗ്രൂപ്പുകൾ ഗവൺമെൻറ് കൈക്കൊണ്ട നിലപാടിനെ, നടപടിയെ വിമർശിച്ചുകൊണ്ട്- അതിൽ പറയുന്നത് നിയമപാലനത്തിന് നിയോഗി ക്കപ്പെട്ടവർ പലേടത്തും ലഹളയിൽ സജീവ പങ്കാളികളായിരുന്നു. ചിലേടത്ത് നിഷ് ക്രിയരായി നോക്കിനിന്നു.

ഇന്ന് എല്ലാ മതങ്ങളും മൗലികവാദികളായിട്ടുണ്ട്. ഇത് സ്ത്രീകളെ തമ്മി ലകത്താൻ കാരണമായിട്ടുണ്ട്. ഇങ്ങിനെ തമ്മിലടിപ്പിച്ച് രാഷ്ട്രീയപാർട്ടികൾ മുത ലെടുത്തു. ദളിത്, ആദിവാസി വിഭാഗത്തെ വർദ്ധിച്ച വീര്യത്തോടെ മർദ്ദിച്ച് ഉയർന്ന ജാതിക്കാർ ചൂഷണം ചെയ്യുന്നു. അവരുടെ സ്ത്രീകളെ ലൈംഗികമായി ചൂഷണം ചെയ്യുന്നു. ഇക്കാര്യങ്ങളിൽ ഗവൺമെൻറിൻെറ അനാസ്ഥ കാരണം ജനങ്ങൾക്ക് ഗവൺമെൻറിലുള്ള വിശ്വാസം തന്നെ നഷ്ടപ്പെട്ടു. പ്രത്യേകിച്ച് സ്ത്രീകൾക്കും കു ട്ടികൾക്കും വർഗീയ സംഘർഷങ്ങൾ മുൻപൊന്നുമില്ലാത്തത്ര വർദ്ധിച്ചു.

രാഷ്ട്രീയ പ്രവർത്തനവും പാർട്ടി പൊളിറ്റിക്സും തമ്മിലുള്ള വ്യത്യാസം മനസ്സി ലാക്കാൻ വനിതാ പ്രസ്ഥാനങ്ങൾക്ക് കഴിവുണ്ട്. വ്യക്തിപരമായി പലരും പാർട്ടി

പൊളിറ്റിക്സിൽ തല്പരരാണെങ്കിലും പ്രസ്ഥാനങ്ങൾ സമൂലമായ സാമൂഹ്യമാറ്റത്തിനും പാരമ്പര്യത്തിനും പുരുഷ മേധാവിത്വത്തിൻെറതുമായ ചട്ടക്കൂടിനെ വെല്ലുവിളിയ്ക്കുന്നതുമാണ്, വിശാലമായ അർത്ഥത്തിലുള്ള രാഷ്ട്രീയ പ്രസ്ഥാനം. വർഗീയത, പുരുഷ മേധാവിത്വം, ജാതിവർഗ വ്യത്യാസങ്ങൾ എന്നിവ ഇൻഡ്യൻ സമൂഹത്തിൽ പരസ്പരം ശക്തിപ്പെടുത്തുന്നവയാണ്. അടിച്ചമർത്തലിൻെറതായ ഈ ദൂഷിത വലയത്തിൽ നിന്ന് പുറത്തുചാടാൻ സമഗ്രമായ നയം രൂപീകരിയ്ക്കണം. സ്ത്രീഭ്രൂണഹത്യ, പെൺകുഞ്ഞിനെ ജീവിക്കാനനുവദിക്കാതിരിക്കുക, വിദ്യാഭ്യാസവും വികസനവും നിഷേധിയ്ക്കൽ, സ്ത്രീധനവും സ്ത്രീധനമരണങ്ങളും, ബലാത്സംഗങ്ങൾ, പ്രത്യേകിച്ച് ദളിത് ആദിവാസി സ്ത്രീകളെ, തീരുമാനങ്ങളെടുക്കുന്ന തലത്തിൽ സ്ത്രീകളെ ഒഴിവാക്കൽ, വർഗീയ ലഹളകളിൽ സ്ത്രീകളെ ഉപദ്രവിയ്ക്കൽ എല്ലാം ഇന്നത്തെ സാമൂഹ്യഘടനയുടെ സൃഷ്ടിയാണ്.

പഴമയുടെതായ സംസ്കാരം തുടരുന്നത് ഹിന്ദുത്വ പുരുഷമേധാവിത്വത്തിൻെറ താല്പര്യമാണ് - വനിതാ പ്രസ്ഥാനങ്ങൾ ആവശ്യപ്പെടുന്നത് തുല്യനീതിയ്ക്കും അവകാശങ്ങൾക്കും വേണ്ടി പുതിയ നിയമനിർമ്മാണം വേണം; വിവാഹം, വിവാഹമോചനം, സ്വത്തവകാശം, ന്യൂനപക്ഷ സമുദായങ്ങൾക്കും ഒരേപോലത്തെ വ്യക്തി നിയമങ്ങൾ എന്നിവ നിയമം വഴി അവകാശമായി മാറണം.

ഇന്നുള്ള മേധാവിത്വ ഘടകങ്ങൾ വർഗീയ ശക്തികളുടെ താല്പര്യമാണ്. ഇതിൻെറ ദുരന്തഫലം അനുഭവിക്കുന്നത് സ്ത്രീകളാണ്. കാരണം ഇത് കുടുംബത്തേയും സംസ്കാരത്തേയും മതത്തേയും സമൂഹത്തേയും ബാധിക്കുന്നു. ഇത്തരം വർഗീയ സമീപനത്തെ മാദ്ധ്യമങ്ങൾ സ്ത്രീകൾക്കും ന്യൂനപക്ഷങ്ങൾക്കുമെതിരായി ഭംഗിയായി അവതരിപ്പിക്കുന്നു. അവർ ഇത്തരം തെറ്റായ ധാരണകളും അന്ധവിശ്വാസങ്ങളും പ്രചരിപ്പിയ്ക്കുന്നതിൽ പങ്കാളികളാകുന്നു. അതേപോലെ സർക്കാർ നയങ്ങളും പരിപാടികളും, നിയമപാലക സ്ഥാപനങ്ങൾ, ബ്യൂർഷ്വാസി എല്ലാം ഇതിനു കൂട്ടുനില്ക്കുന്നു. ഇന്ന്വനിതാ പ്രസ്ഥാനങ്ങൾ മതമൗലികവാദത്തിനെ എതിർക്കുന്നതിൽ ഒറ്റക്കെട്ടാണ്. ഈ ശക്തികളെ ഒന്നിച്ചു നിന്നു നേരിടാനും സ്ത്രീകളുടെ ഐക്യത്തിനും അധികാരത്തിനും അവകാശങ്ങൾക്കും വേണ്ടി പോരാടാനും ഞങ്ങൾ പ്രതിജ്ഞാബന്ധരാണ്.

## ഭാവിപരിപാടികളുടെ ലക്ഷ്യം

1. എല്ലാ വനിതാ സംഘടനകളും വർഗീയതയ്ക്കും മതമൗലികതയ്ക്കും എതിരായി പ്രക്ഷോഭങ്ങൾ സംഘടിപ്പിയ്ക്കും.
2. കുടുംബത്തിലും സമൂഹത്തിലും മതേതരത്വം പ്രചരിപ്പിയ്ക്കും.
3. വർഗീയ ലഹളകളിൽ എല്ലാം നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് സഹായിയ്ക്കും.
4. വർഗീയതയ്ക്ക് രാഷ്ട്രീയ പരിഹാരം കാണുവാനുള്ള ശ്രമത്തിന് മുൻകൈയെടുക്കും.
5. വർഗീയ താല്പര്യം വെച്ചുകൊണ്ട് മതമൗലികവാദികൾ നടത്തുന്ന മനുഷ്യാ

വകാശ ധ്വംസനങ്ങളും അതിക്രമങ്ങളും തടയാൻ വിപുലമായ പ്രവർത്തനങ്ങൾ സംഘടിപ്പിയ്ക്കും.

6. വ്യത്യസ്ത മത വിഭാഗങ്ങൾ തമ്മിൽ മെച്ചപ്പെട്ട ധാരണയുണ്ടാക്കാനും പരസ്പരം ശത്രുതയും സംശയങ്ങളും ഇല്ലാതാക്കാൻ പറ്റിയ സാഹിത്യവും മാദ്ധ്യമങ്ങളും പ്രചരിപ്പിയ്ക്കുക.

7. മാദ്ധ്യമങ്ങളിൽ (അച്ചടി - ഇലക്ട്രോണിക്) പ്രത്യേകതരം മത പ്രാതിനിധ്യം ശത്രുത വളരാൻ ഇടയാകുമെന്നതുകൊണ്ട് പ്രതിഷേധിയ്ക്കും.

8. വ്യത്യസ്ത സമുദായങ്ങളിൽ പെട്ടവരെ ഒന്നിച്ചുകൂട്ടി ഇതേപ്പറ്റി ബോധവൽക്കരണം നടത്തുകയും പൊതു ഉത്സവങ്ങളിലും ചടങ്ങുകളിലും ഒന്നിച്ചു പങ്കെടുപ്പിയ്ക്കാൻ ശ്രമിയ്ക്കുകയും വേണം.

### ഗവൺമെൻറിനോട് ആവശ്യപ്പെടുന്നത്

1. എല്ലാ സമുദായങ്ങളിലും പെട്ട സ്ത്രീകൾക്ക് തുല്യാവകാശം.
2. തക്കതായ നിയമനിർമ്മാണം വഴി മതവും രാഷ്ട്രീയവും വേർതിരിക്കുക.
3. പോലീസ് ഉദ്യോഗസ്ഥരായാലും രാഷ്ട്രീയക്കാരായാലും സാധാരണക്കാരായാലും മത വിവേചനം കാട്ടുന്നവരെ കഠിനമായി ശിക്ഷിക്കണം. അതിനുള്ള അധികാരം നിയമവകുപ്പിനുണ്ടാകണം.
4. വർഗീയ ലഹളയിൽ കഷ്ടപ്പെട്ടവരുടേയും അവരുടെ സ്വത്തിൻെറയും ആധികാരികമായ കണക്കെടുക്കയും, ഭാവിസുരക്ഷിതത്വത്തിനു വേണ്ടിയുള്ള പുനരധിവാസ പ്രക്രിയ തുടങ്ങുകയും ചെയ്യുക. ഈ പ്രവർത്തനം സന്നദ്ധസംഘടനകളെക്കൊണ്ട് ചെയ്യിപ്പിക്കുകയും ഗവൺമെൻറ് വേണ്ടവിധം സഹായിയ്ക്കുകയും ചെയ്യുക.
5. മതസംഘർഷങ്ങളുണ്ടാകുന്ന മാദ്ധ്യമങ്ങൾക്കെതിരായി ശക്തിയായ നടപടിയെടുക്കുക. മതമൗലികവാദ താല്പര്യത്തിന് മാദ്ധ്യമങ്ങളെ ഉപയോഗിക്കുന്നത് തടയുക.
6. ജനാധിപത്യം, സോഷ്യലിസം, മതേതരത്വം എന്നിവയുടെ പ്രാധാന്യവും ഇൻഡ്യൻ ഭരണഘടനയിൽ ഉറപ്പുതരുന്ന സ്വയാതന്ത്രം, തുല്യത, നീതി എന്നിവയും കാത്തുസൂക്ഷിക്കുക, നടപ്പാക്കുക - ജാതി, മത, പ്രായ, ലിംഗഭേദമെന്യേ എല്ലാവർക്കും മൗലികാവകാശം ഉറപ്പുവരുത്തുക.

## 8

# സ്ത്രീകളും വിദ്യാഭ്യാസവും

ഉൽപാദന രംഗത്തേയ്ക്ക് പ്രത്യേകിച്ച് വികസന പ്രവർത്തനങ്ങളിലേയ്ക്ക് സ്ത്രീകൾക്ക് കയറിച്ചെല്ലാനും ജീവിതം മെച്ചപ്പെടുത്താനും വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം ദേശീയ അന്തർദേശീയ തലത്തിൽ അംഗീകരിയ്ക്കപ്പെട്ടതാണ്.

കോളനി ഭരണത്തിൻ കീഴിൽ ഉണ്ടായിരുന്ന വിദ്യാഭ്യാസ സമ്പ്രദായം അതേപടി സ്വതന്ത്ര ഇന്ത്യയിലേയ്ക്ക് കൈമാറി തന്ന തെറ്റായ വിദ്യാഭ്യാസ സമ്പ്രദായം മാറ്റിയെടുത്ത് ഇന്നത്തെ രീതിയിൽ എത്തിച്ചത് നേട്ടം തന്നെ. എന്നാൽ ഇന്നും നാട്ടിൻ പുറങ്ങളിൽ കുട്ടികൾക്ക് നടന്നെത്താവുന്ന പ്രൈമറി സ്ക്കൂളുകൾ പലേടത്തുമില്ല. 54% കുട്ടികൾക്ക് അപ്പർ പ്രൈമറി സ്ക്കൂളില്ല. ഇങ്ങിനെ അകലങ്ങളിലെത്താനുള്ള വിഷമം പെൺകുട്ടികളെ സ്ക്കൂളിലയയ്ക്കാതിരിയ്ക്കാൻ കാരണമാകുന്നു.

നയരൂപീകരണ ഘട്ടത്തിൽ തന്നെ ഇത്തരം വിഷമങ്ങൾ കണക്കിലെടുക്കാത്തത് കാരണം പാവപ്പെട്ടവരും സ്ത്രീകളും ബഹുവിധ വിവേചനങ്ങൾക്ക് വിധേയരാകുകയും സ്ത്രീകളെ ഏറ്റവും താഴോട്ടു തള്ളിവിടുന്നത് സ്വാഭാവികമായി കരുതപ്പെടുകയും ചെയ്യുന്നു.

വിദ്യാഭ്യാസം ഭരണഘടനാപരമായ അവകാശമായിരിയ്ക്കണം. ഏതൊരു വികസ്വരരാജ്യത്തും പരിമിതമായ വിഭവശേഷിയിലും വിദ്യാഭ്യാസത്തിന് ഏറ്റവും വലിയ മുൻഗണന കിട്ടണം. കഴിഞ്ഞ മൂന്നു വർഷക്കാലമായി വിദ്യാഭ്യാസം വിപുലമാക്കുന്നതിന് പകരം വിദ്യാഭ്യാസത്തിനുള്ള പദ്ധതിവിഹിതം കുറഞ്ഞിരിയ്ക്കയാണ്. എസ്.എ.പി. യുടെ (പുതിയ സാമ്പത്തിക നയം) ഭാഗമായി വിദ്യാഭ്യാസം സാർവ്വത്രികമാക്കാനുള്ള ഉത്തരവാദത്തിൽ നിന്ന് പിന്തിരിഞ്ഞിരിക്കുകയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിച്ചിരിക്കുന്നു. ഇതിൻെറ പ്രത്യക്ഷോദാഹരണം സമ്പൂർണ്ണ സാക്ഷരതയുള്ള കേരളമാണ്. സർക്കാർ സ്ക്കൂളുകൾ അടച്ചിടുകയോ സ്വകാര്യവൽക്കരിയ്ക്കുകയോ ആണ് നടക്കുന്നത്. ഫീസ് ക്രമാതീതമായി വർദ്ധിപ്പിച്ചിരിയ്ക്കുന്നു. സാക്ഷരരുടെ എണ്ണം കൂടിവരുന്ന ഒരു ഘട്ടത്തിലാണ് ഗവൺമെൻറ് വിദ്യാഭ്യാസത്തെ ഒരു കച്ചവടച്ചരക്കായി മാറ്റിയിരിക്കുന്നത്. ഈ നയം സാക്ഷരരുടെ ശതമാനം കുറയ്ക്കുകയും നിരക്ഷരത വർദ്ധിപ്പിക്കുകയും ചെയ്യുമെന്ന് വിദ്യാഭ്യാസ പ്രവർത്തകർ ഭയക്കുന്നു. കേരളത്തിലെ സ്ഥിതി ഇതാണെങ്കിൽ മറ്റ് സംസ്ഥാനങ്ങളുടെ സ്ഥിതി പറയാനുണ്ടോ?

പഠനങ്ങൾ കാണിക്കുന്നത് സ്ക്കൂളിൽ പോകാത്തവരും ഇടയ്ക്കുവച്ച് പഠിപ്പ് നിർത്തുന്നതുമായ കുട്ടികൾ അധികവും താണജാതിയിൽപ്പെട്ടവരും, വരുമാനം കുറഞ്ഞവരും, ഭൂമിയില്ലാത്തവരും പാരമ്പര്യമായ താണതരം ജോലികൾ ചെയ്യുന്നവരുടെ കുടുംബങ്ങളിൽ നിന്നുള്ളവരുമാണ്. പക്ഷെ ഭൂപരിഷ്കരണവും വിദ്യാഭ്യാസ പുരോഗതിയും സർക്കാർ നയത്തിൻെറ ഭാഗമല്ലാതായി. കേരളത്തിലെ ഭൂപരിഷ്കരണവും, മെച്ചപ്പെട്ട ആരോഗ്യ സംരക്ഷണപദ്ധതി, സമയബന്ധിത സാക്ഷരതാ പരിപാടി, വിദ്യാഭ്യാസ സൗകര്യങ്ങൾ പ്രത്യേകിച്ച് സ്ത്രീകൾക്ക് ഇവ കാരണം കൂടുതൽ വിദ്യാഭ്യാസ സൗകര്യങ്ങൾക്ക് ജനം ശബ്ദമുയർത്തുന്നുണ്ടെങ്കിലും വിദ്യാഭ്യാസനയത്തിൽ ഇത് പ്രതിഫലിക്കുന്നില്ല. ഏഷ്യയിലെ മറ്റു പൗരസ്ത്യരാജ്യങ്ങളിലെ അനുഭവം നാം ഉൾക്കൊള്ളാൻ കൂട്ടാക്കിയില്ല. അവിടെ പൂർണ്ണമായ ഭൂപരിഷ്കരണം, സാർവ്വത്രിക വിദ്യാഭ്യാസം, ഗ്രാമീണ വികസനം, സ്ക്കൂൾ വിദ്യാഭ്യാസം സാദ്ധ്യമാകത്തക്കവിധത്തിൽ പാവപ്പെട്ടവരുടെ ജീവിതനിലവാരം ഉയർത്തൽ എന്നീ നടപടികൾ രാജ്യത്തെ നിരക്ഷരത ഇല്ലാതാക്കി. ഇടയ്ക്കുവെച്ച് പഠിപ്പു നിർത്തുന്നവരുടെ എണ്ണം കുറഞ്ഞു, സ്ത്രീകളുടെ സാക്ഷരത വർദ്ധിച്ചു. 20 കൊല്ലം മുമ്പ് സ്ത്രീകളുടെ

പദവിയെ പറ്റി പഠനം നടത്തിയ കമ്മിറ്റി നാലുപ്രധാന പ്രശ്നങ്ങളാണ്. സ്ത്രീകളുടെ സാക്ഷരത 1981ൽ 24.8 ആയിരുന്നത് 1991ൽ 39.29 ശതമാനമായിട്ടുണ്ടെങ്കിലും മൊത്തം നിരക്ഷരരുടെ എണ്ണം കൂടിയിട്ടുണ്ട്. 60% ത്തിലധികം സ്ത്രീകൾ ഇപ്പോഴും നിരക്ഷരരാണ്. 0-4 വയസ്സായവരടക്കം സ്ത്രീകളുടെ നിരക്ഷരത 1961-ൽ 185 ദശലക്ഷം ആയിരുന്നത് 1971ൽ 214.7 ദശലക്ഷമായി വർദ്ധിച്ചു. 1981ൽ 241 ദശലക്ഷവും, 1988ൽ 252 ദശലക്ഷവുമായി. (ദേശീയ സർവ്വേ അടിസ്ഥാനമാക്കിയാണിത്) 1991 ലെ സെൻസസിൽ നിരക്ഷര വനിതകളുടെ എണ്ണം 59.15 ദശലക്ഷം കൂടി കൂടുമെന്നാണ് കണക്കു കൂട്ടുന്നത്.

ലിംഗവിവേചനം ഒരു തുടർക്കഥയാണ്. സ്ത്രീപുരുഷ സാക്ഷരത നോക്കിയാൽ 25% കുറവ് സ്ത്രീകൾക്കാണ്. പക്ഷെ കഴിഞ്ഞ മുപ്പതു വർഷങ്ങളുടെ കണക്കു നോക്കിയാൽ സ്ത്രീകളുടെ സാക്ഷരതയിലുള്ള വളർച്ചാനിരക്ക് (9.34) പുരുഷന്മാരുടെതിനേക്കാൾ (7.70) കൂടുതലാണ്. ഗ്രാമീണ, നാഗരിക, സാക്ഷരതയുടെ വ്യത്യാസം (സ്ത്രീയും പുരുഷനും തമ്മിൽ) 30% മായി വർഷങ്ങളായി തുടരുന്നു. ഗ്രാമീണ സ്ത്രീകളുടെ സാക്ഷരതാ നിരക്ക് 10 വർഷത്തിൽ 9% എന്ന തോതിൽ വർദ്ധിച്ചാൽ തന്നെ നാഗരിക പുരുഷ സാക്ഷരതയോടൊപ്പമെത്താൻ 50 കൊല്ലമെങ്കിലും പിടിക്കും. അതായത് 80% - 2000-ാം ആണ്ടോടെ പൂർണ്ണ സാക്ഷരത എന്ന ലക്ഷ്യം നിറവേറാൻ പോകുന്നില്ല. രാജസ്ഥാൻ, യു.പി., മദ്ധ്യപ്രദേശ്, ബീഹാർ എന്നിവിടങ്ങളിലെ പട്ടികജാതി, ഭൂരഹിത കർഷകതൊഴിലാളിയുടെ വീട്ടിലെ പെൺകുട്ടികളുടെ ഭാവി ഇരുണ്ടതാണ്.

1991ലെ സെൻസസ് പ്രകാരം ഗ്രാമീണ, നാഗരിക സ്ത്രീകളുടെ നിരക്ഷരതയിലുള്ള വ്യത്യാസം വർദ്ധിച്ചിട്ടുണ്ടെന്നത് ആശങ്കാജനകമാണ്. ഗ്രാമീണ സ്ത്രീകളുടെ നിരക്ഷരത ശതമാനം 69.7 ആണെങ്കിൽ നാഗരിക വനിതകളിൽ നിരക്ഷരത 36.11%, അതായത് 31 ശതമാനത്തിന്റെ വ്യത്യാസം.

പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ട സ്ത്രീകളുടെ നിരക്ഷരത 90 ശതമാനത്തിലധികമാണെന്നത് നിർഭാഗ്യകരമാണ്. 1981ലെ സെൻസസ് പ്രകാരം ഇവരുടെ സാക്ഷരത 7 ശതമാനമായിരുന്നു.

സ്ക്കൂൾ കാണാത്ത കുട്ടികളിൽ ഏറ്റവുമധികം കുട്ടികൾ പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ടവരാണ്. ഇവരുടെ കൊഴിഞ്ഞുപോകലും വളരെ അധികമാണ്. പട്ടികജാതിയിൽപ്പെട്ട സ്ത്രീയ്ക്ക് പലതരത്തിലുള്ള അതായത് സ്ത്രീയാണെന്നതൊന്ന്, പട്ടികജാതിയിലുള്ളതാണെന്ന്, ദരിദ്രയാണെന്നത് ഇങ്ങിനെ പല പ്രതികൂല സാഹചര്യങ്ങളാണ്. പട്ടികവർഗക്കാർക്കുള്ള വിദ്യാഭ്യാസ പരിപാടി അനൗപചാരിക വിദ്യാഭ്യാസമാണെന്നതുകൊണ്ട് സൗകര്യങ്ങളും നിലവാരവും താണ തരമായിരിക്കും.

സ്ക്കൂളിൽ നിന്ന് കൊഴിഞ്ഞുപോകുന്നവരടക്കം പുതു നിരക്ഷരർ വർദ്ധിച്ചു വരികയാണ്. നിരക്ഷരത (ആണിന്റെയും പെണ്ണിന്റെയും) പ്രത്യേകിച്ച് സ്ത്രീകളുടെ ഇല്ലാതാക്കണമെങ്കിൽ 14 വയസ്സുവരെ സൗജന്യ നിർബന്ധ വിദ്യാഭ്യാസ പദ്ധതി വിജയകരമായി നടപ്പാക്കണം.

1985ലെ കണക്കനുസരിച്ച് പ്രൈമറി വിദ്യാഭ്യാസമേഖലയിൽ 55%, അപ്പർ

പ്രൈമറി മേഖലയിൽ 75% ത്തിലധികം, സെക്കൻററി ഘട്ടത്തിൽ 85% കുട്ടികൾ ഒന്നുകിൽ പഠിച്ചില്ല, അല്ലെങ്കിൽ കൊഴിഞ്ഞുപോയവരാണ്. 1986-89ലെ ദേശീയ കമ്മീഷൻെറ കണക്കനുസരിച്ച് പ്രൈമറി സ്ക്കൂളിൽ കൊഴിഞ്ഞുപോകുന്ന പെൺകുട്ടികൾ 50% മാണ്. 1992-94ൽ 8-ാം പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ റിപ്പോർട്ടിൽ 6-14 വയസ്സ് പ്രായത്തിൽ കൊഴിഞ്ഞുപോകുന്നവരുടെ ശതമാനം 70 ആണ്. സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസത്തിന് മുൻഗണന വേണമെന്ന് 7-ാം പദ്ധതിയിൽ പുതിയ നയമായി അംഗീകരിച്ചതാണ്. 1990 ആകുമ്പോഴേയ്ക്കും അതു നടപ്പാക്കിക്കഴിയേണ്ടതായിരുന്നു. ഇനി 5 കോടി പുതിയ കുട്ടികളെ ചേർക്കേണ്ടതായാണിരിക്കുന്നത്. 1991-92 ഓടെ 2.53 കോടി കുട്ടികളെ സ്ക്കൂളുകളിൽ ചേർത്തു. അനൗപചാരിക മേഖലയിൽ .72 കോടി ചേർത്തെന്നുവെച്ചാലും ലക്ഷ്യത്തിലെത്താൻ സാധിച്ചിട്ടില്ല.

വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഇത്രയധികം സ്ത്രീപുരുഷ വ്യത്യാസം വരുന്നതിന് പ്രധാന കാരണം കുടുംബത്തിലും സമൂഹത്തിലും സ്ത്രീ വിദ്യാഭ്യാസത്തിൽ താൽപര്യമില്ലായ്മയാണെന്ന് അറിയാമെങ്കിലും നമ്മുടെ നയരൂപീകരണത്തിനുത്തരവാദികളായവർ വനിതാ സംഘടനകൾ ചൂണ്ടിക്കാട്ടിയ വിമർശനത്തെ ഉൾക്കൊള്ളേണ്ടതാണ്. ഇന്നത്തെ ജാതി, ലിംഗ, വർഗ, അധികാരം, പൈതൃകം നിലനിർത്തുന്നതരത്തിലാണ് വിദ്യാഭ്യാസ സമ്പ്രദായം, മാറ്റാനുള്ള ശ്രമമില്ല. സ്ത്രീകളുടെ പദവി മാറ്റുന്നതിന് വിദ്യാഭ്യാസം ഉപകരിയ്ക്കണമെങ്കിൽ ഇന്നുള്ള പുരുഷ, നഗരവാസി ഇടത്തരക്കാരായവർക്കനുകൂലമായ സമീപനം മാറണം. അടിയന്തിരമായും പാഠ്യവിഷയങ്ങൾ, പുസ്തകങ്ങൾ, അദ്ധ്യാപകരുടെ ട്രെയിനിംഗ്, സ്ക്കൂൾ നടത്തിപ്പ് എല്ലാം മാറണം.

സ്ത്രീ വിദ്യാഭ്യാസത്തിന് മറ്റൊരു തടസ്സം സി.എസ്.ഡബ്ളിയു. ചൂണ്ടിക്കാണിക്കുന്നത് പെൺകുട്ടികൾ വീടിനകത്തും പുറത്തും തൊഴിലെടുക്കാൻ നിർബന്ധിതരാകുന്നു. ദാരിദ്ര്യം, യാത്രാസൗകര്യം, ഹോസ്റ്റൽ സൗകര്യക്കുറവ്, സ്ക്കൂളുകളിലുള്ള പോരായ്മകൾ (ബോർഡ് മുതലായവ) കുടിവെള്ളവും മലമൂത്രവിസർജന സൗകര്യങ്ങളും ഇല്ലായ്മ എന്നിവയും തടസ്സമാകുന്നു.

വിദ്യാഭ്യാസത്തിനുള്ള പദ്ധതി വിഹിതം ക്രമേണ കുറഞ്ഞുവരുന്നു. 8-ാം പദ്ധതിയിൽ 3% മാത്രമായിരുന്നു. വനിതാസംഘടനകൾ സ്ക്കൂളിനടുത്ത് ശിശുക്ഷേമ കേന്ദ്രങ്ങൾ വേണമെന്ന് ആവശ്യപ്പെടുന്നത് നടക്കുന്നില്ല. അമ്മമാർ ജോലിയ്ക്കു പോകുമ്പോൾ പെൺകുട്ടി ഗൃഹഭരണം, ശിശുസംരക്ഷണം നടത്തുന്നത് സ്ക്കൂളിൽ പോകുന്നതിനേക്കാൾ ലാഭമായി അവർ കരുതുന്നു.

ഘടനാപരമായ ഇത്തരം തടസ്സങ്ങൾക്ക് ക്രഷേകൾ പ്രധാന പരിഹാരമാണ്. സ്ക്കൂൾ വിദ്യാഭ്യാസം മിക്ക സംസ്ഥാനങ്ങളിലും സൗജന്യമാക്കിയിട്ടുണ്ട്. ഉച്ചഭക്ഷണം, പുസ്തകം, യൂണിഫോം എന്നിവയും ചിലയിടത്ത് സൗജന്യമാണ്. പക്ഷെ സർക്കാർ പദ്ധതികൾ പലതും പാവപ്പെട്ടവർക്കു കിട്ടുന്നില്ല. സ്ത്രീ വിദ്യാഭ്യാസം വേണമെന്നംഗീകരിച്ചാലും വിദ്യാഭ്യാസത്തിനുള്ള മറ്റു ചിലവുകളും, പെൺകുട്ടികളെ വീട്ടിലും പുറത്തും തൊഴിലെടുപ്പിക്കുന്നതും പെൺകുട്ടികളെ സ്ക്കൂളിൽ നിന്ന് അകറ്റിനിർത്തുന്നു. പാവപ്പെട്ടവർക്ക് നടന്നെത്താവുന്ന സ്ക്കൂളുകളുടെ നിലവാരം

നന്നാവണം, ഭാവിയിൽ തൊഴിൽ സാദ്ധ്യതയുള്ള പാഠ്യരീതിയായിരിക്കണം നടപ്പാക്കുക. അവരുടെ പദവി കുറക്കുന്നതാവരുത്.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം 8-ാം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത് നടന്നില്ല. അതിനുള്ള തുക നീക്കിവെച്ചില്ല. മാത്രമല്ല പാവപ്പെട്ട കുട്ടികളെ ഉന്നതവിദ്യാഭ്യാസത്തിൽ നിന്ന് പിന്തിരിപ്പിക്കലായിരുന്നു ലക്ഷ്യം. ഇതൊരു തരംതാണ വിദ്യാഭ്യാസ പദ്ധതിയാക്കി മാറ്റി. സമ്പന്നർ ഇത്തരം സ്ക്കൂളുകളിൽ നിന്ന് മാറിനിന്നു.

രാജസ്ഥാനിൽ നിന്നുള്ള സി.എ.ജി. റിപ്പോർട്ട്, (ടൈംസ് ഓഫ് ഇന്ത്യ 10-10-1992) തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൻെറ ഒരു റിപ്പോർട്ട്, തയ്യാറാക്കിയതിൽ (അസംബ്ളിയിൽ വെച്ചത്) പറയുന്നത് 94-95 കാലത്ത് 25% കുട്ടികളെ ഈ പദ്ധതിയിൽ ചേർന്നുള്ളു. ഹയർ സെക്കൻഡറി സ്ക്കൂളുകളിൽ പോകുന്നതിന് പകരം ഒരു ജില്ലയിൽ ഒരു ശതമാനത്തിൽ കുറവ്, 21 ജില്ലകളിൽ 11/2 ശതമാനം, 7 ജില്ലകളിൽ 5 മുതൽ 10 ശതമാനം ഒരു ജില്ലയിൽ 10-15 ശതമാനം കുട്ടികളാണ് ചേർന്നത്. ഓരോ വിദ്യാർത്ഥിയ്ക്കും ചിലവാക്കാൻ തീരുമാനിച്ച 250-500 രൂപയ്ക്കു പകരം 12.19-23.19 ആണ് ചിലവാക്കിയത്. ഈ സ്ഥിതി രാജസ്ഥാൻെറ മാത്രമല്ല ദേശീയാടിസ്ഥാനത്തിൽ തന്നെ ഇതായിരുന്നു ഗതി.

തൊഴിൽ സാദ്ധ്യത വർദ്ധിപ്പിയ്ക്കാനും വിദ്യാഭ്യാസത്തിന് അവസരമുണ്ടാക്കാനും ആണ് ലക്ഷ്യമെങ്കിൽ ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസവും തൊഴിൽ അവസരങ്ങൾ വിപുലമാക്കുകയുമാണ് വേണ്ടത്. പക്ഷെ പാരമ്പര്യേതര തൊഴിലുകളിൽ സ്ത്രീകൾ വരുന്നതിനെതിരെ വിവേചനപരമായ സമീപനമാണ് ഭരണാധികാരികൾക്ക്.

വിദ്യാഭ്യാസത്തിലുള്ള വിടവു നികത്താൻ തുറന്ന അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ അർഹപ്പെട്ടവർക്കു ഉപയോഗപ്രദമല്ലെങ്കിൽ, അപ്രാപ്യമാണെങ്കിൽ ഫലമില്ല. ഇന്ന് 2.72 ലക്ഷം സർക്കാർ വക എൻ.എഫ്.ഇ. സ്ഥാപനങ്ങളും സന്നദ്ധസംഘടനകളുടെതായി 419 സ്ഥാപനങ്ങളുമുണ്ട്.

ഇവയിൽ പല പോരായ്മകളുമുണ്ട്. പലതും ഉപയോഗപ്രദമല്ല. മിക്കതിലും മോശമായ പഠിപ്പിക്കൽ. ഔപചാരിക വിദ്യാഭ്യാസത്തിന് പൂരകമായി ഇവയെ വളർത്തിയെടുക്കേണ്ടതാണെന്ന കാഴ്ചപ്പാട് ഇല്ല. പാവപ്പെട്ടവർക്ക് ഒരു താണതരം സ്ഥാപനം കൊടുത്ത് അവരുടെ പദവി (സ്ത്രീകളുടെ) താഴ്ത്താനെ സഹായിയ്ക്കുന്നുള്ളൂ.

എൻ.പി.ഇ. യുടെ നിർദ്ദേശാനുസാരം 29 സംസ്ഥാനങ്ങളിലായി 275 നവോദയ സ്ക്കൂളിലായി 1991-ൽ 64, 517 വിദ്യാർത്ഥികളെ ചേർത്തിട്ടുണ്ട്. ഈ സ്ക്കൂളുകൾ ഗ്രാമങ്ങളിലെ ഉയർന്ന വരുമാനക്കാരെയാണ് എടുക്കുന്നത്. ഇതിൻെറ ഉപയോഗം പാവപ്പെട്ട ഗ്രാമീണ, നാഗരിക കുട്ടികൾക്ക് അപ്രാപ്യമാണ്. പൊതുവിദ്യാഭ്യാസ ഫണ്ടിൽ നിന്ന് ഇതിന് ഉപയോഗിക്കുന്ന തുക കുറയുന്നു എന്നുമാത്രം.

അറിയപ്പെടുന്ന വിദ്യാഭ്യാസ വിദഗ്ധരുടെ അഭിപ്രായത്തിൽ ഈ പദ്ധതിയ്ക്കു വേണ്ടി മാറ്റിവെയ്ക്കുന്ന തുക സമൂഹത്തിന് ഭാരമാണ്, ഹാനികരമാണ്.

16295



വിദ്യാഭ്യാസ സബ്സിഡി കുറയ്ക്കുന്നതായ പുനസംഘടനയുടെ ഭാഗമായി പ്രാഥമിക വിദ്യാലയങ്ങളുടെ സ്വകാര്യവൽക്കരണവും നടക്കുന്നു എന്നത് ആശങ്കാജനകമാണ്, വിദ്യാഭ്യാസ ചിലവ് കൂടുന്നതാണ്, പെൺകുട്ടികളുടെ വിദ്യാഭ്യാസം നിരുത്സാഹപ്പെടുത്തുന്നതാണ്. വിദ്യാഭ്യാസ നിലവാരം താഴുക എന്ന ദൂരവ്യാപകഫലമായിരിക്കും ഉണ്ടാവുക. ഇതൊരു തെറ്റായ നയമാണ്.

ജില്ലകളിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള ഫണ്ട് ലോകബാങ്ക് നൽകുമെന്ന റിപ്പോർട്ട് പത്രങ്ങളിൽ വന്നു. അതെത്രയാണെന്നൊ എങ്ങിനെ ഉപയോഗിയ്ക്കുമെന്നോ അറിയില്ല. അദ്ധ്യാപകരെ പരിശീലിപ്പിക്കാനും പാഠപുസ്തകങ്ങൾക്കും മറ്റുമാണ് തുക എന്നു കേൾക്കുന്നുണ്ട്. പുതിയ സാമ്പത്തികതകർച്ച നേരിടാൻ പുതിയ തലമുറയെ തയ്യാറാക്കുന്നതിൻെറ പേരിൽ, അദ്ധ്യാപകരേയും വിദ്യാഭ്യാസ രീതിയേയും തന്നെ അട്ടിമറിക്കുമോ എന്നാണ് ഭയം.

PG Library & Research Center

**അഖിലേന്ത്യാ ജനാധിപത്യ മഹിളാഅസോസിയേഷൻ**

**സംസ്ഥാനക്കമ്മിറ്റി പ്രസിദ്ധീകരിക്കുന്നത്**

വില: 5 രൂപ

# അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ

## 4-ാം

## ദേശീയ സമ്മേളനം അംഗീകരിച്ച രേഖകൾ

305.420954

വില 5.00 രൂപ